കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ

ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം

ചൈൽഡ് റിസോഴ്സ് സെന്റർ (സി.ആർ.സി)
ത്രിദിന പരിശീലനം

പരിശീലന സഹായി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ






ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം

ചൈൽഡ് റിസോഴ്സ് സെൻറർ (സി.ആർ.സി)
ത്രിദിന പരിശീലനം

പരിശീലന സഹായി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ



ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം
തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം:
പരിശീലന സഹായി

ചീഫ് എഡിറ്റർ
ഡോ.ജോയ് ഇളമൺ
ഡയറക്ടർ ജനറൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എഡിറ്റർമാർ
ഡോ.കെ.പി.എൻ.അമൃത
അസിസ്റ്റന്റ് ഡയറക്ടർ, കില

ഡോ.മോനിഷ് ജോസ്
അസിസ്റ്റന്റ് പ്രൊഫസർ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കില

സുകന്യ. കെ.യു
കോർഡിനേറ്റർ, കില സെൻറർ ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് ഗോൾസ് ആന്റ് ലോക്കൽ ഗവർനൻസ്

തയ്യാറാക്കാൻ സഹായിച്ചവർ
ആൻ മരിയ അനിൽ
ദർശന വി രാധാകൃഷ്ണൻ
എൽസബത്ത് മിന്ന മാത്യൂസ്
ഹേമചന്ദ്രൻ ജെ
കാളിദാസൻ എം ജി
സജീവ് കെ ജി
പ്രേംജിത്ത് പി
കെ ബി മദൻ മോഹൻ
മനീഷ് എം നായർ
ഡോ അമൃതരാജ് ആർ എം
ആർ ഷൈനി
ഡോ സോണി പി
ദേവി പി ബാലൻ
അഡ്വ. ബിനെല്ല മേരി ജേക്കബ്
ഡാനിയൽ ലിബ്നി

കവർ ഡിസൈൻ ആന്റ് ലേഔട്ട്
രാജേഷ് താണിക്കുടം

അച്ചടി – കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് 9895566621


ഏപ്രിൽ, 2024

പ്രസിദ്ധീകരിച്ചത്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്ത്കാവ് പി.ഒ. തൃശ്ശൂർ – 680581
കേരളം, ഇന്ത്യ
ഇമെയിൽ: info@kila.ac.in വെബ്സൈറ്റ്: www.kila.ac.in



അവതാരിക



പ്രിയപ്പെട്ടവരേ,

കിലയും യൂണിസെഫും ചേർന്ന് നടത്തുന്ന "ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തനങ്ങളുടെ ശാക്തീകരണം" എന്ന പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കിയിട്ടുള്ള കൈപ്പുസ്തകത്തിന്റെ വായനാ – പഠന അനുഭവത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

എതൊരു സമൂഹത്തിന്റെ നിലനില്പിനും മുന്നോട്ട്പോക്കിനും അഭിവാജ്യ ഘടകമാണ് കുട്ടികൾ. സമൂഹത്തിന്റെ സർവ്വതല സ്പർശിയായ പുരോഗതിക്കും അഭിവൃദ്ധിക്കും മുതല്കൂട്ടാവേണ്ടത് നമ്മുടെ കുഞ്ഞുങ്ങളാണ് എന്നതിൽ തർക്കമില്ല. ബാലസൗഹൃദ പ്രവർത്തനങ്ങൾക്ക് രാജ്യാന്തര തലത്തിൽ പോലും മാതൃകയായിട്ടുള്ള നമ്മുടെ സംസ്ഥാനം കുട്ടികളുടെ അവകാശങ്ങളെ എല്ലാ അന്തസത്തയോട് കൂടിയും ഉയർത്തിപ്പിടിക്കാൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. വാർഡ് തലങ്ങളിലേക്ക് കൂടി കേരളം വ്യാപിപ്പിക്കാൻ ശ്രമിക്കുന്ന ബാലക്ഷേമ സംരക്ഷണ സമിതി കാര്യക്ഷമമായ നമ്മുടെ ഇടപെടലിന്റെ മറ്റൊരു മാതൃക കൂടിയാണ്.

കുട്ടികളുമായി ബന്ധപ്പെട്ട നിലവിൽ പ്രവർത്തിക്കുന്നതും, ഈ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളതുമായ വിവിധ സംവിധാനങ്ങളെ പറ്റി ഈ കൈപ്പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. അവയുടെ ഘടന, ചുമതലകൾ, പ്രവർത്തനരീതി തുടങ്ങിയവയെപ്പറ്റി വിശദമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയുമാണ് ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അധികാര വികേന്ദ്രീകരണത്തിലൂടെയും ജനകീയാസൂത്രണത്തിലൂടെയും ലോകത്തിനു തന്നെ മാതൃകയായ നമ്മുടെ സംസ്ഥാനം പൂർണമായി ബാലസൗഹൃദമാകേണ്ടത് അനിവാര്യമാണ്. കൈപ്പുസ്തകത്തിന്റെയും മറ്റ സഹായികളുടെയും സാധ്യതകളെ ഉപയോഗപ്പെടുത്തി ബാലസൗഹൃദ കേരളം എന്ന ലക്ഷ്യം നമുക്ക് നിറവേറ്റാൻ കഴിയണം. അതിനായി എല്ലാവിധ ആശംസകളും നേരുന്നു.

അതോടൊപ്പം തന്നെ പരിശീലനസഹായികൾ തയാറാകുന്ന വിവിധ ഘട്ടങ്ങളിൽ ഞങ്ങളോടൊപ്പം നിന്ന യൂണിസെഫിനും, ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഒപ്പം നിന്ന കിലയിലെ റിസോഴ്സ് പേഴ്സൺമാർക്കും മറ്റ സഹപ്രവർത്തകർക്കും എറ്റവും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

നമുക്ക് ഒന്നിച്ചു നിന്നുകൊണ്ട് ബാലസൗഹൃദ കേരളം സാധ്യമാക്കാം.

വിശ്വസ്തതയോടെ
ഡോ. ജോയ് ഇളമൺ
ഡയറക്ടർ ജനറൽ

ആമുഖം

സംസ്ഥാനത്തെ ബാലസൗഹൃദ തദ്ദേശ ഭരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കിലയും യൂണിസെഫും സംയുക്തമായി ഏറ്റെടുത്തു നടത്തുന്ന പ്രോജക്ടിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ മൊഡ്യൂളുകൾ തയാറാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ചൈൽഡ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുന്ന പ്രസ്തുത മൊഡ്യൂൾ.

സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുള്ള ഈ മൊഡ്യൂൾ തദ്ദേശഭരണ സ്ഥാപനത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവും ദിശാബോധവും പകരുന്നതിനു സഹായകമാകും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസൗഹൃദ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കുന്നതിനും അവയ്ക്ക് ഒരു അക്കാദമിക നേതൃത്വം നൽകുന്നതിനും ചൈൽഡ് റിസോഴ്സ് സെന്ററുകൾക്ക് കഴിയണം. അതിനായുള്ള വിവിധ പ്രവർത്തനങ്ങളെ പറ്റി മൊഡ്യൂൾ വിശദീകരിക്കുന്നു.

വിവിധ തലങ്ങളിലെ ചൈൽഡ് റിസോഴ്സ് സെന്ററുകൾക്ക് ത്രിദിന പരിശീലന പരിപാടികൾ നൽകുന്നതിലൂടെ അംഗങ്ങൾക്ക് സമഗ്രമായ ബാലസൗഹൃദ കാഴ്ചപ്പാടും വിവരങ്ങളും പകർന്ന് നൽകാൻ ശ്രദ്ധിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ നിന്ന് തുടങ്ങി ജില്ലാപഞ്ചായത്ത് CRC അംഗങ്ങൾ വരെയുള്ളവർക്ക് പരിശീലന നല്കാൻ ഈ മോഡ്യൂളിലൂടെ ഉദ്ദേശിക്കുന്നു.

സെന്ററിന്റെ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കുന്നതിനു സഹായകമാകുന്ന രീതിയിലാണ് വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ, ബാലസൗഹൃദം എന്ന ആശയം, സുസ്ഥിരവികസന ലക്ഷ്യങ്ങളും കുട്ടികളും, ജൻഡറും ബാലസൗഹൃദവും, കുട്ടികളുടെ അവകാശങ്ങൾ, കുട്ടികളുടെ മനഃശാസ്ത്രം തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകും. ഇത് കൂടാതെ സെന്ററിന്റെ ചുമതലകളും, ഉത്തരവാദിത്തങ്ങളും, ഇന്റഗ്രേഷൻ സാദ്ധ്യതകൾ, മോണിറ്ററിങ് -വിലയിരുത്തൽ ഡോക്യുമെന്റേഷന് തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്യുന്നു. ഇത്തരത്തിൽ സമഗ്രമായ ത്രിദിന പരിശീലനമാണ് സംഘടിപ്പിക്കുന്നത്.

ബാലസൗഹൃദകേരളം എന്ന വലിയ ലക്ഷ്യത്തിലേക്ക് നടന്നെത്താൻ നമ്മുടെ പ്രാദേശിക സർക്കാരുകൾക്കും ചൈൽഡ് റിസോഴ്സ് സെന്ററിനും സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു.

ഉള്ളടക്കം

1	ആമുഖം	9
2	കാര്യപരിപാടി	
3	സെഷൻ – 1: കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ	11
4	സെഷൻ – 2: ബാലസൗഹൃദ സംസ്ഥാനം	13
5	സെഷൻ – 3: സുസ്ഥിര വികസന ലക്ഷ്യങ്ങളും (SDG) ബാലസൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും	16
6	സെഷൻ – 4: ജെൻഡറും ബാലസൗഹൃദവും	21
7	സെഷൻ – 5: കുട്ടികളുടെ അവകാശങ്ങൾ	31
8	സെഷൻ – 6: കുട്ടികളുടെ മനഃശാസ്ത്രം	44
9	സെഷൻ – 7: ചൈൽഡ് അഡ്വൈസറി ബോർഡ് (CAB)	53
10	സെഷൻ –8: ചൈൽഡ് വെൽഫയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി (CWPC)	54
11	സെഷൻ – 9: ബാലാവകാശ സംരക്ഷണ നിയമങ്ങൾ	58
12	സെഷൻ – 10: ബാലസൗഹൃദ സമഗ്ര പദ്ധതി	84
13	സെക്ഷൻ – 11: ബാലസൗഹൃദ ജില്ലാ പ്ലാൻ	87
14	സെഷൻ – 12: ചൈൽഡ് റിസോഴ്സ് സെന്ററിന്റെ (CRC) ഉത്തരവാദിത്തങ്ങൾ	105
15	സെഷൻ – 13: ഇന്റഗ്രേഷൻ സാധ്യതകൾ	108
16	സെഷൻ – 14: വിലയിരുത്തൽ, മോണിറ്ററിംഗ്	112
17	സെഷൻ – 15: ഡോക്യുമെന്റേഷൻ	114



ചൈൽഡ് റിസോഴ്സ് സെൻറർ (സി.ആർ.സി)
ത്രിദിന പരിശീലനം

ആമുഖം

ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ബ്ലോക്ക് പഞ്ചായത്തിലും രൂപം നൽകുന്ന ചൈൽഡ് റിസോഴ്സ് സെന്ററിലെ അംഗങ്ങൾക്ക് ത്രിദിന പരിശീലനം നൽകുന്നതിനാണ് ഈ മോഡ്യൂൾ. ഇതിൽ ആദ്യത്തെ പരിശീലനം ഗ്രാമപഞ്ചായത്തുകൾക്കും, രണ്ടാമത്തേത് മുനിസിപ്പാലിറ്റികൾക്കും, മൂന്നാമത്തേത് കോർപ്പറേഷനുകൾക്കും, നാലാമത് ബ്ലോക്ക് പഞ്ചായത്തുകൾക്കും, തുടർന്ന് ജില്ലാ പഞ്ചായത്തുകൾക്കും നൽകും.

കോർപ്പറേഷനുകൾക്കും ജില്ലകൾക്കും സംസ്ഥാനതലത്തിലും ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലയിൽ നാല് റീജിയണലായി റീജിയണൽ തലത്തിലും മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയ്ക്ക് ജില്ലാതലത്തിലും പരിശീലനങ്ങൾ സംഘടിപ്പിക്കും.

ഈ പരിശീലനത്തിന്റെ ലക്ഷ്യം

- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ചൈൽഡ് റിസോഴ്സ് സെൻററുകൾക്ക്, ബാലസൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കുന്നതിന് വേണ്ട അക്കാദമിക് നേതൃത്വം നൽകാനുള്ള പ്രാപ്തി ഉണ്ടാക്കുക.
- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും സി.ആർ.സി കളെ ഗ്രൂപ്പാക്കി മാറ്റുക
- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന അക്കാദമിക് സ്ഥാപനമായി വളർന്നു വരാൻ സി.ആർ.സി കളെ പ്രാപ്തമാക്കുക.

ഈ പരിശീലനത്തിൽ ഉൾപ്പെടുന്ന വിഷയങ്ങൾ

- കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ
- ബാലസൗഹൃദം എന്ന ആശയം
- എസ്ഡിജി ബാലസൗഹൃദ വില്ലേജ് – ഡാഷ് ബോർഡ് – സൂചകങ്ങൾ
- ജെൻഡറും ബാലസൗഹൃദവും
- കുട്ടികളുടെ അവകാശങ്ങൾ
- കുട്ടികളുടെ മനശ്ശാസ്ത്രം
- ചൈൽഡ് അഡൈസറി ബോർഡ്
- ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി
- കുട്ടികളുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങൾ
- ബാല സൗഹൃദ സമഗ്ര പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രക്രിയ
- ബാലസൗഹൃദ ജില്ലാ പ്ലാനിന്റെ ഉപയോഗം
- ചൈൽഡ് റിസോഴ്സ് സെൻറർ ഉത്തരവാദിത്വങ്ങൾ
- ഇന്റഗ്രേഷൻ
- വിലയിരുത്തൽ മോണിറ്ററിംഗ്
- ഡോക്യുമെന്റേഷൻ



സെഷൻ–1

കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. ലക്ഷ്യം :
   - കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പരസ്പര ധാരണ ഉണ്ടാക്കുക.
   - പരിശീലനാർത്ഥികൾക്കിടയിൽ കൂട്ടായ്മ ഉണ്ടാക്കുക.
   - തുടർപ്രവർത്തനത്തിനും തുടർന്നുള്ള പരിശീലനത്തിനും സഹായകമായ അടിത്തറ ഉണ്ടാക്കുക.
2. സമയം : 90 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1.	ആശയം	10	പൊതു അവതരണം	ചാർട്ട് പേപ്പർ
2.	ഗ്രൂപ്പായി തിരിയൽ	10	ഗ്രൂപ്പ് വർക്ക്	ചാർട്ട് പേപ്പർ
3.	എഴുതി തയ്യാറാക്കി പ്രദർശിപ്പിക്കൽ	10	ഗ്രൂപ്പിൽ, പ്ലീനറിയിൽ	ചാർട്ട് പേപ്പർ

കുറിപ്പ്

പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരേയും തുല്യ മിക്സഡ് ഗ്രൂപ്പായി തിരിക്കണം (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും വന്നവർ ഉൾപ്പെടുന്ന തരത്തിൽ), എണ്ണമെടുത്ത് തിരിച്ചാൽ മതിയാവും, ഒര് ഗ്രൂപ്പിൽ 15 പേരിൽ കൂടിപ്പോകരുത്. ഗ്രൂപ്പായി തിരിയുന്നതിന് മുന്നേ ഗ്രൂപ്പിൽ ചെയ്യേണ്ട കാര്യങ്ങൾ, എങ്ങനെ ഗ്രൂപ്പ് തിരക്കണം, ഈ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത് എന്നീ കാര്യങ്ങൾ പറയണം. ഗ്രൂപ്പിൽ ചെയ്യേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.



1. തമ്മിൽ വിശദമായി പരിചയപ്പെടണം. കൂടെ ആരൊക്കെ വന്നു എന്നും പരിചയപ്പെടുത്തണം. ഇടവേളകളിൽ അവരെ പരിചയപ്പെടുത്തി തരാം എന്ന് പരസ്പരം പറയണം

2. ഓരോരുത്തരുടേയും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, കാരണങ്ങൾ അവതരിപ്പിച്ച് ലിസ്റ്റ് ചെയ്യണം

3. എല്ലാവരും ലിസ്റ്റ് അവരവരുടെ റൈറ്റിംഗ് പാഡിൽ രേഖപ്പെടുത്താൻ പറയണം, പ്ലീനറിയിൽ ഓരോ ഗ്രൂപ്പിൽ നിന്നും ആരാണ് അവതരിപ്പിക്കേണ്ടത് എന്നത് ആ സമയത്ത് ഫെസിലിറ്റേറ്റർ ക്ഷണിക്കണം. അതിനായി ഒരു ഗ്രൂപ്പിലെ എല്ലാവരും തയ്യാറായിരിക്കണം.

   ചർച്ചയ്ക്ക് 40 മിനിറ്റും അവതരണത്തിന് 35 മിനിറ്റും ക്രോഡീകരണത്തിന് 5 മിനിറ്റും അനുവദിക്കുക



സെഷൻ-2

ബാലസൗഹൃദ സംസ്ഥാനം

1. ലക്ഷ്യം :
   - ബാലസൗഹൃദം എന്ന ആശയം ബോദ്ധ്യപ്പെടുത്തുക.
   - ബാലസൗഹൃദ സംസ്ഥാനം എന്ന ആശയത്തിലേക്ക് എത്താനുള്ള കാരണം ബോദ്ധ്യപ്പെടുത്തുക.
   - ബാലസൗഹൃദ സംസ്ഥാനം എന്ന ആശയം എന്ത്? എങ്ങനെ എന്ന് ബോദ്ധ്യപ്പെടുത്തണം.
2. സമയം : 40 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ബാലസൗഹൃദം എന്ന ആശയം	5	അവതരണം	പിപിടി
2	ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ	10	അവതരണം	പിപിടി
3	എന്താണ് ബാലസൗഹൃദ സംസ്ഥാനം	25	അവതരണം	പിപിടി

കുറിപ്പ്

കുട്ടികളുടെ ക്ഷേമവും വികസനവും അവകാശങ്ങൾക്കും മുൻഗണന നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ചുറ്റുപാടുകളും, നയങ്ങളും, സംവിധാനങ്ങളും, സമ്പ്രദായങ്ങൾ കുട്ടികളുടെ ഉത്തമ താല്പര്യങ്ങൾ മുൻനിർത്തി രൂപീകരിക്കുന്നതിനെ ബാലസൗഹൃദം എന്ന് നിർവചിക്കാം.

ഐക്യരാഷ്ട്ര സഭയുടെ 1989- ലെ കുട്ടികളുടെ അവകാശ ഉടമ്പടിയാണ് ബാലാവകാശത്തെ സംബന്ധിച്ച ആധികാരികമായ രേഖ. അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ നാലു അവകാശങ്ങളിലൂടെയാണ് ബാലാവകാശങ്ങളെ ഈ ഉടമ്പടി



നിർവചിച്ചിരിക്കുന്നത്. ഇതിൽ സ്പഷ്ടമാക്കിയിരിക്കുന്ന 4 പൊതു തത്വങ്ങളാണ് ആഗോളതലത്തിൽ ബാലസൗഹൃദം എന്ന ആശയത്തെ മുന്നോട്ടു നയിക്കുന്നത്. ബാലസൗഹൃദം എന്ന ആശയത്തെ മനസിലാക്കുവാൻ ശ്രമിക്കുന്ന ഓരോ വ്യക്തിയും ഈ നാലു തത്വങ്ങൾ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമാക്കണം.


ഇവയുടെ അടിസ്ഥാനത്തിൽ ബാലസൗഹൃദം എന്ന ആശയത്തിന്റെ കുറിപ്പ് തയ്യാറാക്കി പരിശീലനാർഥികൾക്ക് മുൻപിൽ വായിച്ചു കേൾപ്പിക്കാം. ചർച്ചചെയ്ത് ബാലസൗഹൃദ സമഗ്ര പദ്ധതിക്ക് ആശയരൂപീകരണം നടത്താം.

ഇത്തരത്തിൽ വിവിധ തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഏകോപിപ്പിച്ച് വലിയ ഒരു റിസൾട്ട് ഉണ്ടാക്കുന്നതിന് കഴിയും. അതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സമഗ്ര പദ്ധതികൾ ഉണ്ടാവണം. അത് എല്ലാവരും ചേർന്ന് കൂട്ടായി ജനകീയമായി തയ്യാറാക്കണം. ബാലസൗഹൃദ തദ്ദേശ സ്വയംഭരണത്തിൽ നിന്നും ബാലസൗഹൃദ സംസ്ഥാനത്തിലേക്ക് എത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എടുക്കേണ്ട സമീപനം എന്നിവയും വ്യക്തമാക്കണം.




ബാല സൗഹൃദ
സംസ്ഥാനം
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION


• ബാല സൗഹൃദ സംസ്ഥാനം എന്ന ആശയം രൂപപ്പെട്ടത്
• നടത്തിയ വിവിധ യോഗങ്ങളുടെ അടിസ്ഥാനത്തിൽ
• പങ്കെടുത്തവർ - അനുഭവങ്ങൾ


• കുട്ടികളുടെ ക്ഷേമത്തിനും അവകാശങ്ങൾക്കും മുൻഗണന നൽകുന്നതാകണം
• അത് നടപ്പാക്കുന്നതിന് ചുറ്റുപാടുകളും സംവിധാനങ്ങളും സ്ഥാപനങ്ങളും സമ്പ്രദായങ്ങളും കുടുംബവും സമൂഹവും ബാലകേന്ദ്രീകൃതമായി മാറുമ്പോഴാണ് ബാലസൗഹൃദമാകുന്നത്


• വിവേചനം ഒഴിവാക്കാൻ കഴിയണം
• കുട്ടികളുടെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയണം
• കുട്ടികളിൽ അതിജീവനവും വികസനവും ഉറപ്പുവരുത്തുന്നതാവണം
• കുട്ടികൾക്ക് പങ്കാളിത്തം ഉള്ളതും അവരുടെ കാഴ്ചപ്പാടുകൾ മാനിക്കുന്നതും ആവണം


പ്രവർത്തന സമീപനം
• ബാലകേന്ദ്രീകൃത സമീപനം ആയിരിക്കണം
• സുതാര്യത ഉറപ്പുവരുത്തുന്നത് ആയിരിക്കണം
• സംയോജന സാധ്യത ഉറപ്പുവരുത്താൻ കഴിയണ
• എല്ലാ വിഭാഗത്തിലുള്ളവരെയും സ്ഥാപനങ്ങളെ വകുപ്പുകളും കുട്ടികളെയും കൂട്ടിയുള്ളതായിരിക്കണം
• തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാവരും കൂട്ടിച്ചേർന്ന് ബാലസൗഹൃദ സമഗ്ര പദ്ധതികൾക്ക് രൂപം നൽകണം


നന്ദി

സെഷൻ–3

സുസ്ഥിര വികസന ലക്ഷ്യങ്ങളും (SDG) ബാലസൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

1. ലക്ഷ്യം :
   - എന്താണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) എന്ന് ബോധ്യപ്പെടുത്തുക
   - 10 തീമുകൾ പരിചയപ്പെടുത്തുക
   - സൂചകങ്ങൾ പരിചയപ്പെടുത്തുക
   - ടാർജറ്റ് എന്തിനാണ് എന്ന് ബോധ്യപ്പെടുത്തുക
   - സുസ്ഥിരത ഉറപ്പുവരുത്താനുള്ള ഘടകങ്ങൾ പരിചയപ്പെടുത്തുക
2. സമയം : 60 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉപവിഷയങ്ങൾ	സമയം	രീതി	ഉപാധി
1.	എസ്.ഡി.ജി	15	അവതരണം	പിപിടി
2.	10 തീമുകൾ	15	അവതരണം	പിപിടി
3.	സൂചകങ്ങൾ	50	അവതരണം	പിപിടി
4.	ടാർജറ്റ് എന്ത് എന്തിന്	10	അവതരണം	പിപിടി
5.	സുസ്ഥിരത	15	അവതരണം	പിപിടി
6	ബാലസൗഹൃദവും ബന്ധപ്പെട്ട മറ്റു തീമുകളും	10	അവതരണം	പിപിടി
4	സംശയനിവാരണം	5		

കുറിപ്പ്

സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്താണ്. എത്ര ഗോളുകളാണ് എന്ന് പരിചയപ്പെടുത്തണം. അതിന്റെ അടിസ്ഥാനത്തിലുള്ള 10 തീമുകൾ ഏതൊക്കെ എന്ന് പരിചയപ്പെടുത്തണം. കൂടാതെ അതിൽപ്പെടുന്ന ബാലസൗഹൃദ തീം പ്രത്യേകിച്ച് വിശദമായി പരിചയപ്പെടുത്തണം. തുടർന്ന് ബാലസൗഹൃദ സൂചകങ്ങളുടെ കുറിപ്പ് കൊടുത്ത ശേഷം വീണ്ടും മൂന്നു ഗ്രൂപ്പായി പരിശീലനാർത്ഥികളെ തിരിക്കണം. റീഡിംഗ് മെറ്റീരിയൽ ഒരു ഗ്രൂപ്പിൽ ഒന്ന് വെച്ച്



നൽകിയാൽ മതി. ഒരു ഗ്രൂപ്പിൽ 15 പേരിൽ കൂടരുത്. സൂചകങ്ങൾ വായിച്ച് ചർച്ച ചെയ്യണം. കൂടാതെ കൂടുതൽ സൂചകങ്ങൾ കണ്ടെത്താൻ കഴിയുമെങ്കിൽ നിർദ്ദേശിക്കാനും ആവശ്യപ്പെടാം. കണ്ടെത്താനുള്ള മാർഗ്ഗവും ചർച്ച ചെയ്യാം. ഗ്രൂപ്പിന്റെ അവതരണത്തിൽ രണ്ടു കാര്യങ്ങൾ പറഞ്ഞാൽ മതിയാവും. ഒന്ന് സംശയങ്ങൾ, രണ്ടു കൂട്ടിച്ചേർക്കൽ. തുടർന്ന് സുസ്ഥിരത ഉറപ്പുവരുത്താൻ എന്തൊക്കെ ശ്രദ്ധിക്കണം എന്ന കാര്യം വ്യക്തമാക്കണം. അതിനുശേഷം ബാലസൗഹൃദം ഉറപ്പുവരുത്തണമെങ്കിൽ ബന്ധപ്പെട്ട മറ്റ് എന്തൊക്കെ തീമുകൾ പരിഗണിക്കണം എന്ന് വിശദമാക്കണം. തുടർന്ന് സംശയനിവാരണത്തോടെ സുസ്ഥിര വികസന ലക്ഷ്യങ്ങളാണ് ഇതിൻറെ അടിസ്ഥാനമായ ഘടകം എന്ന് ഉറപ്പിച്ചു വേണം ഈ സെഷൻ അവസാനിപ്പിക്കാൻ.




എസ്.ഡി.ജി യും ബാലസൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും
KERALA INSTITUTE OF LOCAL ADMINISTRATION


SUSTAINABLE DEVELOPMENT GOALS
17 GOALS TO TRANSFORM OUR WORLD


17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ
1. ദാരിദ്ര്യം ഇല്ലാതാക്കുക
2. ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കുക
3. ആരോഗ്യപൂർണ്ണമായ ജീവിതം ഉറപ്പ് വരുത്തുക
4. വിദ്യാഭ്യാസം- ഗുണമേന്മയും ഗുണപരതയും
5. ലിംഗതുല്യത കൈവരിക്കുക
6. സുസ്ഥിര ജലപരിപാലനവും എല്ലാവർക്കും ശുചിത്വവും
7. ആധുനിക ഊർജ്ജം
8. എല്ലാവർക്കും മാന്യമായ തൊഴിൽ


9. പശ്ചാത്തല സൗകര്യങ്ങൾ
10. അസമത്വം കുറയ്ക്കുക
11. സുസ്ഥിരവും സുരക്ഷിതവുമായ പാർപ്പിടം
12. സുസ്ഥിര ഉപഭോഗം
13. കാലാവസ്ഥാ വ്യതിയാനം നേരിടുക.
14. കടൽ വിഭവങ്ങൾക്കുള്ള സംരക്ഷണം
15. ഭൗമവ്യൂഹത്തിന്റെ സംരക്ഷണം
16. ഉത്തരവാദിത്തപൂർണ്ണവും ഫലപ്രദവുമായ സ്ഥാപനങ്ങൾ
17. ആഗോള പങ്കാളിത്തം



പത്ത് തീമുകൾ
1. ദാരിദ്ര്യരഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം/നഗരം
2. ആരോഗ്യ ഗ്രാമം/നഗരം
3. ബാലസൗഹൃദ ഗ്രാമം/നഗരം
4. ജലസമൃദ്ധ ഗ്രാമം/നഗരം
5. ശുചിത്വവും ഹരിതാഭവുമായ ഗ്രാമം/നഗരം


പത്ത് തീമുകൾ
6. സാമൂഹിക സുരക്ഷിത ഗ്രാമം/നഗരം
7. സദ്ഭരണം
8. സ്വയംപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഗ്രാമം/നഗരം
9. ലിംഗസമത്വ വികസനം
10. ഗുണമേന്മയുള്ള വിദ്യാഭ്യാസം




ലക്ഷ്യം :
ഒരു വികസന സ്വപ്നം


ടാർജറ്റുകൾ
സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിതകാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്
ഹ്രസ്വകാലം, മധ്യകാലം, ദീർഘകാലം എന്നിങ്ങനെ നിശ്ചയിക്കാം
ചുരുങ്ങിയ ദൈർഘ്യത്തിലും തീരുമാനിക്കാം, 6 മാസം, ഒരു വർഷം എന്നിങ്ങനെ
ഒരു ടാർജറ്റിൽ തന്നെ ഉപടാർജറ്റുകളും നിശ്ചയിക്കാം


സൂചകങ്ങൾ
സൂചകം - സ്ഥിതി മനസ്സിലാക്കാനുള്ള അളവ് കോലാണ്
വിവരവിശകലനത്തിന് ഉപയോഗിക്കാം
ടാർജറ്റുകൾ നിശ്ചയിക്കാൻ ഉപയോഗിക്കാം
ദേശീയതലത്തിൽ സൂചകങ്ങൾ ഉണ്ട്
പ്രാദേശിക സൂചകങ്ങളും വികസിപ്പിച്ചിട്ടുണ്ട്
കൂടുതൽ സൂചകങ്ങൾ കണ്ടെത്താം
അവ നമുക്ക് പരിചയപ്പെടാം


സുസ്ഥിരത
ലക്ഷ്യം ഉറപ്പ് വരുത്തേണ്ടതാവണം
നിലനിൽക്കുന്നതാവണം
ഇടർച്ച ഉണ്ടാവണം
മാറ്റം/ഫലം ഉറപ്പ് വരുത്തണം
സമയബന്ധിതമായി പൂർത്തിയാക്കുന്നതാവണം
അളക്കാൻ കഴിയുന്നതാവണം


ബാലസൗഹൃദവും മറ്റു തീമുകളും
ദാരിദ്രരഹിത ഗ്രാമം
വിശപ്പ് രഹിത ഗ്രാമം
ആരോഗ്യ ഗ്രാമം
ജലസമൃദ്ധ ഗ്രാമം
ഫലപ്രദമായ അടിസ്ഥാന സൗകര്യ ഗ്രാമം
സദ്ഭരണ ഗ്രാമം
ശുചിത്വവും ഹരിതാഭവുമായ ഗ്രാമം


സമഗ്ര ബാലസൗഹൃദ പദ്ധതി
ഇത്തരത്തിൽ കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി സൂചകങ്ങളുടെ ടാർജറ്റിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതല സമഗ്ര ബാലസൗഹൃദ പദ്ധതിക്ക് രൂപം നൽകണം




പ്രദേശിക സൂചകങ്ങൾ (LIF)- 127
പോഷകാഹാരസുരക്ഷ
ശിശു ആരോഗ്യവും ക്ഷേമവും
ഗുണനിലവാരമുള്ള വിദ്യാഭ്യാസം
പെൺകുട്ടികൾ
വെള്ളവും ശുചിത്വവും
ശിശു സംരക്ഷണം, സാമൂഹിക ഉൾപ്പെടുത്തൽ
പങ്കാളിത്തം


PDI സൂചകങ്ങൾ - 84
കുട്ടികളുടെ അവകാശങ്ങൾ
അതിജീവനം- 16
സംരക്ഷണം- 13
വികസനം-45
പങ്കാളിത്തം-8
ഗ്രാമ പഞ്ചായത്ത് സൂചകങ്ങൾ- 2 (Additional)


നന്ദി



സെഷൻ-4

ജെൻഡറും ബാലസൗഹൃദവും

1. ലക്ഷ്യം :

   - കുട്ടികളുടെ വികസനം സംരക്ഷണം പങ്കാളിത്തം എന്നീവ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനത്തിൽ ജെൻഡർ കാഴ്ച്ചപ്പാടോടെയുള്ള സമീപനം ഉണ്ടാകുക അതിനായി CWPC, CRC അംഗങ്ങളെ പ്രാപ്തരാക്കുക
   - ബാലസൗഹൃദ പ്രവർത്തങ്ങൾ ലിംഗ സമത്വത്തിലൂന്നിയാതാകുക.
   - ബാലസൗഹൃദ പ്രവർത്തനങ്ങളിലൂടെ ലിംഗസമത്വത്തിലേക്ക് നയിക്കുക

2. സമയം : 90 മിനിറ്റ്

3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ജെൻഡർ ആശയങ്ങൾ ജെൻഡർ സാമൂഹികവത്ക്കരണം	20	അവതരണം	പിപിടി
2	ബാല്യം -ജെൻഡർ സാമൂഹിക-സാമ്പത്തിക പിന്നോക്ക വിഭാഗങ്ങൾ, ഭിന്നശേഷി- ഇന്റർസെക്ഷനാലിറ്റി	10	അവതരണം	പിപിടി
3	ഇടപെടൽ മേഖലകൾ	20	അവതരണം	പിപിടി
4	ജാഗ്രതാസമിതി- ജെൻഡർ റിസോർഴ്സ് സെൻറർ ജെൻഡർ ഡെസ്ക്	15	അവതരണം	പിപിടി
5	ബാലസൗഹൃദ സമഗ്രപദ്ധതി തയ്യാറക്കുമ്പോൾ ജെൻഡറുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	10	അവതരണം	പിപിടി



6	CRC, CWPC യുടെ പ്രവർത്തനങ്ങളിൽ ജെൻഡറുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	10	അവതരണം	പിപിടി
7	സംശയനിവാരണം	5	ഇന്ററാക്ഷൻ	പിപിടി

അവതരണ കുറിപ്പ്:

- ജെൻഡർ ആശയം വ്യക്തമാക്കുക. വിവിധ ജെൻഡർ സ്വതങ്ങൾ ഏതൊക്കെയാണെന് വിശദീകരിക്കാം.
- ജെൻഡർ സാമൂഹികവത്ക്കരണം എന്താണ്, വിവിധ സാമൂഹിക സ്ഥാപനങ്ങളുടെ പങ്ക്. ജെൻഡർ റോളുകൾ, ലിംഗപദവി തൊഴിൽ വിഭജനം എന്നിവയുടെ പ്രശ്നനങ്ങൾ വ്യക്തമാക്കാം.
- കുട്ടികളുടെ സംരക്ഷണം, വികസനം, അവകാശം എന്നിവയെ ലക്ഷ്യം വെച്ചുള്ള പ്രവർത്തനത്തിൽ എങ്ങനെയാണ് ജെൻഡർ ഐഡന്റിറ്റി വ്യക്തികളുടെ പിന്നോക്കാവസ്ഥക്ക് കാരണമാകുന്നത് എന്ന് മനസിലാക്കേണ്ടതുണ്ട്.

സമീപനം

- കുട്ടികളുടെ വികസനം സംരക്ഷണം പങ്കാളിത്തം എന്നീ തീമുകളിലുള്ള പ്രവർത്തനത്തിൽ ജെൻഡർ കാഴ്ചപ്പാടോടെയുള്ള പ്രവർത്തനങ്ങൾ ആണ് വേണ്ടത്.
- കുട്ടികളുടെ വളർച്ച സംരക്ഷണം എന്നിവ ഒരു സമൂഹത്തിന്റെയും സർക്കാറിന്റെയോ കുടുംബത്തിന്റെയോ ഉത്തരവാദിത്വമാണ്. കുട്ടി, സ്ത്രീയുടെ ഉത്തരവാദിത്വം എന്ന ജെൻഡർ വാർപ്പ് മാതൃകയിൽ (gender stereotyping) നിന്നും മാറി തുല്യ ഉത്തരവാദിത്വം(equal parenting) എന്ന ആശയം ഉൾകൊണ്ടുള്ള പ്രവർത്തന രീതികളാണ് ഉണ്ടാക്കേണ്ടത്.
- കുട്ടി എന്നത് സാമൂഹിക ഏജന്റ്(social agent) ആണ്. നിഷ്ക്രിയർ അല്ല സാമൂഹിക മാറ്റത്തിനു വേണ്ട ആക്ടീവ് ഏജന്റ് ആണ് കുട്ടികൾ.
- കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ സ്ത്രീകളാണ് പ്രവർത്തിച്ചു കാണാറുള്ളത്. കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവും വികസനവുമായ ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പുരുഷന്മാരുടെ റോൾ ഉണ്ടാകേണ്ടതുണ്ട്.



ബാല്യം –ജെൻഡർ

ബാല്യം –ബഹുസ്വരമാണ്, വൈവിദ്ധ്യമുള്ളതാണ്(multiple and diverse).

ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ എന്തൊക്കെയാണ്? അവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണ്? എങ്ങനെ കണ്ടെത്താം? ഭിന്നശേഷി പെൺകുട്ടികളുടെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്, അവരുടെ ആവശ്യങ്ങൾ അവരിൽനിന്ന് തന്നെ അറിയേണ്ടതില്ലേ?

ഭൂപ്രകൃതി വ്യത്യാസങ്ങൾക്കനുസരിച്ച കുട്ടികളുടെ ജീവിത രീതികൾ മാറുന്നു, ആവശ്യങ്ങൾ വ്യത്യസ്തമാണ്. ടൈബൽ മേഖലയിലെ കുട്ടികൾക്കുള്ള എന്തൊക്കെ പ്രൊജക്ടുകൾ, പരിപാടികളാണ് നിലവിൽ ഉള്ളത്? ഇത്തരത്തിലുള്ള ടൈബൽ മേഖലയിലെ പരിപാടികൾ വ്യത്യസ്തമാകേണ്ടത് എന്തുകൊണ്ടാണ്?

മത്സ്യ തൊഴിലാളി മേഖലയിൽ കുട്ടികളുടെ, പ്രത്യേകിച്ചും പെൺകുട്ടികളുടെ ജീവിതസാഹചര്യങ്ങൾ, പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ഈ വിവിധ വിഭാഗങ്ങളിലുള്ള പെൺകുട്ടികൾ പ്രകൃതി ദുരന്തങ്ങളിൽ (വെള്ളപൊക്കം, ഉരുൾ പൊട്ടൽ, വരൾച്ച, പകർച്ചവ്യാധികൾ) നിന്ന് എങ്ങനെ സംരക്ഷിക്കണമെന്ന് പദ്ധതി, നയം ഉണ്ടാവേണ്ടതില്ല?

സുരക്ഷിതമായ സാമൂഹിക ജീവിത സാഹചര്യങ്ങൾ ഇല്ലാത്തവർ (അതിദരിദ്രർ, അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ) അതിക്രമങ്ങൾക്കും, ലൈംഗിക പീഡനങ്ങൾക്കും ഇരയാവാതിരിക്കാനുള്ള പ്രത്യേക ശ്രദ്ധ, പ്രാദേശിക ശ്രദ്ധ പുലർത്താൻ ജാഗരൂകരാകേണ്ടതുണ്ട്. ഇതിനായി എന്തൊക്കെ സംവിധാനങ്ങളെ നമുക്ക് ഉപയോഗിക്കാൻ കഴിയും?

സാമൂഹിക– സാമ്പത്തിക പ്രശ്നങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തം , കൂടുതൽ ബാധിക്കുന്നത് കുട്ടികളെയാണ്. പെൺകുട്ടികൾക്കു മേലുള്ള നിയന്ത്രണം ദുർബലതയുടെ ആഘാതം കൂട്ടുന്നു.

ഏതൊക്കെ മേഖലകളിൽ ഇടപെടലുകൾ നടത്താം?

കുടുംബം, വിദ്യാഭ്യാസം, ആരോഗ്യം, കലാകായികം, ഡിസാസ്റ്റർ മാനേജ്മെന്റ്, അതിക്രമം ഇല്ലാത്ത സ്വകാര്യ – പൊതു ഇടങ്ങൾ, പങ്കാളിത്ത വേദികൾ

ജെൻഡർ മാതൃക കുടുംബം, തുല്യ രക്ഷാ കർതൃത്വം (Gender Model Family, Equal parenting)

ഓരോ കുടുംബാംഗങ്ങൾക്കുമുള്ള തുല്യ അവകാശവും അവസരവും ശാക്തീകരണത്തിലേക്ക് നയിക്കുന്നു. ഒരാൾ മറ്റൊരാൾക്ക് മുകളിൽ അധികാരം ഉറപ്പിക്കുന്നില്ല, ഒരുമിച്ച് തീരുമാനമെടുക്കുകയും വിഭവങ്ങൾ, അതിന്റെ പ്രയോജനങ്ങൾ(benefits)കൈമാറുകയും ചെയ്യുന്നു.

കുടുംബത്തിലെ ഓരോ അംഗത്തിനും വിഭവങ്ങളിൽ പ്രാപ്യത ഉണ്ടാവുകയും തീരുമാനമെടുക്കൽ പ്രക്രിയയിൽ പങ്കാളികളാകുന്നതിനും നേതൃത്വപരമായ



പങ്കുവഹിക്കുന്നതിന് കഴിവ് ആർജിക്കുകയും ചെയ്യാം.

കുടുംബത്തിലെ ഓരോ അംഗങ്ങളും പാചകത്തിൽ, ശുചീകരണ പ്രവർത്തനങ്ങളിൽ, സാമ്പത്തികപരമായ തീരുമാനം എടുക്കുന്നവയിൽ പങ്കുചേരുന്നു.

- സ്ത്രീകളുടെയും പെൺകുട്ടികളുടെയും മേലുള്ള ഗാർഹിക ജോലിയും അധികഭാരവും കുറയുന്നു.
- എല്ലാ ഗാർഹികവും മറ്റ ഉത്തരവാദിത്വവും ആൺ പെൺ വ്യത്യാസമില്ലാതെ പങ്കിടുന്നതിനാൽ കുടുംബത്തിലെ സംഘർഷങ്ങൾ കുറയുകയും സമാധാനപരമായ അന്തരീക്ഷം നിലനിൽക്കുകയും ചെയ്യുന്നു.
- സ്ത്രീകളുടെയും കുട്ടികളുടെയും ആത്മാഭിമാനം(s e l f - e s t e e m) കൂടുകയും, ഉൽപാദനപരമായ, സാമൂഹ്യപരമായ ജോലികൾ ചെയ്യുന്നതിനും, നേതൃത്വപരമായ റോളുകൾ ഏറ്റെടുക്കുന്നതിനുമുള്ള സാഹചര്യം ലഭ്യമാകുകയും ചെയ്യുന്നു.

വിദ്യാഭ്യാസം

ജെൻഡർ വാർപ്പ് മാതൃകകൾ, ജെൻഡർറോൾ എന്നിവയെ ചോദ്യം ചെയ്ത് മുന്നോട്ട് പോകുന്ന പാഠ്യപദ്ധതിയും, പഠന രീതികളും ഉണ്ടാകേണ്ടതുണ്ട്. ജെൻഡർ ബോധ്യമുള്ള അധ്യാപകർ, പ്രവർത്തന രീതികൾ (gender practices) പിന്തുടർന്ന് പോകേണ്ടതുണ്ട്.

ജെൻഡർ ബൈനറികൾക്ക് പുറത്ത് കഴിവുള്ള ആത്മവിശ്വാസം വളർത്തിയെടുക്കാൻ കുട്ടികൾക്ക് കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തണം.അതിക്രമങ്ങൾ ഇല്ലാത്ത സാഹചര്യം സൃഷ്ടിക്കണം. കൗൺസിലിംഗ് സംവിധാനം ഉണ്ടാകണം. ജെൻഡർ ഡെസ്കുകൾ രൂപീകരിക്കേണ്ടതുണ്ട്.

- പാർശ്വവൽകൃത വിഭാഗങ്ങൾക്കുള്ള പ്രത്യേക വിദ്യാഭ്യാസ പരിപാടികൾ, സ്കോളർഷിപ്പ് ഉറപ്പാക്കുക.
- ഭിന്നശേഷി കുട്ടികൾക്കുള്ള ഉപാധികൾ, റാമ്പ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ, ഭിന്നശേഷിയുള്ളവർക്ക് പ്രത്യേകം സ്ഥാപനങ്ങൾ (day care center) ഉണ്ടാകണം.

ആരോഗ്യം

- ജെൻഡർ അസമത്വത്തിലുള്ള കൂടിയതോത് കുട്ടികളുടെ ആരോഗ്യത്തെയും ബാധിക്കുന്നു എന്ന് പഠനങ്ങൾ കാണിക്കുന്നു.
- ഇടവിട്ടുള്ള ആരോഗ്യ പരിശോധന, പോഷക ആഹാരം ഉറപ്പാക്കൽ, ആരോഗ്യപരിചരണം എന്നിവയുടെ ലഭ്യതഉറപ്പുവരുത്തണം.
- കുട്ടികളുടെ ശരീരത്തെക്കുറിച്ച് മനസിക്കാൻ –സെക്സ് എഡ്യൂക്കേഷൻ പ്രോഗ്രാം



പൊതു സ്വകാര്യ ഇടങ്ങളിലെ അതിക്രമങ്ങൾ

- സുരക്ഷിതമെന്ന് കരുതപ്പെടുന്ന വീട്ടകങ്ങളിൽ പോലും അതിക്രമങ്ങൾ നടക്കുന്നുണ്ട്. ഇത് കുട്ടികളെ മാനസികമായി ആഘാതത്തിലേക്ക് നയിക്കുകയും വിദ്യാഭ്യാസത്തെയും മറ്റ് ജീവിതത്തെയും ബാധിക്കാറുമുണ്ട്.
- പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികൾക്ക് നേരെയും അതിക്രമങ്ങൾ, വിവേചനങ്ങൾ ഇല്ലാത്ത സാഹചര്യം ഉറപ്പുവരുത്തണം

പങ്കാളിത്ത വേദികൾ

പെൺകുട്ടികളുടെ പ്രാതിനിധ്യം ബാലസഭ അടക്കമുള്ള വിവിധ കമ്മിറ്റികളിൽ ഉറപ്പുവരുത്തണം. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളിൽ നിന്നുള്ളവരുടെ പങ്കാളിത്തം ഉണ്ടോ എന്ന് പരിശോധിച്ചു പോകേണ്ടതുണ്ട്. വൈവിധ്യമുള്ള ഒരു ഗ്രൂപ്പാണ് ബാലസഭയിൽ ഉണ്ടായിരിക്കേണ്ടത്.

- കുട്ടികളുടെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ ആസൂത്രണത്തിൽ, വികസന പ്രവർത്തനങ്ങളിൽ പ്രതിഫലിക്കണം.
- ടൈബൽ വിഭാഗത്തിലെ പെൺകുട്ടികൾ, ഭിന്നശേഷി വിഭാഗത്തിലെ പെൺകുട്ടികൾ തുടങ്ങിയവരുടെ ആവശ്യങ്ങളെ കാണാനും, ഉറപ്പുവരുത്താനും കഴിഞ്ഞാൽ ഉൾച്ചേർക്കൽ എന്ന ആശയം ഫലപ്രദമാക്കാൻ കഴിയും.
- സാമൂഹിക ഉത്തരവാദിത്വം, രാഷ്ട്രീയ അവബോധം, നേതൃത്വം, തുല്യത എന്നിവ കുട്ടികളിൽ വളർത്താനും നാടിന്റെ ഭാവിയെ സംരക്ഷിക്കുന്ന തലമുറയെ സൃഷ്ടിക്കാനുമാകണം.

ഡിസാസ്റ്റർ മാനേജ്മെന്റ്

കുട്ടികളെ ദുരന്തനിവാരണത്തിൽ, ആഘാത ലഘൂകരണത്തിൽ നിഷ്ക്രിയരായി (passive victims) കരുതാതെ ദുരന്ത ലഘൂകരണത്തിൽ, ദുരന്തത്തെ കുറിച്ച് അറിയിപ്പ് നൽകുന്നതിൽ (Communicating risk, Reducing risks and Responding to disasters) പ്രധാന പങ്കുവഹിക്കാൻ കഴിയുന്നവരാണ്.

ദുരന്ത ലഘൂകരണം, കാലാവസ്ഥാ വ്യതിയാനത്തിനോടുള്ള പൊരുത്തപ്പെടൽ (Disaster risk reduction and climate change adaptation) ദുരന്ത അറിയിപ്പ് നൽകുന്നവർ (Risk communicators) എന്നിങ്ങനെ മാറ്റത്തിനായുള്ള Dynamic agent ആയി കുട്ടികളെ കാണാം. ദുരന്തത്തെ കുറിച്ചും ദുരന്ത നിവാരണത്തെ കുറിച്ചുമുള്ള അജ്ഞത വലിയ ഭീഷണി ആണ്. ജെൻഡർ സാമൂഹിക വത്കരണത്തിന്റെ ഭാഗമായി പെൺകുട്ടികൾ, ട്രാൻസ്ജെൻഡർ കൂടുതൽ ദുർബലർ ആകാം . പ്രതിരോധ മാർഗങ്ങൾ അർജിക്കാനുള്ള അവസരങ്ങൾ കുറവാണ്.



- കുട്ടികൾക്ക് നീന്തൽ, മറ്റു സാങ്കേതിക പരിജ്ഞാനം നൽകാം
- ദുരന്തകളെ കുറിച്ച്, ദുരന്ത നിവാരണത്തെക്കുറിച്ച് അവബോധ ക്ലാസുകൾ നൽകാം.

തദ്ദേശ സ്ഥാപനതല സംവിധാനങ്ങൾ

- ജാഗ്രതാസമതി
- ജെൻഡർ റിസോഴ്സ് സെന്റർ
- ജെൻഡർ ഡെസ്ക്
- കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ

പഞ്ചായത്തിലെ ജാഗ്രതസമിതിയും ജെൻഡർ റിസോഴ്സ് സെന്ററും പരിചയപ്പെടുത്തണം. അവയുമായി ചേർന്ന് CRC-ക്കും CWPC-ക്കും എങ്ങനെ പ്രവർത്തിക്കാം എന്ന് പറയണം.

CRC, CWPC യുടെ പ്രവർത്തനങ്ങളിൽ ജെൻഡർമായി ബന്ധപ്പെട്ട ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

എല്ലാ സാമൂഹിക സാമ്പത്തിക പിന്നോക്ക മേഖലയിലുള്ള കുട്ടികളുടെ ഉൾച്ചേർക്കൽ

സംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം സാമൂഹിക പരിവർത്തനത്തിനുള്ള ഏജന്റ് എന്ന രീതിയിലുള്ള പരിഗണന

പിന്തുടർന്ന് വരുന്ന ജെൻഡർ റോളുകൾക്ക് ഉപരിയായുള്ള കാഴ്ചപ്പാട്


ബാലസൗഹൃദ സമഗ്രപദ്ധതി തയ്യാറാക്കുമ്പോഴും CRC-യുടെയും CWPC-യുടെയും പ്രവർത്തനങ്ങൾ നടക്കുമ്പോഴും ലിംഗനീതി പരിഗണിക്കപ്പെടേണ്ടത് എങ്ങനെയായിരിക്കണം എന്നീ കാര്യങ്ങൾ വിശദീകരിച്ച് ശേഷം സംശയനിവാരണത്തിന് അവസരം നൽക്കാം.





ജെൻഡറും ബാലസൗഹൃദവും
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION


ജെൻഡർ
പെൺകുട്ടി/സ്ത്രീ, ആൺകുട്ടി/ പുരുഷൻ എന്ന ലിംഗവിഭാഗങ്ങൾക്ക് സമൂഹം നൽകുന്ന വ്യാഖ്യാനങ്ങൾ, മൂല്യങ്ങൾ, അവരിൽ നിന്നും പ്രതീക്ഷിക്കുന്ന ചുമതലകൾ, അവർ തമ്മിലുള്ള ബന്ധങ്ങൾ ഇവയെല്ലാം ഉൾക്കൊണ്ടതാണ് ലിംഗപദവി (ജെൻഡർ).


ജെൻറിനെ നിശ്ചയിക്കുന്ന ഘടകങ്ങൾ വ്യത്യസ്തസ്ഥലങ്ങളിൽ, കാലങ്ങളിൽ, സംസ്കാരങ്ങളിൽ വ്യത്യസ്തമായിരിക്കും.
വ്യത്യസ്ത ജെൻഡർ വിഭാഗങ്ങളുടെ പദവി സാമൂഹികമായി ചരിത്രപരമായി സൃഷ്ടിക്കപ്പെട്ടതാണ്.


സിസ്ജെൻറർ (ബയോളജിക്കൽ സെക്സും ജെൻഡറും ഒന്നാകുന്ന സ്വത്വം)
ട്രാൻസ്ജെൻറർ (ബയോളജിക്കൽ സെക്സും ജെൻഡറും വ്യത്യസ്തമാകുന്ന സ്വത്വം)
എഴുപതിലധികം വൈവിധ്യങ്ങൾ കാണപ്പെടുന്നു (സ്ത്രീ, പുരുഷൻ, ട്രാൻസ് ജെൻഡർ, ജെൻഡർ ഫ്ലൂയിഡ്, നോൺ-ബൈനറി മുതലായവ)
ലൈംഗിക അഭിരുചി (Sexual Orientation)
വൈവിധ്യമാർന്നത് (ഹോമോ സെക്ഷ്വാലിറ്റി, ഹെട്രോ സെക്ഷ്വാലിറ്റി, പാൻസെക്ഷ്വാലിറ്റി, അസെക്ഷ്വാലിറ്റി മുതലായവ)
ജെൻഡർ അധികാര ശ്രേണി



ജെൻഡറിന്റെ തലങ്ങൾ
ശരീരം(body)
സ്വത്വം (identity)
ബാഹ്യമായ പ്രകടനം (expression)
ജെൻഡർ സാമൂഹികവത്കരണം - വിവിധ സാമൂഹിക സ്ഥാപനങ്ങൾ
ലിംഗപരമായ തൊഴിൽ വിഭജനം
ജെൻഡർ റോളുകൾ


ഇന്റർസെക്ഷനാലിറ്റി
വംശീയത, ജാതി, വർഗ്ഗം, പ്രായം, ഭിന്നശേഷി, ലൈംഗിക തെരഞ്ഞെടുപ്പുകൾ, മതം തുടങ്ങിയവ
സ്ത്രീയുടെയും പുരുഷന്റെയും മറ്റ് ജെൻഡർ വിഭാഗങ്ങളുടെയും സ്വത്വബോധങ്ങൾ (Identities) ഇത്തരം പല സ്വത്വബോധങ്ങളുടെയും മധ്യേ (Intersection) ആണ് നിലനിൽക്കുന്നത് . ഇവയിൽ ചിലത് അർഹതകൾ (Privileges) നല്കുന്നവരായിരിക്കും മറ്റ് ചിലത് വിവേചനങ്ങളും.





ബാല്യം – ജെൻഡർ
• ബാല്യം - ബഹുസ്വരമാണ്, വൈവിദ്ധ്യമുള്ളതാണ് (multiple and diverse)
• സാമൂഹിക-സാമ്പത്തിക പിന്നോക്ക വിഭാഗങ്ങൾ,
• ഭിന്നശേഷി വിഭാഗങ്ങൾ
• ടൈബൽ വിഭാഗത്തിലെ കുട്ടികൾ
• മാത്സ്യ തൊഴിലാളി മേഖലയിൽ
• അതിദരിദ്രർ,അന്യസംസ്ഥാന തൊഴിലാളികൾ
• ദുരന്തസാദ്ധ്യത ഉള്ള മേഖലകളിലെ കുട്ടികൾ


അതിജീവനം / Survival
1.കുട്ടികളിലെ കറഞ്ഞുവരുന്ന പെൺലിംഗാനുപാതം സാധാരണ നിലയിലാക്കുക (Reversing the declining child sex ration)
2.ഗർഭിണികളായ പാവപ്പെട്ട അമ്മമാർക്കുള്ള മെച്ചപ്പെട്ട പരിചരണം, സേവനങ്ങൾ (Neonatal maternity)
3.നവജാത ശിശു മരണം നിരക്ക് കുറക്കുക


കർമ്മപരിപാടി
1.പെൺഭ്രൂണഹത്യക്കെതിരെ തദ്ദേശസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ പരിപാടി
2.ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണയത്തിനെതിരെ നിയമ നടപടികൾ
3.പെൺകഞ്ഞിന്റെ അന്തസ്സ് പ്രചരിപ്പിക്കുക. (സ്ത്രീ ധനത്തിനെതിരെയും സ്ത്രീകളുടെ കുട്ടികളുടെയും അവസ്ഥയെ സംബന്ധിച്ചും)
• കുട്ടികളിലും കൗമാരപ്രായക്കാരിലും പോഷകാഹാരക്കുറവിന്റെ വിവരങ്ങൾ ജെൻഡർ തിരിച്ച് വിശകലനം നടത്തുക.
• വിദ്യാലയത്തിലെ കൊഴിഞ്ഞുപോക്ക് തടയുകയും 12-ആം ക്ലാസ്സുവരെയെങ്കിലും പഠനം ഉറപ്പുവരുത്തുക
• എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജെൻഡർ സൗഹൃദ ടോയലറ്റുകളും സാനിട്ടറി നാപ്കിൻ ലഭ്യത ഉറപ്പാക്കുക .



ഗർഭകാല പരിശോധനകൾ, പ്രസവാനന്തര പരിശോധനകൾ
പെൺകുട്ടികളിലും സ്ത്രീകളിലും ഉള്ള വിളർച്ച (അനീമിയ) നിയന്ത്രണ പരിപാടി
➢ പൊതുസ്ഥലങ്ങളായ ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, ഓഫീസ് പരിസരങ്ങൾ തുടങ്ങിയവയിൽ സ്വകാര്യതയുള്ള ഇടങ്ങൾ
➢ സ്ത്രീകൾ കൂട്ടമായി പണിയെടുക്കുന്നയിടങ്ങളിൽ ക്രഷ് സേവനം, ശിശു-ജെൻഡർ സൗഹൃദ ടോയലറ്റുകൾ ഉറപ്പാക്കുക -
✓ പൊതു ഇടങ്ങൾ, പൊതുസ്ഥലങ്ങൾ, വീടുകൾ, അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യകേന്ദ്രങ്ങൾ ശ്രദ്ധമായ കടിവെള്ളവും, ശുചിത്വവും ഉണ്ടെന്ന് ഉറപ്പു വരുത്തുക
✓ ശുചിത്വമുള്ള ടോയലറ്റ്
✓ ദൂരത്തങ്ങളിൽ പെട്ട പോകുന്ന കുട്ടികളുടെ അതിജീവനം


വികസനം
• ജെൻഡർ വിവേചനങ്ങൾക്കും, ജെൻഡർ തരംതിരിക്കലിനും ജെൻഡർ വാർപ്പ് മാതൃകൾക്കും വിധേയപ്പെടാതെയുള്ള വളർച്ച – സമഗ്രമായ വികസനം


വികസനം
• അങ്കണവാടി പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർ മാർ, സ്കൂൾ അദ്ധ്യാപകർ എന്നിവർക്ക് ജെൻഡർ ബോധവൽക്കരണം
• ജെൻഡർ സൗഹൃദ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ
• കൗമാര - ഇലുതയെ പറ്റിയ ആശയങ്ങൾ, സെക്സ് എഡ്യൂകേഷൻ
• തീരദേശം, പട്ടികവർഗ്ഗ കോളനികൾ, ദരിദ്ര വിഭാഗങ്ങൾ, ഭിന്നശേഷി പെൺകുട്ടികളുടെ വികസനം




സംരക്ഷണം
അനുചിത പെരുമാറ്റങ്ങളിൽ നിന്ന്, അപായകമായ സാഹചര്യങ്ങളിൽ നിന്നും പരിരക്ഷ ലഭിക്കാനുള്ള അവകാശമാണ് സംരക്ഷണം
എല്ലാ തീരുമാനങ്ങളിലും, നടപടി ക്രമങ്ങളിലും, നിയമ പരിരക്ഷകളിലും കുട്ടികളുടെ ഉത്തമ താത്പര്യം പരിരക്ഷിക്കണം


ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായ കുട്ടികളുടെ പോക്സോ നിയമത്തിന് കീഴിൽ കൊണ്ടുവരുക
ക്രൈം മാപ്പിംഗ് നടത്തുക – ബസ്സിൽ, ടയിനിൽ, പൊതു യാത്രകളിൽ, കുടുംബത്തിൽ
സ്കൂൾ, പൊതുസ്ഥലങ്ങളിൽ ഉചിതവും, അനുചിതമായ സ്പർശനങ്ങളെക്കുറിച്ച് അറിവ് നൽകുക
പ്രതിരോധം, സംരക്ഷണം, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾ ജാഗ്രതാ സമിതിയിലൂടെ നടപ്പിൽ വരുത്തുക


സുരക്ഷിതമായ കൗമാര കാലഘട്ടം
സ്കൂൾ ആരോഗ്യ പരിപാടികൾ ശക്തിപ്പെടുത്തുക (ശാരീരിക വ്യായാമം, കളരിപ്പയറ്റ്, യോഗ, നീന്തൽ)
അക്രമ പൌരുഷം (Toxic Masculinity)
ദുരുപയോഗങ്ങൾക്കോ, പീഡനങ്ങൾക്കോ വിധേയരായ കുട്ടികൾക്ക് സ്കൂൾ കൗൺസിലർ, ടീച്ചർ കൌൺസിലർ, ചൈൽഡ് ലൈൻ, സ്കൂൾ നഴ്സ്, അങ്കണവാടി ജീവനക്കാർ എന്നിവരോട് പേടികൂടാതെ കാര്യങ്ങൾ ഇറന്നു പറയാനുള്ള അന്തരീക്ഷം.
മാനസിക-സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് കൗൺസിലിങ് പരിപാടി


ഇടപെടൽ മേഖലകൾ
കുടുംബം
വിദ്യാഭ്യാസം
ആരോഗ്യം-മാനസിക ആരോഗ്യം
കലാകായികം
ഡിസാസ്റ്റർ മാനേജ്മെന്റ്
അതിക്രമം ഇല്ലാത്ത സ്വകാര്യ - പൊതു ഇടങ്ങൾ
പങ്കാളിത്ത വേദികൾ


തദ്ദേശ സ്ഥാപനതല സംവിധാനങ്ങൾ
ജാഗ്രതാസമിതി
ജെൻഡർ റിസോഴ്സ് സെന്റർ
ജെൻഡർ ഡെസ്ക്
കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ
അങ്കണവാടി-ICDS
ഭിന്നശേഷി-ബഡ്സ്
ബാലസഭ


ജെൻഡർ റിസോഴ്സ് സെന്റർ
പഠനകേന്ദ്രം
സ്ത്രീകളുമായി ബന്ധപ്പെട്ട ഏത് പ്രശ്നങ്ങൾക്കും ആശ്രയിക്കാവുന്ന ഒരിടം
ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള സഹായം



- സ്ത്രീകളുടെയും പെൺകുട്ടികളുടെയും കലാ-കായികശേഷി വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ പരിശീലനങ്ങൾക്കും ട്രൂപ്പുകൾ /ടീമുകൾ ഉണ്ടാക്കുന്നതിനും നേതൃത്വം നൽകുക.
- വൈദഗ്ധ്യ പരിശീലനം/ശേഷി വികസന കേന്ദ്രം
- കുട്ടികൾക്ക നേരെയുള്ള അതിക്രമങ്ങളെ ചേർക്കുന്നതിന് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യ നടപ്പിലാക്കുക
- സ്കൂളിലെ ജെൻഡർ ഡെസ്കിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക
- കൗൺസിലിങ്ങിനുള്ള സൗകര്യം
- ലൈബ്രറി

ജാഗ്രതാ സമിതി

- പഞ്ചായത്ത്-വാർഡ്തലം
- ജാഗ്രത സമിതികൾ ശക്തിപ്പെടുത്തുക
- മാർഗ്ഗരേഖ അനുസരിച്ച് ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുക
- കേരള സ്റ്റേറ്റ് ലീഗൽ സർവീസ് അതോറിറ്റി (KELSA) യുമായി ചേർന്ന് നിയമസഹായ ക്ലിനിക്കുകൾ ഇടർനടപടികൾ നടപ്പാക്കുക.

- ക്രൈം മാപ്പിംഗ്, അതിക്രമസാധ്യത മാപ്പിങ് നടത്തുക
- കൗൺസിലിംഗ്, നിയമസഹായം
- -DELSA-TLSC
- സ്വയം പ്രതിരോധ പരിശീലനം
- ജെൻഡർ ആശയപ്രചരണം
- നിയമബോധവൽക്കരണം

ജെൻഡർ ഡെസ്കുകൾ

- ഹൈസ്കൂൾ/ ഹയർ സെക്കൻഡറി സ്കൂൾ തലത്തില് ജെൻഡർ ഡെസ്ക് ആരംഭിക്കാം
- വിദ്യാർത്ഥികളുടെ സുരക്ഷ, പരാതി പരിഹാരം,
- കൗൺസിലിംഗ്
- ആൺകുട്ടികൾ ഉൾപ്പടെയുള്ള മുഴുവൻ കുട്ടികൾക്കും ലിംഗപദവി കാഴ്ചപ്പാടിൽ അധിഷ്ഠിതമായ ലൈംഗിക വിദ്യാഭ്യാസം,ജെൻഡർ വിദ്യാഭ്യാസം

CRC, CWPC യുടെ പ്രവർത്തനങ്ങളിൽ ജെൻഡറുമായി ബന്ധപ്പെട്ട ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

- ബാല്യം - ബഹുസ്വരമാണ്, വൈവിദ്ധ്യമുള്ളതാണ് (multiple and diverse).
- എല്ലാ സാമൂഹിക സാമ്പത്തിക പിന്നോക്ക മേഖലയിലുള്ള കുട്ടികളുടെ ഉൾച്ചേർക്കൽ
- സംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം സാമൂഹിക പരിവർത്തനത്തിനുള്ള ഏജന്റ് എന്ന രീതിയിലുള്ള പരിഗണന

- പിന്തുടർന്ന് വരുന്ന ജെൻഡർ റോളുകൾക്ക് ഉപരിയായുള്ള കാഴ്ചപ്പാട്
- കുട്ടി, സ്ത്രീയുടെ ഉത്തരവാദിത്വം എന്ന ജെൻഡർ വാർപ്പ് മാതൃകയിൽ (gender stereotyping) നിന്നും മാറി തുല്യ ഉത്തരവാദിത്വ(equal parenting) എന്ന ആശയം ഉൾകൊണ്ടുള്ള പ്രവർത്തന രീതികളാണ് ഉണ്ടാക്കേണ്ടത്.
- കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവും വികസനവുമായ ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പുരുഷന്മാരുടെ റോൾ ഉണ്ടാകേണ്ടതുണ്ട്.



സെഷൻ-5

കുട്ടികളുടെ അവകാശങ്ങൾ

1. ലക്ഷ്യം :
   - ബാലാവകാശ ചരിത്രം മനസ്സിലാക്കുക
   - കുട്ടികളുടെ അവകാശങ്ങൾ എന്താണെന്നും അവയുടെ പ്രാധാന്യവും മനസിലാക്കുക
   - അന്താരാഷ്ട്ര ഉടമ്പടിയായ UNCRC- യെ കുറിച്ച് ധാരണ രൂപീകരിക്കുക
   - കുട്ടികൾ നിലവിൽ അനുഭവിക്കുന്ന പ്രശനങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുക
2. സമയം : 90 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ആമുഖം	20	ബ്രെയിൻ സ്റ്റോർമിങ് , പൊതുചർച്ച, അവതരണം	പിപിടി , വൈറ്റ് ബോർഡ്, മാർക്കർ
2	കുട്ടികളുടെ അവകാശങ്ങൾ - ചരിത്രം UNCRC - പരിചയപ്പെടൽ , വിഭാഗങ്ങൾ, ഭിന്നശേഷി- ഇന്റർസെക്ഷനാലിറ്റി	30	അവതരണം	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
3	അവകാശങ്ങളും പ്രശ്നങ്ങളും	30	പൊതുചർച്ച, ഉദാഹരണങ്ങൾ വ്യക്തിഗത	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
4	ചർച്ച/ സംശയനിവാരണം	10	ചർച്ച	

അവതരണ കുറിപ്പ്:

- കുട്ടി, കൗമാരം, അവകാശങ്ങൾ, കടമകൾ, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചയോടെ ക്ലാസ് ആരംഭിക്കുക
- ലഭിക്കുന്ന വിവരങ്ങൾ ചാർട്ടിൽ/ ബോർഡിൽ രേഖപ്പെടുത്തുക
- വ്യത്യസ്ത ഉത്തരങ്ങൾ ഏകീകരിക്കുക



- ലഭിച്ച ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ആരംഭിക്കുക
- അന്താരാഷ്ട്ര ഉടമ്പടി പരിചയപ്പെടുത്തുക
- അവകാശങ്ങളും അവയോടൊപ്പം പ്രാദേശിക പ്രശ്നങ്ങളും പങ്കെടുക്കുന്നവരിൽ നിന്നും അഭിപ്രായം സ്വീകരിച്ച ക്രോഡീകരിക്കുക

ബാലാവകാശങ്ങൾ

കുട്ടികൾക്കനുയോജ്യമായ ഒരു ലോകം സൃഷ്ടിക്കുന്നതിനായി ആഗോളതലത്തിൽ മിക്ക രാജ്യങ്ങളും വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഓരോ രാജ്യത്തിന്റെയും സമ്പത്തും വാശാനവുമായി കുട്ടികളെ പരിഗണിക്കുകയും അവർക്കുവേണ്ടി നടത്തുന്ന മുതൽമുടക്കുകൾ അതാതു രാജ്യങ്ങളുടെ ഭാവിയെത്തന്നെ മെച്ചപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

ബാലാവകാശങ്ങളുടെ ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ വ്യാവസായിക രാജ്യങ്ങളിൽ കുട്ടികളുടെ സംരക്ഷണത്തിന് യാതൊരു മാനദണ്ഡവും ഉണ്ടായിരുന്നില്ല. മുതിർന്നവരോടൊപ്പം കുട്ടികൾ വൃത്തിഹീനവും സുരക്ഷിതമല്ലാത്തതുമായ സാഹചര്യങ്ങളിൽ ജോലിചെയ്യുന്നത് സാധാരണമായിരുന്നു. ഒട്ടനവധി ചൂഷണങ്ങൾക്കും കുട്ടികൾ വിധേയരായിരുന്നു. കുട്ടികൾ അനുഭവിക്കുന്ന അനീതികളെക്കുറിച്ചുള്ള ബോധവും, അവരുടെ വികസന ആവശ്യങ്ങളുടെ പ്രാധാന്യവും മനസിലായതിലൂടെയാണ് അവരെ മികച്ച രീതിയിൽ സംരക്ഷിക്കുന്നതിനുള്ള മുന്നേറ്റത്തിലേക്കു വിവിധ സംഘടനകളും രാജ്യങ്ങളും ആരംഭം കുറിച്ചത്.

ഇന്ത്യയും ബാലാവകാശങ്ങളും

നമ്മുടെ രാജ്യത്തെ ബാലാവകാശങ്ങളുടെ തുടക്കം എന്ന് എടുത്തു പറയാവുന്നത് 1850 കളിലെ അപ്രന്റീസ് നിയമമാണ്. എന്നാൽ ഈ നിയമവും കുട്ടികൾക്ക് വേണ്ടി ഒരു പ്രത്യേക നീതിന്യായ സംവിധാനം ഒരുക്കിയിരുന്നില്ല. 1919-1920 കളിലെ ഇന്ത്യൻ ജയിൽ കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരം മദ്രാസ് ചിൽഡ്രൻസ് ആക്ട് 1920 നിലവിൽ വന്നു. ഇത് ഭാരതത്തിലെ ആദ്യത്തെ കുട്ടികളുടെ നിയമമായി മാറി.പ്രവിശ്യാ നിയമം ആയതിനാൽ അന്നത്തെ മദ്രാസ് പ്രവിശ്യയുടെ പരിധിയിൽ ആയിരുന്നു ഈ നിയമം. ബംഗാൾ ചിൽഡ്രൻസ് ആക്ടും ബോംബെ ചിൽഡ്രൻസ് ആക്ടും മറ്റ് നിരവധി നിയമനിർമ്മാണങ്ങളും പിന്നീട് വന്നു. 1960-ൽ ഭാരത സർക്കാർ കുട്ടികളുടെ നിയമം പ്രാബല്യത്തിൽ കൊണ്ട് വന്നു. 1986-ലെ ബാലനീതി നിയമം പ്രാബല്യത്തിലാക്കിയതോടെ മുൻപ് സൂചിപിച്ച നിയമനിർമ്മാണങ്ങളെല്ലാം റദ്ദാക്കപ്പെട്ടു. ഐക്യരാഷ്ട്രസഭയുടെ കുട്ടികളുടെ അവകാശ ഉടമ്പടി 1989 നിലവിൽ വന്നു. ഭാരതം 1992 – ൽ ഈ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. കുട്ടികളുടെ ക്ഷേമവും പുരോഗതിയും മുൻനിർത്തി ഒട്ടനവധി നിയമങ്ങളും നയങ്ങളും പദ്ധതികളും നമ്മുടെ രാജ്യം നാളിതുവരെ തയാറാക്കിയിട്ടുണ്ട്.



കുട്ടികളുടെ അവകാശ ഉടമ്പടി

1989 – ൽ ഐക്യരാഷ്ട്രസഭ പ്രാബല്യത്തിൽ വരുത്തിയ കുട്ടികളുടെ അവകാശ ഉടമ്പടിയിൽ സുരക്ഷിത ബാല്യത്തിന് ഓരോ രാജ്യങ്ങളും ഉറപ്പുവരുത്തേണ്ട അവകാശങ്ങളെക്കുറിച്ചു വിശദീകരിക്കുന്നു. 1992 – ൽ ഭാരതം ഈ ഉടമ്പടിയിൽ ഒപ്പു വച്ചു. ഈ ഉടമ്പടി പ്രകാരം 18 വയസ്സിനു താഴെയുള്ള എല്ലാ മനുഷ്യരെയും കുട്ടികളായിട്ടാണ് നിർവ്വചിച്ചിരിക്കുന്നത്.

കുട്ടികളുടെ അവകാശങ്ങൾ

കുട്ടികളുടെ അവകാശങ്ങളെ പ്രധാനമായും നാലായി ഈ ഉടമ്പടി തിരിച്ചിരിക്കുന്നു

1. അതിജീവനം (SURVIVAL),
2. വികസനം (DEVELOPMENT)
3. സംരക്ഷണം (PROTECTION)
4. പങ്കാളിത്തം (PARTICIPATION).

അതിജീവനാവകാശം:

ജീവിക്കുവാനുള്ള അവകാശം, മികച്ച പോഷകാഹാരത്തിനുള്ള അവകാശം, വളർച്ചയ്ക്കാവശ്യമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള അവകാശം, ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള അവകാശം, തനിമയ്ക്കും ദേശീയതയ്ക്കുമുള്ള അവകാശം എന്നിവയാണ് ഈ ഭാഗം പ്രധാനമായും ഉൾക്കൊള്ളുന്നത്.

ഉന്നമനത്തിനുള്ള അവകാശം :

വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, പരിചരണം, വികാസം, വിശ്രമം, വിനോദം, സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുക തുടങ്ങിയ അവകാശങ്ങളാണ് ഉന്നമനാവകാശത്തിൽ പ്രതിപാദിക്കുന്നത്.

സംരക്ഷണാവകാശം :

ഇക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ അവകാശത്തിന്റെ പരിധിയിൽ പ്രധാനമായും ചൂഷണം, ദുരുപയോഗം, അവഗണന, മനുഷ്യത്വരഹിതമായ പെരുമാറ്റം, യുദ്ധം, അടിയന്തിരാവസ്ഥ തുടങ്ങിയവയിൽനിന്നുള്ള സംരക്ഷണം എന്നിവയെപ്പറ്റി സൂചിപ്പിക്കുന്നു.

പങ്കാളിത്ത അവകാശം :

കുട്ടികൾക്ക് അവരുടെ അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം, അവർക്ക് ആവശ്യമുള്ള അറിവ് ലഭ്യമാക്കുക, അവരുടെ കാഴ്ചപ്പാടുകളെ വേണ്ട രീതിയിൽ പരിഗണിക്കുക, മതപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യം ഉണ്ടാകുക തുടങ്ങിയ അവകാശങ്ങളെക്കുറിച്ച് ഈ ഭാഗം വിവരിക്കുന്നു,





CONVENTION ON THE RIGHTS OF THE CHILD

(കുട്ടികളുടെ അവകാശ ഉടമ്പടിയിൽ ഓരോ ആർട്ടിക്കിളുകളിലും പറയുന്ന കാര്യങ്ങൾ ചിത്രരൂപത്തിൽ)



നയങ്ങളും നിയമങ്ങളും പദ്ധതികളും

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഒട്ടനവധി നിയമങ്ങളും, നയങ്ങളും, പദ്ധതികളും നിലവിലുണ്ട്. ദേശീയ വിദ്യാഭ്യാസനയം 1956 , 1986 , ഭിന്നശേഷിയുള്ളവർക്കായുള്ള ദേശീയനയം 1985 , ബാലവേല സംബന്ധിച്ച ദേശീയനയം 1987 , ദേശീയ പോഷകാഹാരനയം 1993 , ദേശീയ ആരോഗ്യനയം 1983 , 2002 , കുട്ടികൾക്കായുള്ള ദേശീയ പ്രമാണരേഖ 2004 , കുട്ടികൾക്കായുള്ള ദേശീയ നയം 1974 , 2013 തുടങ്ങിയവയാണ് പ്രധാന നയങ്ങൾ. ഫാക്ടറി നിയമം, ഖനിനിയമം , അസാന്മാർഗിക വ്യാപാരം തടയല് നിയമം, ബാലവിവാഹ നിരോധന നിയമം, ബാലവേല നിരോധന നിയമം, വിദ്യാഭ്യാസ അവകാശ നിയമം, ബാലനീതി നിയമം, പോക്സോ നിയമം തുടങ്ങിയ നിയമങ്ങളും ഉദാഹരണങ്ങളാണ്. കുട്ടികളുടെ അവകാശങ്ങള് ഉറപ്പാക്കുന്നതിനുവേണ്ടി 1992, 2004, 2005 എന്നീ വര്ഷങ്ങളില് കുട്ടികള്ക്കായിട്ടുള്ള ദേശീയ കര്മ്മപദ്ധതികള്ക്ക് ഭാരതം രൂപം നല്കിയിട്ടുണ്ട്. 1995-ലും 2004-ലും കേരളവും കുട്ടികള്ക്കായുള്ള സംസ്ഥാന കര്മ്മപദ്ധതി തയ്യാറാക്കി. സംയോജിത ശിശുവികസന പരിപാടി (ICDS), കുട്ടികളുടെ സുരക്ഷിതത്വത്തിനായുള്ള സംയോജിത പരിപാടി (ICPS), സര്വ്വശിക്ഷാ അഭിയാന് (SSA), നിർഭയ, ചൈല്ഡ് ലൈന് തുടങ്ങിയ പദ്ധതികളും ചില ഉദാഹരണങ്ങള് ആണ്.

കേരളവും കുട്ടികളും

ഭാരതത്തിന്റെ തെക്കുപടിഞ്ഞാറൻ തീരത്ത് സ്ഥിതി ചെയ്യുന്ന, 38,863 കിലോമീറ്ററിലധികം വ്യാപിച്ച് കിടക്കുന്ന നമ്മുടെ സംസ്ഥാനം വലുപ്പത്തിന്റെ കാര്യത്തിൽ രാജ്യത്തെ സംസ്ഥാനങ്ങളിൽ ഇരുപത്തിമൂന്നാം സ്ഥാനത്താണ്. 2011-ൽ നടത്തിയ സെൻസസ് അനുസരിച്ച് 33,387,677 താമസക്കാരുള്ള കേരളം ജനസംഖ്യയുടെ കാര്യത്തിൽ രാജ്യത്തെ പതിമൂന്നാമത്തെ വലിയ സംസ്ഥാനമാണ്. പൂജ്യം മുതൽ ആറു വയസ്സുവരെ 3,472,955 കുട്ടികളാണ് ഈ സെൻസസ് പ്രകാരം ഉള്ളത്. ഭാരതത്തിലെ ഏറ്റവും കുറഞ്ഞ പോസിറ്റീവ് ജനസംഖ്യാ വളർച്ചാ നിരക്ക്, ഏറ്റവും ഉയർന്ന മാനവ വികസന സൂചിക, ഉയർന്ന സാക്ഷരതാ നിരക്ക്, ഏറ്റവും ഉയർന്ന ആയുർദൈർഘ്യം, ഏറ്റവും ഉയർന്ന ലിംഗാനുപാതം എന്നിവയാണ് കേരളത്തിലുള്ളത്. 5 വയസ്സിൽ താഴെയുള്ള ശിശുക്കളുടെയും, നവജാതശിശുക്കളുടെയും മരണവും വളർച്ചാ മുരടിപ്പിന്റെ വ്യാപ്തിയും ഏറ്റവും കുറവും, സ്കൂളുകളിലെ പ്രാഥമിക പ്രവേശന നിരക്ക് രാജ്യത്തെ ഏറ്റവും ഉയർന്നതുമാണ്.

കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

വിവിധങ്ങളായ പ്രശ്നങ്ങളിലൂടെയാണ് നമ്മുടെ കുട്ടികൾ നിത്യവും കടന്നു പോകുന്നത്. ഓരോ പ്രായക്കാർക്കും അവരുടെ പ്രശ്നങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. പൊതുവിൽ പ്രശ്നങ്ങളെ ഇപ്രകാരം ക്രമീകരിക്കാം.

- അതിജീവന പ്രശ്നങ്ങൾ
- പോഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
- സുരക്ഷ സംബന്ധമായ പ്രശ്നങ്ങൾ



- പഠനസംബന്ധമായ പ്രശ്നങ്ങൾ
- കൗമാരസംബന്ധമായ പ്രശ്നങ്ങൾ

അതിജീവന പ്രശ്നങ്ങൾ

അവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് അതിജീവനം അഥവാ സർവൈവൽ. ജനിക്കുന്നതുമുതൽ അതിജീവനവും ആരോഗ്യവും സംബന്ധമായ പ്രശ്നങ്ങൾ ഒട്ടനവധിയാണ്. മാസം തികയാതെ ജനിക്കുന്ന കുഞ്ഞുങ്ങൾ, വളർച്ചാമുരടിപ്പ്, വളർച്ചശോഷണം, ഭാരക്കുറവ്, മുലപ്പാലിന്റെ ലഭ്യതയില്ലായ്മ, അപൂർണ്ണമായ പ്രതിരോധകുത്തിവയ്പുകൾ, വൈകല്യങ്ങൾ, വിവിധ രോഗങ്ങൾ തുടങ്ങിയവയാണ് പൊതുവായ അതിജീവന പ്രശ്നങ്ങൾ

പോഷണ സംബന്ധമായ പ്രശ്നങ്ങൾ

മതിയായ പോഷണത്തിന്റെ അഭാവം അനവധി പ്രശ്നങ്ങളിലേക്ക് കുട്ടികളെ നയിക്കും. വിളർച്ച അഥവാ അനീമിയ, പ്രായത്തിനനുസൃതമായ തൂക്കക്കുറവ്, ഉയരക്കുറവ് തുടങ്ങിയവയാണ് ഇതിൽ പ്രധാനം. ഇതോടൊപ്പം കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും പോഷണസംബന്ധമായ പ്രശ്നങ്ങൾ ബാല്യം മുതൽ ആരംഭിക്കുന്നു. സൂക്ഷ്മ പോഷകങ്ങളുടെ അഭാവം അടുത്ത തലമുറയെ വരെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. ശുദ്ധമായ ജലത്തിന്റെ അഭാവവും പോഷണസംബന്ധമായ പ്രശ്നങ്ങളെ കൂട്ടുന്നു

ജനിച്ച ആദ്യത്തെ മണിക്കൂറിൽ മുലപ്പാൽ ലഭിച്ച കുട്ടികൾ	66.7
ആറു മാസം മുലപ്പാൽ മാത്രം ലഭിച്ച കുട്ടികൾ	55.5
അഞ്ചു വയസ്സിൽ താഴെ വളർച്ച മുരടിപ്പ് (പ്രായത്തിനനുസരിച്ചു ഉയരം)	23.4
അഞ്ചു വയസ്സിൽ താഴെ വളർച്ച ശോഷണം (ഉയരത്തിനനുസരിച്ചു ശരീര ഭാരം)	15.8
അഞ്ചു വയസ്സിൽ താഴെ അമിത ഭാരം	4.2
അഞ്ചു വയസ്സിൽ താഴെ ഭാരക്കുറവുള്ളവർ	19.7
നാല് വയസ്സിലെ താഴെ വിളർച്ച ബാധിതർ	39.4.

(അവലംബം: ദേശീയ കുടുംബാരോഗ്യ സർവ്വേ 2019–2020)

സുരക്ഷ സംബന്ധമായ പ്രശ്നങ്ങൾ

ഇന്നത്തെ കാലത്തു സംരക്ഷണാവകാശം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാകുന്ന കുട്ടികൾ ഒട്ടനവധിയാണ്. ശാരീരികവും മാനസികവുമായ പീഡനങ്ങൾ വർധിച്ചുവരുന്നതായി വിവിധ കണക്കുകൾ പരിശോധിച്ചാൽ മനസിലാക്കാവുന്നതാണ്. സുരക്ഷിതമായ സാഹചര്യങ്ങൾ കുട്ടികൾക്ക് ഒരുക്കികൊടുക്കുവാൻ ഏവരും ബാധ്യസ്ഥരാണ്.



വർഷം	പോക്സോ കേസുകൾ
2016	957
2017	1069
2018	1137
2019	1262
2020	1243
2021	1527
2022	4518
2023 (നവംബർ വരെ)	4274

(അവലംബം: https://keralapolice.gov.in/crime-statistics/crime-against-children)

പഠനസംബന്ധമായ പ്രശ്നങ്ങൾ

പഠനപ്രക്രിയ ആരംഭിക്കുന്നതുമുതൽ അത് സംബന്ധിച്ച പ്രശ്നങ്ങളും ആരംഭിക്കുന്നു. മതിയായ പഠനസൗകര്യങ്ങളുടെ അഭാവവും, ലഭ്യമാകാത്ത സാഹചര്യവും നിരാകരിക്കപ്പെടുന്ന സാഹചര്യവും ഇന്നും പലയിടങ്ങളിൽ കാണാവുന്നതാണ്. അങ്കണവാടി തലം മുതലുള്ള പശ്ചാത്തലസൗകര്യങ്ങളുടെ അഭാവം സ്കൂൾ ക്ലാസ്സുകളിലേക്കും തുടരുന്നു. പഠനസംബന്ധമായ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ തുടക്കത്തിലേ കണ്ടെത്തി അവ വിദഗ്ധരുടെ സേവനത്തോടെ പരിഹരിക്കുകയാണ് ആദ്യമായി വേണ്ടത്. കൂടാതെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും അനിവാര്യം.

കൗമാരസംബന്ധമായ പ്രശ്നങ്ങൾ

ബാല്യം കഴിഞ്ഞാൽ അതിപ്രധാനമായ പ്രായമാണ് കൗമാരം. ലോകാരോഗ്യ സംഘടനയുടെ നിർവചനപ്രകാരം പത്തു വയസ്സുമുതൽ പതിനെട്ടും, ഇരുപതുവസ്സുവരെയും കൗമാരകാലഘട്ടമായി കണക്കാക്കുകയാണ്. ഈ പ്രായത്തിൽ ആൺകുട്ടികളും പെൺകുട്ടികളും വിവിധ പ്രശ്നങ്ങളിലൂടെ കടന്നു പോകുന്നു. ശാരീരികവും മാനസികവുമായ പ്രശ്നങ്ങളെ കണ്ടെത്തി പരിഹരിക്കുന്നതിന് മുൻതൂക്കം നൽകേണ്ടതുണ്ട്. ജീവിതശൈലി രോഗങ്ങൾ, ആത്മഹത്യാപ്രവണത, പോഷണ പ്രശ്നങ്ങൾ, മൊബൈൽ ഫോൺ ദുരുപയോഗം, ലഹരിവസ്തുക്കൾക്കു അടിമപ്പെടൽ തുടങ്ങിയവ തടയിടേണ്ടതായിട്ടുണ്ട്.

ആത്മഹത്യ ചെയ്ത കുട്ടികൾ (2021)	345
പോക്സോ കേസുകൾ (2023 നവംബർ വരെ)	4274
കുട്ടികളെ തട്ടിക്കൊണ്ടു പോയത് (2023 നവംബർ വരെ)	133
ശൈശവ വിവാഹം (2023 നവംബർ വരെ)	4
കൊല ചെയ്യപ്പെട്ട കുട്ടികൾ (2023 നവംബർ വരെ)	20

(അവലംബം: https://keralapolice.gov.in/crime-statistics/crime-against-children)



ബാലസംരക്ഷണ സംവിധാനങ്ങൾ

കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി കേന്ദ്ര സംസ്ഥാന സഹായത്തോടെ പ്രവർത്തിക്കുന്ന വിവിധ സംവിധാനങ്ങൾ കേരളത്തിലുണ്ട്. സർക്കാർ തലത്തിലും സന്നദ്ധസംഘടനകളുടെ നേതൃത്വത്തിലും കുട്ടികൾക്കുവേണ്ടി വിവിധങ്ങളായ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്നുവരുകയാണ്.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ (KeSCPCR)

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന വളരെ പ്രധാനപ്പെട്ട സംവിധാനമാണ് ബാലാവകാശ സംരക്ഷണ കമ്മീഷൻ. 2005 – ൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം ഭാരതം പാസ്സാക്കി. 2013 – ൽ കേരളത്തിൽ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചു. ഒരു ചെയർപേഴ്സണും ആറു അംഗങ്ങളും ഉൾപ്പെടുന്നതാണ് സംസ്ഥാന കമ്മീഷന്റെ ഘടന. വിവിധ നിയമങ്ങളുടെ നടത്തിപ്പിന്റെ നിരീക്ഷണവും കമ്മീഷൻ നിർവഹിക്കുന്നുണ്ട്.

ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC)

ബാലനീതി നിയമപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ തീർപ്പു കല്പിക്കുന്നത് അതാതു ജില്ലകളിൽ പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികളാണ്. ഇത്തരം സാഹചര്യം അനുഭവിക്കുന്ന കുട്ടികളെ കമ്മിറ്റിയുടെ മുൻപാകെ ഏതൊരാൾക്കും ഹാജരാക്കാവുന്നതാണ്. അതാതു ജില്ലകളിലെ ചിൽഡ്രൻസ് ഹോമുകളിലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രവർത്തിക്കുന്നത്.

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU)

സംയോജിത ശിശു സംരക്ഷണ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പ്രൊബേഷൻ ഓഫീസർമാരും, സാമൂഹിക പ്രവർത്തകരും, കൗൺസിലർമാരും അടങ്ങുന്ന ടീം അതാതു ജില്ലകളിലെ കുട്ടികളുടെ വിവിധ വിഷയങ്ങൾ ഫലപ്രദമായി ഇടപെട്ടു വരുന്നു.

ചൈൽഡ്ലൈൻ 1098

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് ചൈൽഡ്ലൈൻ. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കണ്ടാൽ 1098 എന്ന സൗജന്യ നമ്പറിൽ വിളിക്കാവുന്നതാണ്. സേവനസന്നദ്ധരായ ചൈൽഡ്ലൈൻ പ്രവർത്തകർ കുട്ടികൾക്കാവശ്യമായ സഹായം ലഭ്യമാക്കും.

മേൽസൂചിപ്പിച്ചതുപോലെ വിവിധ സംവിധാനങ്ങൾ കുട്ടികളുടെ സംരക്ഷണത്തിനായി സംസ്ഥാനത്തു പ്രവർത്തിച്ചുവരുകയാണ്. സർക്കാരും സന്നദ്ധ സംഘടനകളും ബാലസൗഹൃദ കേരളം എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എല്ലാ കുട്ടികൾക്കും ലഭിക്കേണ്ടതായിട്ടുണ്ട്. പതിനാലു ജില്ലകളിലെയും ഒരു കുട്ടിപോലും വിഷമം അനുഭവിക്കുന്ന



സാഹചര്യം ഒഴിവാക്കുവാൻ നമുക്കു സാധിച്ചാൽ ബാലസൗഹൃദം എന്ന വലിയ ലക്ഷ്യത്തിലേക്കു നമുക്ക് എത്തിച്ചേരാം. അതിനായി ഇനിയും ഒരുപാട് ദൂരം ബാലസംരക്ഷണ പ്രവർത്തകർ സഞ്ചരിക്കേണ്ടതുണ്ട്. ചിട്ടയായ പ്രവർത്തനത്തിലൂടെയും ഫലപ്രദമായ ഏകോപനത്തിലൂടെയും ബാലസൗഹൃദ കേരളം എന്ന ലക്ഷ്യത്തിലേക്കു നമുക്ക് എത്തിച്ചേരാൻ സാധിക്കട്ടെ.







1924 - കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള **ജനീവ പ്രഖ്യാപനം** സർവ്വരാജ്യസഖ്യം അംഗീകരിക്കുന്നു.

1946 - **യൂണിസെഫ്** രൂപീകരിക്കുന്നു.

1948 - **മനുഷ്യാവകാശ പ്രഖ്യാപനം**

1959 - **കുട്ടികളുടെ അവകാശ പ്രഖ്യാപനം**

1966 - കുട്ടികൾക്ക് **വിദ്യാഭ്യാസവും സംരക്ഷണവും** ഉറപ്പുവരുത്തുമെന്നും അംഗരാഷ്ട്രങ്ങൾ പ്രഖ്യാപിക്കുന്നു.

1968 - മനുഷ്യാവകാശ പ്രഖ്യാപനം - പുരോഗതി വിലയിരുത്തൽ

1973 - അപകടകരമായി ബാധിക്കാവുന്ന തൊഴിലുകൾ - കറഞ്ഞ പ്രായമായി പതിനെട്ട് വയസ്സ് - 138 ആം ഉടമ്പടി ILO

1974 - അടിയന്തര സാഹചര്യങ്ങളിലും-കുട്ടികളുടെയും സംരക്ഷണം

1978 - കുട്ടികളുടെ അവകാശ **ഉടമ്പടിയുടെ കരട് രൂപം** അംഗരാജ്യങ്ങളുടെ വർക്കിംഗ് ഗ്രൂപ്പിൽ മനുഷ്യാവകാശ കമ്മീഷൻ സമർപ്പിക്കുന്നു.

1985 - ബാലനീതി സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1989 - കുട്ടികളുടെ അവകാശ ഉടമ്പടി









1989 - ൽ ഐക്യരാഷ്ട്രസഭ പ്രാബല്യത്തിൽ
വരുത്തിയ കുട്ടികളുടെ അവകാശ ഉടമ്പടിയിൽ
സുരക്ഷിത ബാല്യത്തിന് ഓരോ രാജ്യങ്ങളും
ഉറപ്പുവരുത്തേണ്ട അവകാശങ്ങളെക്കുറിച്ചു
വിശദീകരിക്കുന്ന ഈ ഉടമ്പടി പ്രകാരം 18
വയസ്സിനു താഴെയുള്ള എല്ലാ മനുഷ്യരെയും
കുട്ടികളായിട്ടാണ് നിർവ്വചിച്ചിരിക്കുന്നത്.


സ്നേഹവും സുരക്ഷയും സന്തോഷവും
നിറഞ്ഞ അന്തരീക്ഷത്തിൽ ഓരോ
കുട്ടിയുടെയും പൂർണമായ
വളർച്ചയാണ് ഈ ഉടമ്പടിയുടെ
ലക്ഷ്യം.


CONVENTION ON THE
RIGHTS OF THE CHILD


തത്വങ്ങൾ
വിവേചനം ഒഴിവാക്കുക
കുട്ടികളുടെ ഉത്തമ താല്പര്യങ്ങൾ
അതിജീവനവും വികസനവും
കുട്ടികളുടെ കാഴ്പ്പാടുകൾ
UN Convention on the Rights of the Child
1 Non-discrimination
2 Right to life, survival, & development
3 Best interests of children & youth
4 Respect the views of children & youth


കുട്ടികളുടെ അവകാശങ്ങൾ
അതിജീവനം Survival
വികസനം Development
സംരക്ഷണം Protection
പങ്കാളിത്തം Participation



അതിജീവനം / Survival
ജീവിക്കാനുള്ള അവകാശം
ആരോഗ്യത്തിനുള്ള അവകാശം
മികച്ച ജീവിത സാഹചര്യത്തിനുള്ള
അവകാശം
പോഷകാഹാരത്തിനുള്ള അവകാശം
നാമത്തിനും ദേശീയതയ്ക്കുമുള്ള അവകാശം




വികസനം / Development
വിദ്യാഭ്യാസത്തിനുള്ള അവകാശം,
കളിക്കുവാനുള്ള അവകാശം,
വിനോദം
സാംസ്കാരിക പ്രവർത്തനങ്ങൾ,
മതവും സംസ്കാരവും


സംരക്ഷണം / Protection
പീഡനം
ദുരുപയോഗം,പീഡനം
മോശമായ പെരുമാറ്റം
അടിയന്തരാവസ്ഥ,
സായുധസംഘട്ടനം,
യുദ്ധസമാനമായ സാഹചര്യം
എന്നിവയിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക


പങ്കാളിത്തം / Participation
ഉചിതമായ വിവരങ്ങൾ അറിയുവാനുള്ള അവകാശം
ചിന്തിക്കുവാനും പ്രകടിപ്പിക്കുവാനും ഉള്ള അവകാശം
അഭിപ്രായ സ്വാതന്ത്ര്യം
കുട്ടിയുടെ കാഴ്ചപ്പാടുകളെ ബഹുമാനിക്കുക
അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരം/ വേദികൾ എന്നിവ ലഭ്യമാക്കുക


കേരളവും കുട്ടികളും
പുരുഷ ഭൂതൽ ആറു വയസ്സുവരെ 34,72,955 കുട്ടികളാണ് 2011 സെൻസസ് പ്രകാരം ഉള്ളത്.
രാജ്യത്തിലെ ഏറ്റവും കുറഞ്ഞ പോസിറ്റീവ് ജനസംഖ്യാ വളർച്ചാ നിരക്ക്, ഏറ്റവും ഉയർന്ന മാനവ വികസന സൂചിക, ഉയർന്ന സാക്ഷരതാ നിരക്ക്, ഏറ്റവും ഉയർന്ന ആയുർദൈർഘ്യം, ഏറ്റവും ഉയർന്ന ലിംഗാനുപാതം എന്നിവയാണ് കേരളത്തിലുള്ളത്.
5 വയസ്സിൽ താഴെയുള്ള ശിശുക്കളുടെയും, നവജാതശിശുക്കളുടെയും മരണവും വളർച്ചാ മുരടിപ്പിന്റെ വ്യാപ്തിയും ഏറ്റവും കുറവും, സ്കൂളുകളിലെ പ്രാഥമിക പ്രവേശന നിരക്ക് രാജ്യത്തെ ഏറ്റവും ഉയർന്നതുമാണ്.


കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ
അതിജീവന പ്രശ്നങ്ങൾ
പോഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
സുരക്ഷ സംബന്ധമായ പ്രശ്നങ്ങൾ
പഠനസംബന്ധമായ പ്രശ്നങ്ങൾ
കൗമാരസംബന്ധമായ പ്രശ്നങ്ങൾ


ആരോഗ്യവും പോഷകാഹാരവും
ജനിച്ച ആദ്യത്തെ മണിക്കൂറിൽ മുലപ്പാൽ ലഭിച്ച കുട്ടികൾ 66.7
ആറു മാസം മുലപ്പാൽ മാത്രം ലഭിച്ച കുട്ടികൾ 55.5
അഞ്ചു വയസ്സിൽ താഴെ വളർച്ച മുരടിപ്പ് 23.4
അഞ്ചു വയസ്സിൽ താഴെ വളർച്ച ശോഷണം 15.8
അഞ്ചു വയസ്സിൽ താഴെ അമിത ഭാരം 4.2
അഞ്ചു വയസ്സിൽ താഴെ ഭാരക്കുറവുള്ളവർ 19.7



ആരോഗ്യവും പോഷകാഹാരവും

നാല് വയസ്സിലെ താഴെ വിളർച്ച ബാധിതർ	66.7
ജനനം രജിസ്റ്റർ ചെയ്ത 5 വയസ്സിന് താഴെയുള്ള കുട്ടികൾ (%)	55.5
12-23 മാസം പ്രായമുള്ള കുട്ടികൾക്ക് വാക്സിനേഷൻ കാർഡിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം (%)	23.4
12-23 മാസം പ്രായമുള്ള കുട്ടികൾക്ക് വാക്സിനേഷൻ കാർഡിൽ നിന്നോ അമ്മയുടെ ഒർമയിൽ നിന്നോ (%) നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായി വാക്സിനേഷൻ നൽകി.	15.8

സംരക്ഷണം

വർഷം	2016	2017	2018	2019	2020	2021	2022	2023 (Up to Nov)
പോക്സോ കേസുകൾ	2131	2702	3174	3634	3042	3516	4518	4274

സംരക്ഷണം

വർഷം	2016	2017	2018	2019	2020	2021	2022	2023 (Up to Nov)
കൊലപാതകം (ഇൻഫേൺറ്റിസൈഡ് മുതലായവ)	33	28	28	25	29	41	29	20
തട്ടിക്കൊണ്ടുപോകലുൽ	154	173	182	260	195	257	279	133
ഭ്രൂണഹത്യ	0	0	1	0	0	0	0	0

വർഷം	2016	2017	2018	2019	2020	2021	2022	2023 (Up to Nov)
ആത്മഹത്യ പ്രേരണ	3	4	6	0	3	5	2	4
ഉപേക്ഷിക്കൽ	5	5	11	19	13	14	16	2
പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ അപഹരിക്കൽ	3	11	23	20	5	2	7	0
വേശ്യാവൃത്തിക്കായി പെൺകുട്ടികളെ വാങ്ങുന്നു	0	0	0	0	0	0	0	0

വർഷം	2016	2017	2018	2019	2020	2021	2022	2023 (Up to Nov)
പെൺകുട്ടികളെ വേശ്യാവൃത്തിക്ക് വിൽക്കുന്നു	0	0	0	0	0	0	0	0
ശൈശവ വിവാഹ നിരോധന നിയമം	8	15	18	7	8	12	6	4
കുട്ടികൾക്കെതിരായ മറ്റ് കുറ്റകൃത്യങ്ങൾ	1716	2257	2847	3161	2445	2637	3597	2988



ബാലസംരക്ഷണ സംവിധാനങ്ങൾ

- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
- ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC)
- ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU)
- ചൈൽഡ്ലൈൻ 1098 / 112
- സന്നദ്ധ സംഘടനകൾ

സെഷൻ-6

കുട്ടികളുടെ മനഃശാസ്ത്രം

1. ലക്ഷ്യം :
   - കുട്ടികളുടെ വികസനവും അവയെ സ്വാധീനിക്കുന്ന ഘടകങ്ങളും മനസിലാക്കുക
   - കുട്ടികളുമായി ഫലപ്രദമായ ആശയവിനിമയം നടത്തുന്നതിന് സ്വയം സജ്ജമാക്കുക
   - പ്രശ്നങ്ങൾ സഹായ സംവിധാനങ്ങൾ എന്നിവയെക്കുറിച്ച ധാരണ രൂപീകരിക്കുക
2. സമയം : 90 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ആമുഖം – വളർച്ചയും പ്രശ്നങ്ങളും	20	ബ്രെയിൻ സ്റ്റോർമിങ് , പൊതുചർച്ച, അവതരണം	പിപിടി , വൈറ്റ് ബോർഡ്, മാർക്കർ
2	മനഃശാസ്ത്രത്തിന്റെ പ്രാധാന്യം ഇന്റർസെക്ഷനാലിറ്റി	20	അവതരണം, ചർച്ച	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
3	വളർച്ചയുടെ ഘടകങ്ങൾ, വളർച്ചയും വികാരങ്ങളും	20	അവതരണം , ചർച്ച	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
4	സഹായ സംവിധാനങ്ങൾ ജെൻഡർ ഡെസ്ക്	20	അവതരണം, ചർച്ച	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
5	ചർച്ച/ സംശയനിവാരണം	10	ചർച്ച	



കുറിപ്പ്:

- ഓരോ ജീവിത ഘട്ടങ്ങളിലും കുട്ടികൾ അനുഭവിക്കുന്ന/അനുഭവിക്കുവാൻ സാധ്യതയുള്ള പ്രശ്നങ്ങൾ വിശകലനം ചെയ്ത് ചർച്ച ആരംഭിക്കുക.
- പ്രശ്നങ്ങൾ ക്രോഡീകരിച്ച ശേഷം അവയുടെ മനഃശാസ്ത്ര സമീപനത്തിന്റെ പ്രാധാന്യം വിശദമാക്കുക
- വളർച്ചയുടെ വിവിധ ഘടകങ്ങൾ ചർച്ചയിലൂടെ ക്രോഡീകരിക്കുക
- വളർച്ച ഘട്ടങ്ങളും വികാരങ്ങളും സംബന്ധിച്ച ചർച്ച നയിക്കുക
- വിവിധ ഘട്ടങ്ങളിൽ ലഭ്യമായ സഹായ സംവിധാനങ്ങൾ പരിചയപ്പെടുത്തുക





കട്ടികളുടെ മനഃശാസ്ത്രം
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION


കട്ടികളുടെ മാനസികാരോഗ്യത്തിന്റെ പ്രസക്തി
• ഇന്ത്യയിൽ കാണുന്ന 50% മാനസികാരോഗ്യപ്രശ്നങ്ങളും തുടങ്ങുന്നത് 14 വയസ്സിനു മുൻപും ആണ്
• 75% 24 വയസ്സിന് മുൻപ്
• മാനസികാരോഗ്യ പ്രശ്നങ്ങളും, മയക്കുമരുന്ന ഉപയോഗവും, ആത്മഹത്യയും ഈ പ്രായത്തിലെ രോഗാതുരതയും അകാലത്തിൽ ജീവിതം പൊലിയുന്നതിനും കാരണം ആകുന്നു.
• മദ്യവും, മയക്കുമരുന്നും, റോഡപകടങ്ങളും അക്രമങ്ങളും എല്ലാം തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു.



പ്രസവത്തോട് അനുബന്ധിച്ചുള്ള അമ്മയുടെ മാനസികാരോഗ്യം
ഗർഭകാലം?
• "ഗർഭാവസ്ഥയിൽ തുടങ്ങുന്ന തലച്ചോറിന്റെ വികാസം 90 ശതമാനവും പൂർത്തിയാകുന്നത് 2 വയസ്സിനു മുൻപാണ്.
• അതുകൊണ്ട് തന്നെ യാണ്, ആയിരം ദിവസങ്ങൾക്ക് വളരെ ഏറെ പ്രാധാന്യം കൽപ്പി ക്കുന്നത്.
• ഗർഭിണിയായി രിക്കുമ്പോൾ അമ്മയ്ക്കു ണ്ടാവുന്ന മാനസിക സമ്മർദ്ദവും, വിഷാദവും ഉത്കണ്ഠയും മറ്റും കുഞ്ഞിന്റെ തലച്ചോറി ന്റെ വളർച്ചയെ സാരമായി ബാധിക്കാം


പ്രസവപൂർവ്വ സമയം??
• പ്രസവശേഷവും ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തി പരിചരിക്കുന്നതിൽ നിന്നും ട്രീറ്റ്മെന്റ് കൊടുക്കുന്നതിൽ നിന്നും പിൻതിരിപ്പിച്ചേക്കാം.
• അമ്മയും കുഞ്ഞുമായുള്ള അടുപ്പം (Bonding) കുഞ്ഞിന്റെ തലച്ചോറിന്റെ വളർച്ച യിൽ വളരെ പ്രാധാന്യം ഉള്ളതാണ്.
• ഇതിലുള്ള പ്രശ്നങ്ങൾ കുട്ടിയുടെ ശാരീരിക വും മാനസികവും മാത്രമല്ല, ബുദ്ധിപരവുമായ വളർച്ചയെയും പ്രതികൂലമായി ബാധിക്കുന്നു.


കേരളത്തിലെ നല്ല തുടക്കങ്ങൾ മാതൃകകൾ
'അമ്മ മനസ്സ്' - മാതൃ ശിശു മാനസികാരോഗ്യപദ്ധതി
ആർദ്രം മിഷന്റെ കീഴിൽ തുടങ്ങിയിട്ടിക്കുന്ന ഈ പദ്ധതി കേരളത്തിലെ പ്രാഥമി കാരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്നു. നിലവിലുള്ള ഗർഭിണികളുടെയും, അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പരിശോധനയോടൊപ്പം ഇത് നടപ്പാക്കുന്നു. ഗർഭാവസ്ഥയിലും പ്രസവശേഷവും, അമ്മയുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുകയും വേണ്ട ഇടപെടലുകൾ പ്രാഥമിക തലത്തിൽ തന്നെ നടത്തുവാനും വിഭാവനം ചെയ്യുന്നു.


നല്ല ഘടകങ്ങളും മോശം ഘടകങ്ങളും





ഒരു നല്ല വീടിന്
തുല്യം വെക്കാൻ
ലോകത്തൊരു
സ്കൂളുമില്ല. നന്മയുള്ള
മാതാപിതാക്കൾക്ക്
തുല്യം വെക്കാൻ
ലോകത്തൊരു
അദ്ധ്യാപകനുമില്ല.



പോസിറ്റീവ് പാരന്റിംഗ്
റ്റിപ്പുകൾ?


കേരളത്തിലെ
നല്ല ശീലങ്ങൾ
മാതൃകകൾ
പാരന്റിംഗ് ക്ലിനിക്കുകൾ
പാരന്റിംഗ് ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു. സ്കൂടീഷൻ ക്ലിനിക്കുകളോടനു ബന്ധിച്ചു പ്രവർത്തിക്കുന്ന ഈ ക്ലിനിക്കുക ളിൽ ഓരോന്നിലും ആഴ്ചയിൽ ഒരിക്കൽ, പ്രത്യേക പരിശീലനം ലഭിച്ച രണ്ട് കൗൺസിലർമാരുടെ സേവനം ലഭ്യമാണ്. ഘട്ടം ഘട്ടമായി എല്ലാ പഞ്ചായ ത്തുകളിലും ഈ പ്രവർത്ത നങ്ങൾ ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്.


കേരളത്തിലെ
നല്ല ശീലങ്ങൾ
മാതൃകകൾ
കുട്ടി പോലീസ് (Student Police Cadets - SPC) പദ്ധതി


കേരളത്തിലെ
നല്ല ശീലങ്ങൾ
മാതൃകകൾ
Our Responsibility of Children (ORC)
കേരളത്തിലെ 500-ൽ അധികം സ്കൂളു കളിൽ ORC പദ്ധതി നടപ്പാക്കി വരുന്നു. ICPS (Integrated Child Protection-Scheme) ന് കീഴിലുള്ള ഈ പദ്ധതി വിദ്യാഭ്യാസം, ആരോഗ്യം, പോലീസ് എന്നി വകുപ്പുക ളുടെ സഹകരണത്തോടെയാണ് നടപ്പിലാ ക്കുന്നത്.


സാമൂഹിക പ്രതിസന്ധികൾ
(ACE-Adverse Childhood Experience)
ചെറുപ്രായത്തിൽ കഞ്ഞുങ്ങൾ നേരിടേണ്ടിവരുന്ന സാമൂഹിക പ്രതിസന്ധികൾ ഒ കോവിഡ് കാലം , Child abuse
കുട്ടികൾ വളർന്ന വലുതാകുമ്പോൾ ഗുരുതരമായ ശാരീരികവും മാനസികവുമായ പ്രശ്ന ങ്ങൾക്ക് വഴി വച്ചേക്കാം
ഇത് നേരത്തെയുള്ള മരണത്തിനു വരെ കാരണമാകാം



ചെറുപ്പത്തിലേ തുടങ്ങുന്ന വഴി


ശ്രദ്ധിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ
മേഖല
പരിണിതഫലം/പ്രശ്നങ്ങൾ
പഠനമികവ്
പ്രതീക്ഷിച്ചതുപോലെ ഉയരാൻ കഴിയുന്നില്ല. പഠനം പൂർത്തിയാക്കാതെ ഇടയ്ക്ക് വച്ച് നിർത്തുന്നു.
ജോലി
ജോലി കിട്ടാൻ ബുദ്ധിമുട്ട്, ഒരു ജോലിയിലും സ്ഥിരമായി തുടരാതിരിക്കുക.
വിവാഹം/കുടുംബം
കുടുംബപ്രശ്നങ്ങളും, വിവാഹ മോചനവും കൂടുതലാകുന്നു.
സാമൂഹിക ജീവിതം
ബന്ധുക്കളിൽ നിന്നും, കൂട്ടുകാരിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കേണ്ടി വരുന്നു.



ശ്രദ്ധിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ
ശാരീരികാരോഗ്യം
ആശുപത്രിയിൽ അഡ്മിറ്റാകേണ്ടി വരുന്നു (കാരണങ്ങൾ: വാഹനാപകടം, മദ്യത്തിന്റെയും മയക്കുമരുന്ന് ഒന്നിന്റെയും ഉപയോഗം, ആത്മഹത്യ, ജീവിത ശൈലീ രോഗങ്ങളുടെ നിയന്ത്രണമില്ലായ്മ)
മാനസികാരോഗ്യം
ഉയർന്ന തോതിലുള്ള മാനസിക പ്രശ്നങ്ങൾ.
അകാല വാസന
പോലീസ് അറസ്റ്റ് ചെയ്യുക, മദ്യപിച്ച് വാഹനം ഓടിക്കുക.
അടുത്ത തലമുറ
പെരുമാറ്റ പ്രശ്നമുള്ള കുട്ടികൾ ഉണ്ടാകുന്നു.


നമ്മുടെ നാട്ടിലെ പഠനങ്ങൾ
തിരുവനന്തപുരം ജയിലിൽ പുതിയതായി പ്രവേശിപ്പിച്ച 450 തടവുകാരെ പഠിച്ചപ്പോൾ അവരിൽ മൂന്നിൽ ഒരാൾക്ക് ശ്രദ്ധക്കുറവിന്റെയും അമിത ചലനാത്മകത (ADHD) യുടെയും ലക്ഷണങ്ങൾ കാണപ്പെടുന്നതായി.
രണ്ടിൽ ഒരാൾക്ക് മദ്യപാനശീലവും ഉണ്ട്.
അതിലും ഗൗരവമേറിയ കാര്യം ഇവരിൽ 56% പേർക്കും ചെറിയ പ്രായത്തിൽ ADHD യുടെ ലക്ഷണങ്ങൾ ഉണ്ടായിരുന്നു എന്നതാണ്.
സമയത്ത്, വീട്ടിലും സ്കൂളുകളിലും വേണ്ട ഇടപെടലുകൾ നടത്തിയിരുന്നെങ്കിൽ ഒരു പക്ഷേ ഈ ജയിലിൽ എത്തേണ്ട അവസ്ഥ തന്നെ ഒഴിവാക്കാമായിരുന്നു.


കോവിഡ് കാലത്തെ കുട്ടികളുടെ പ്രശ്നങ്ങൾ കുട്ടികളിലൂടെ (Peer mentoring) തന്നെ പരിഹരിക്കാനും, കൂടുതൽ സഹായം വേണ്ടവരെ റെഫർ ചെയ്യാനും ഈ പരിപാടിയിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ (9497900200) സഹായങ്ങൾക്കായി വിളിക്കാവുന്നതാണ്. ആത്മഹത്യ പ്രവണതയ്ക്കെതിരെയും, മൊബൈൽ/ഗെയിം അഡിക്ഷൻ എന്നിവയുടെ പ്രത്യേക പരിശീലനങ്ങൾ ഇതിൽ പ്രവർത്തിക്കുന്നവർക്ക് നൽകുന്നു. പ്രത്യേക പരിശീലനം ലഭിച്ച കൗൺസിലർമാരുടെയും, സൈക്കോളജിസ്റ്റുകളുടെയും, സൈക്യാട്രിസ്റ്റുകളുടെയും സേവനം ഇതിലൂടെ തേടാവുന്നതാണ്.
Chiri help line:
94979 00200


All Police Commissionerates
Tvpm City ,
Kollam City ,
Cochin City ,
Thrissur City ,
Kozhikode City
& Kannur City
Chiri help line:
94979 00200






Digital De ADdiction centers in 6 Districts
D-DAD
DIGITAL
DE-ADDICTION
CENTRE
INITIATIVE OF SOCIAL POLICING DIVISION OF KERALA POLICE


D-DAD
9497 900 200
D-DAD




HELP TO CARRY ONE ANOTHERS BURDEN


MANASA
മാനസ
MANASA
മാനസ
• മാനസികമായും നൃറോളജി സംബന്ധമായും ബുദ്ധിമുട്ടുന്ന രോഗികളുടെ സമ്യം സഹായ അസോസിയേഷൻ-1999
• "ആരോഗ്യമുള്ള മനസ്സും കുടുംബവും സമൂഹവും"


കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസലിംഗ് (CGAC)
ഹയർ സെക്കന്ററി കുട്ടികൾക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നൽകുന്നു. ഇതിനു കീഴിൽ സ്കൂളുകളിൽ 'സൗഹൃദ ക്ലബ്ബുകൾ' സജീവമാണ്.

ജീവനി- കോളേജ് വിദ്യാർത്ഥികൾക്ക്

ജീവനി

സംസ്ഥാനത്തെ 53 ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായുള്ള പദ്ധതി. എല്ലാ കോളേജുകളിലും പരിശീലനം ലഭിച്ച കൗൺസിലർമാരിലൂടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

കേരളത്തിലെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- 2019



പ്രത്യേക സംരക്ഷണം വേണ്ട കുട്ടികൾ (CNCP-Child in Need of Care Protection)

- സംസ്ഥാനത്തെ ബാലസംരക്ഷണ ഹോമുകളിൽ (Childrens Home) കഴിയുന്ന കുട്ടികളിൽ മൂന്നിൽ ഒരാൾക്ക് മാനസികാ രോഗപ്രശ്നങ്ങൾ ഉണ്ട്
- ഇത്തരം സ്ഥാപനങ്ങളിൽ ആയിരക്കണക്കിന് കുട്ടികൾ താമസിക്കുന്നു.
- കൂടുതൽ നാൾ സ്ഥാപനങ്ങളിൽ നിൽക്കുന്തോറും കൂടുതൽ പ്രശ്നങ്ങളുണ്ടാകുന്നു
- പ്രത്യേക സംരക്ഷണം വേണ്ട കുട്ടികൾക്ക് അവ തക്കസമയത്ത് നൽകുകയാണെങ്കിൽ അവർ ഭാവിയിൽ നിയമ ലംഘനങ്ങളിൽ പെടുന്ന കുട്ടികളാകുന്നത് (CCL Child in Conflict with Law) തടയാനാവും

SMART- T

സംസ്ഥാനത്തെ പ്രത്യേക പരിഗണനയും ശ്രദ്ധയും വേണ്ട കുട്ടികൾ താമസിക്കുന്ന സ്ഥാപനങ്ങൾക്കു വേണ്ടി ORC യുടെ സഹായത്തോടെ രൂപപ്പെടുത്തിയ പരിപാടിയാണ് ഇത്. Life Skill അധികരിച്ചുള്ള മൂന്നു ദിവസത്തെ ക്യാമ്പും ഒരു വർഷം നീണ്ടുനിൽക്കുന്ന തുടർപ്രവർത്തനങ്ങളും ഇതിൽ പെടുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എൻ.എസ്സ്.എസ്സ് യൂണിറ്റിലെ മെഡിക്കൽ വിദ്യാർത്ഥികളും നേഴ്സിംഗ് വിദ്യാർത്ഥികളും തിരുവനന്തപുരത്തെ ഈ പ്രവർത്തനങ്ങളിൽ ചേർന്നു പ്രവർത്തിക്കുന്നു.

നിയമലംഘനങ്ങളിൽപ്പെട്ട് ജെ.ജെ. ബോർഡിൽ എത്തുന്ന കുട്ടികൾ വീണ്ടും പ്രശ്നങ്ങളിൽപ്പെടാതിരിക്കാൻ വേണ്ടിയാണ് 'കാവൽ' പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ജില്ലകളിലെ സർക്കാരേതരസ്വച്ഛന്ദ സംഘടനകളുടെ സഹായത്തോടെ ഈ കുട്ടികൾക്ക് അവരുടെ വീട്ടിലും സമൂഹത്തിലും തുടർന്നുള്ള സഹായങ്ങളും നിരീക്ഷണവും ഉറപ്പാക്കുകയാണ് 'കാവലി'ലൂടെ ചെയ്യുന്നത്. ഇതെ പോലെ തന്നെ പ്രത്യേക ശ്രദ്ധയും പരിചരണവും വേണ്ട കുട്ടികളുടെയും, POCSO കേസുകളിൽ ഉൾപ്പെട്ട പെൺകുട്ടികളുടെയും പരിചരണം സമൂഹത്തിൽ തന്നെ ഉറപ്പാക്കുന്നതിനാണ് 'കാവൽ പ്ലസ്' രൂപപ്പെടുത്തിയിരിക്കുന്നത്. തിരുവനന്തപുരം ഉൾപ്പെടെ 7 ജില്ലകളിൽ സാമൂഹിക ക്ഷേമവകുപ്പിനു കീഴിൽ 'കാവൽ പ്ലസ്' പദ്ധതിയും, എല്ലാ ജില്ലകളിലും 'കാവൽ' പദ്ധതി തുടങ്ങിയിട്ടുണ്ട്.


HOPE

പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പരാജയപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി പരീക്ഷ പാസ്സാകാൻ സഹായിക്കുകയും, ജീവിതത്തിലേക്ക് തിരികെ കൊണ്ടു വരികയും ചെയ്യുന്ന പദ്ധതിയാണിത്. ORC, SPC, CHIRI എന്നീ പദ്ധതികൾ പോലെ പോലീസ് ഡിപ്പാർട്ടുമെന്റാണ് ഇതിനു നേതൃത്വം കൊടുക്കുന്നത്. മയക്കുമരുന്ന് ഉപയോഗത്തിലേക്കും കുറ്റകൃത്യങ്ങളിലേക്കും മറ്റ് പ്രശ്നങ്ങളിലേക്കും കുട്ടികൾ വഴുതിപ്പോകാതിരിക്കാൻ ഇത്തരം പ്രവർത്തനങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.






ഭിന്നശേഷിക്കാരായ കുട്ടികൾ
നാഷണൽ ട്രസ്റ്റ് ആക്ട് 1999
RPWD നിയമം 2016
സമഗ്ര ശിക്ഷാകേരളം
ഭിന്നശേഷിക്കാർക്കുള്ള സംയോജിത വിദ്യാഭ്യാസം (IED)
ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ -168 ഓട്ടിസം കേന്ദ്രങ്ങൾ
484 പ്രത്യേക പരിചരണ കേന്ദ്രങ്ങൾ
ബഡ്സ് സ്കൂൾ
ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ
ആശ്വാസകിരണം പദ്ധതി


'Aashwasam' to tackle depression
ആശ്വാസം
വിഷാദം: നമുക്ക് സംസാരിക്കാം


Primary care Screening Questionnaire for Depression (PSQ4D) *



NCD സ്ക്രീനിങ്ങിന്റെ ഭാഗമായി ഡിപ്രഷൻ സ്ക്രീനിംഗ് -SHAILI
ജനസംഖ്യാടിസ്ഥാനത്തിലുള്ള NCD സ്ക്രീനിംഗ് -ആശ പ്രവർത്തകർ
17360285
15012902
2753970
895610
40912
776783
95998
111925
434705
1626322
1316013
617109
106595
187442
4626714


KASARGOD
KANNUR
WAYNAD
KOZHIKODE
MALAPPURAM
THRISSUR
PALAKKAD
ERNAKULAM
IDUKKI
KOTTAYAM
ALAPPUZHA
KOLLAM
THIRUVANANTHAPURAM
ജില്ലാ മാനസികാരോഗ്യ പരിപാടി (DMHP)


നമുക്ക് എന്തു ചെയ്യാൻ കഴിയും?
ശരീരത്തിന്റെ ആരോഗ്യത്തിന് നാം കൊടുക്കുന്ന പ്രാധാന്യം പോലെ തന്നെ പ്രധാന്യം മാനസികാരോഗ്യത്തിനും നൽകണം.
ഗർഭകാലം മുതൽ തന്നെ കുഞ്ഞിന്റെ വളർച്ചയിൽ അനുയോജ്യമായ സാഹചര്യങ്ങൾ ഉണ്ടാക്കാൻ ശ്രദ്ധിക്കണം.
കുട്ടിയുടെ വളർച്ചയുടെ നല്ല ഘടകങ്ങൾ വർദ്ധിപ്പിക്കുകയും മോശമായവ കുറയ്ക്കുകയും വേണം.
കുഞ്ഞിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും നിരന്തരമായ വിലയിരുത്തലുകൾ വേണം.
ഇവ കൃത്യമായി രേഖപ്പെടുത്തുന്ന ഡയറി ഓരോ കുട്ടിയ്ക്കും ഉണ്ടായിരിക്കണം.




നമുക്ക് എന്തു ചെയ്യാൻ കഴിയും?
ഏതെങ്കിലും തരത്തിലുള്ള അപായ സൂചനകൾ കണ്ടാൽ വേണ്ട നിർദ്ദേശങ്ങൾ രക്ഷ കർത്താക്കൾക്ക് ലഭ്യമാക്കണം.
'പോസിറ്റീവ് പാരന്റിംഗ്' ഓരോ വീട്ടിലും നടക്കണം എന്ന് ഉറപ്പാക്കണം.
സ്കൂളുകളിലും കോളേജുകളിലും കട്ടികളുടെ ചെറുപ്പക്കാരുടെ ശാരീരികവും, മാനസികവും, ബൗദ്ധികവുമായ വളർച്ചയ്ക്കാവശ്യമായ അനുകൂല സാഹചര്യങ്ങൾ ഒരുക്കാൻ വേണ്ട ഇടപെടലുകൾ നടത്താൻ ഓരോ അദ്ധ്യാപകനും കഴിയണം
ജീവിത നിപുണത (Life skills) പാഠ്യ പദ്ധതിയുടെ ഭാഗമാക്കണം.
ഇല്ലാവഴി പഠനം മെച്ചപ്പെടുന്നതിനും സ്വന്തം കഴിവുകൾ മനസ്സിലാക്കി വിജയിക്കുവാനും, സന്തോഷത്തോടെ ജീവിക്കാനും കട്ടികൾക്ക് സാധിക്കും.


നമുക്ക് എന്തു ചെയ്യാൻ കഴിയും?
മാനസികാരോഗ്യപ്രശ്നമുള്ള പ്രവർത്തിക്കുന്നവർ ആശുപത്രിയുടെയും, കൺസൾ ട്ടേഷൻ റൂമിന്റെയും നാലുചുമരുകൾക്ക് പുറത്ത് വന്ന് സാമൂഹികമായ ഇടപെടലുകൾക്ക് നേതൃത്വം കൊടുക്കണം.
ഓരോ വ്യക്തിയും, കുടുംബവും, സമൂഹവും മാനസികാരോഗ്യം സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
ഇത്തരം പ്രവർ ത്തനങ്ങൾ കുറഞ്ഞ ചിലവിൽ കൂടുതൽ പേരിൽ എത്തിക്കാൻ സാധിക്കും(WHO)


നന്ദി



സെഷൻ–7

ചൈൽഡ് അഡ്വൈസറി ബോർഡ് (CAB)

1. ലക്ഷ്യം :
   - ചൈൽഡ് അഡ്വൈസറി ബോർഡ് എന്താണ്, അവരുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെ, ഇവരുടെ പ്രവത്തനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയവ ബോദ്ധ്യപ്പെടുത്തുക
2. സമയം : 40 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ആമുഖം – അവതരണം	5	അവതരണം	
2	ഗ്രൂപ്പ് ചർച്ച	35	ഗ്രൂപ്പ് ചർച്ച	CAB റീഡിംഗ് മെറ്റീരിയൽ

കുറിപ്പ്:

- ഫെസിലിറ്റേറ്റർ ആമുഖമായി എങ്ങനെ ഗ്രൂപ്പ് തിരിക്കണം, അവിടെ എങ്ങനെ ചർച്ച ചെയ്യണം, എന്താണ് തിരികെ അവതരിപ്പിക്കേണ്ടത് എന്നത് സംബന്ധിച്ച് അവതരിപ്പിക്കണം. ആദ്യം ചർച്ച ചെയ്യുന്നതിന് C A B സംബന്ധിച്ച കുറിപ്പ് ഗ്രൂപ്പിന് നൽകണം. അവർ ക്യാമ്പിന്റെ ഘടന, ചുമതലകൾ എന്നിവ വായിച്ച് ചർച്ച ചെയ്യണം. അവരുടെ പ്രവർത്തനത്തിന് സഹായമായി എങ്ങനെയാണ് CRC പ്രവർത്തിക്കേണ്ടത് എന്നതാണ് ചർച്ച ചെയ്യേണ്ടത്. ഇവിടെയും പുതിയ മിക്സഡ് ഗ്രൂപ്പ് ആയിരിക്കണം. 35 മിനിറ്റ് ചർച്ചക്കായി നൽകണം. തുടർന്ന് അടുത്ത സെഷന്റെ ചർച്ചക്കുള്ള കുറിപ്പ് നൽകണം. ഗ്രൂപ്പിൽ എല്ലാവരും അവതരിപ്പിക്കുന്നതിനുള്ള കുറിപ്പ് നൽകണം. ഫെസിലിറ്റേറ്റർ പറയുന്ന ഒരാൾ ആവണം ഗ്രൂപ്പിൽ നിന്നും അവതരിപ്പിക്കാൻ. സി.പി.സി സംബന്ധിച്ച കുറിപ്പിന്റെ ചർച്ച കൂടി പൂർത്തിയാക്കിയ ശേഷം അവതരണം നടത്തിയാൽ മതി.



സെഷൻ-8

ചെൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി

1. ലക്ഷ്യം :
   - തദ്ദേശസ്വയംഭരണ സ്ഥാപനതല, വാർഡ്തല, ജില്ലാതല CWPC യുടെ ഘടന തിരിച്ചറിയുക
   - അവരുടെ ഉത്തരവാദിത്തങ്ങളും പ്രവർത്തനങ്ങളും ബോദ്ധ്യപ്പെടുത്തുക
2. സമയം : 100 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ഗ്രൂപ്പ് ചർച്ച – CWPC	40	അവതരണം, ചർച്ച	പിപിടി , ചാർട്ട് , മാർക്കർ
2	ഗ്രൂപ്പ് അവതരണം	45	അവതരണം	ചാർട്ട് , മാർക്കർ
3	ക്രോഡീകരണം	15	അവതരണം, ചർച്ച	പിപിടി

കുറിപ്പ്:

CWPC യുടെ ജില്ല, തദ്ദേശ സ്വയംഭരണം, വാർഡ്തലത്തിലെ ഘടന, ഉത്തരവാദിത്വങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ വായിച്ച് ചർച്ച ആരംഭിക്കണം. ഇതിന്റെ അവതരണ കുറിപ്പും എല്ലാവരും തയ്യാറാക്കണം. ഫെസിലിറ്റേറ്റർമാർ ആവശ്യപ്പെടുന്ന ആളാണ് ഇവിടെയും അവതരിപ്പിക്കേണ്ടത്. സംശയങ്ങളും. സി. ഡബ്ല്യു. പി. സി യുടെ പ്രവർത്തനത്തിന് സി.ആർ.സിയുടെ റോൾ എന്തായിരിക്കണം എന്നത് സംബന്ധിച്ചായിരിക്കണം. ഈ രണ്ട് അവതരണങ്ങൾക്കും ശേഷം 15 മിനിറ്റ് എടുത്ത് ഫെസിലിറ്റേറ്റർ ക്രോഡീകരിക്കണം. ക്രോഡീകരിക്കുമ്പോൾ സി.ആർ.സി യുടെ പ്രവർത്തനം എങ്ങനെ ആയിരിക്കണം അത് CAB ന്റേയും CWPC കളുടെയും പ്രവർത്തനം, മോണിറ്ററിംഗ് , വിലയിരുത്തൽ എന്നിവയ്ക്ക് സി.ആർ.സിയുടെ പ്രവർത്തനം ഉറപ്പിക്കുന്ന തരത്തിലാവണം ക്രോഡീകരണം.
















നം	കമ്മിറ്റിഅംഗങ്ങൾ	പദവി
1	മെമ്പർ / കൗൺസിലർ	ചെയർപേഴ്സൺ
2	അംഗനവാടി വർക്കർ	കൺവീനർ
3	ആശ വർക്കർ	അംഗം
4	എഡിഎസ് ചെയർപേഴ്സൺ	അംഗം
5	പ്രൊമോർട്ടർ (പട്ടികജാതി/പട്ടികവർഗം) ഓരോരുത്തർ	അംഗം
6	4 കുട്ടികൾ (ബാല പഞ്ചായത്ത്/ബാല സഭ പ്രതിനിധികൾ ഉചിതം) അതിൽ 2 പേരെങ്കിലും പെൺകുട്ടികൾ ആയിരിക്കണം.	അംഗങ്ങൾ




7	വാർഡ് പരിധിയിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	അംഗം
8	സിബിഒ പ്രതിനിധി (സ്പോർട്സ്, ലൈബ്രറി, വൊളന്റിയർ അസോസിയേഷൻ എന്നിവർ), ഓരോ പ്രതിനിധികൾ	അംഗം
9	വാർഡ് പരിധിയിലുള്ള എല്ലാ സ്കൂളിൽ നിന്നും ഓരോ അധ്യാപകരും ഓരോ പി ടി എ പ്രതിനിധികളും	അംഗങ്ങൾ
10	കുട്ടികളുടെ മേഖലയിൽ പ്രവർത്തിച്ച് അനുഭവജ്ഞാനമുള്ള വിദഗ്ധരായ രണ്ട് സന്നദ്ധപ്രവർത്തകർ (ഒരാൾ സ്ത്രീ)	അംഗങ്ങൾ
11	സിബിഎം (CBM) പ്രതിനിധികൾ	അംഗങ്ങൾ
12	പോലീസ് / എക്സൈസ് പ്രതിനിധി	അംഗം
13	കൗൺസിലിന് വൈദഗ്ധ്യമുള്ള ഒരാൾ	അംഗം









ഗ്രാമ പഞ്ചായത്ത് തലം – ഘടന

നം	കമ്മിറ്റി അംഗങ്ങൾ	പദവി
1	പഞ്ചായത്ത് പ്രസിഡന്റ്	ചെയർപേഴ്സൺ
2	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (ക്ഷേമകാര്യം)	വൈസ് ചെയർപേഴ്സൺ
3	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ആരോഗ്യം, വിദ്യാഭ്യാസം	വൈസ് ചെയർപേഴ്സൺ
4	CDS സൂപ്പർ വൈസർ	കൺവീനർ
5	പഞ്ചായത്ത് സെക്രട്ടറി	അംഗം
6	ജില്ലാശിശുസംരക്ഷണ യൂണിറ്റിന്റെ ഒരു പ്രതിനിധി	അംഗം
7	2 സാമൂഹ്യപ്രവർത്തകർ (ഒരാൾ സ്ത്രീ ആയിരിക്കണം)	അംഗങ്ങൾ
8	ഗ്രാമപഞ്ചായത്ത് തന്നെസ്ഥിതി നാമനിർദേശം ചെയ്യുന്ന കുട്ടികളുമായി ബന്ധപ്പെട്ട സംവിധാനം/ പ്രസ്ഥാനം/NGO പ്രതിനിധി	അംഗം
9	ST പ്രമോട്ടർ	അംഗം
10	SC പ്രമോട്ടർ	അംഗം
11	ഏകൈസസ് ഇൻസ്പെക്ടർ	അംഗം
12	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ	അംഗം
13	സ്കൂൾ കൗൺസിലർ	അംഗം



14	ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക	അംഗങ്ങൾ
15	CWPO 2 ചൈൽഡ് വെൽഫെയർ പ്രോട്ടക്ഷൻ ഓഫീസർസ് (ഒരു വനിത ഓഫീസർ)	അംഗങ്ങൾ
16	ഹെൽത്ത് ഇൻസ്പെക്ടർ	അംഗങ്ങൾ
17	പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ സ്കൂളിലും നിന്നുള്ള PTA പ്രതിനിധികൾ (BUDS സ്കൂൾ, സ്പെഷ്യൽ സ്കൂൾ ഉൾപ്പെടെ)-2 പേർ	അംഗങ്ങൾ
18	ബാല പഞ്ചായത്ത് പ്രതിനിധി 2 പേർ (ഒരാളെങ്കിലും പെൺകുട്ടി ആയിരിക്കണം)	അംഗം







സെഷൻ-9

ബാലാവകാശ സംരക്ഷണ നിയമങ്ങൾ

1. ലക്ഷ്യം :
   - ഭരണഘടന കുട്ടികൾക്കുവേണ്ടി പ്രതിപാദിക്കുന്ന ഭാഗവും മനസിലാക്കുക
   - കുട്ടികളുടെ സംരക്ഷണത്തിനായുള്ള നിയമങ്ങളെക്കുറിച്ചു ധാരണ രൂപീകരിക്കുക
2. സമയം : 90 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ആമുഖം , [ഭരണഘടന നിയമങ്ങൾ]	20	ബ്രെയിൻ സ്റ്റോർമിങ് , പൊതുചർച്ച, അവതരണം	പിപിടി , വൈറ്റ് ബോർഡ്, മാർക്കർ
2	ഭരണഘടനയും കുട്ടികളും,	30	അവതരണം	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
3	പ്രധാന നിയമങ്ങൾ – ബാലനീതി നിയമം, പോക്സോ നിയമം, ശൈശവ വിവാഹ നിരോധന നിയമം, ബാലവേല നേരിടാനുള്ള നിയമങ്ങൾ, വിദ്യാഭ്യാസ അവകാശ നിയമം, നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് സൈബർ ഇടവുമായി ബന്ധപ്പെട്ട നിയമങ്ങൾ	30	പൊതുചർച്ച, ഉദാഹരണ ങ്ങൾ	പിപിടി, വൈറ്റ് ബോർഡ്, മാർക്കർ
4	ചർച്ച/ സംശയനിവാരണം	10	ചർച്ച	



കുറിപ്പ്:

- ഭരണഘടനയിൽ കുട്ടികളുമായി ബന്ധപ്പെട്ട ഭാഗങ്ങൾ സംബന്ധിച്ച് ചർച്ചയോടെ ക്ലാസ് ആരംഭിക്കുക
- ലഭിക്കുന്ന വിവരങ്ങൾ ചാർട്ടിൽ/ ബോർഡിൽ രേഖപ്പെടുത്തുക
- ഭരണഘടനയിലെ കുട്ടികളുമായി ബന്ധപ്പെട്ട ഭാഗങ്ങൾ അവതരിപ്പിക്കുക
- കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ ചർച്ചയിലൂടെ കണ്ടെത്തുകയും അവതരിപ്പിക്കുകയും ചെയ്യുക
- പ്രധാന നിയമങ്ങളെ പരിചയപ്പെടുത്തുകയും കുറ്റവും ശിക്ഷയും വിശദമാക്കി അവതരിപ്പിക്കുകയും വേണം.

കുട്ടികളുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങൾ

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുക, ആവശ്യ സന്ദർഭങ്ങളിൽ കുട്ടികളെ സഹായിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്. നമ്മുടെ ഭരണഘടനയും കുട്ടികളും കുട്ടികളുടെ ബലഹീനാവസ്ഥയും സംരക്ഷിക്കപ്പെടാനുള്ള അവരുടെ അവകാശവും തിരിച്ചറിഞ്ഞ് നിർമ്മിക്കപ്പെട്ടിരിക്കുന്നതാണ്. നമ്മുടെ രാജ്യത്തിൻറെ ഭരണഘടനയിൽ കുട്ടികളുടെ സംരക്ഷണത്തിനായി അനുശാസിക്കുന്ന പ്രധാന ആർട്ടിക്കിൾ താഴെ ചേർക്കുന്നു.

ആർട്ടിക്കിളും വിശദീകരണവും

ആർട്ടിക്കിൾ 14	തുല്യതയും തുല്യ നിയമ സംരക്ഷണവും
ആർട്ടിക്കിൾ 15	വിവേചനങ്ങൾക്കെതിരെ സംരക്ഷണം
ആർട്ടിക്കിൾ 15(3)	സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വ്യവസ്ഥകൾ
ആർട്ടിക്കിൾ 19	സ്വാതന്ത്ര്യം ആർട്ടിക്കിൾ 21 – ജീവിക്കാനുള്ള അവകാശം
ആർട്ടിക്കിൾ 21എ	6 – മുതൽ 14 വയസ്സുവരെ സൗജന്യവും നിർബന്ധപൂർവ്വമായ വിദ്യാഭ്യാസം
ആർട്ടിക്കിൾ 23	ബാലവേലയിൽ നിന്നും ബാല ഭിക്ഷാടണത്തിൽ നിന്നും സംരക്ഷിക്കപ്പെടൽ
ആർട്ടിക്കിൾ 24	14 വയസ്സിൽ താഴെയുള്ള ബാലവേല നിരോധനം
ആർട്ടിക്കിൾ 39 ഇ	ഈ പ്രായത്തിനും ശേഷിക്കും ചേരാത്ത തൊഴിലുകളിൽ നിന്ന് സംരക്ഷണം
ആർട്ടിക്കിൾ 39എഫ്	നല്ല സാഹചര്യവും ചൂഷണത്തിൽ നിന്നും അനാഥത്വത്തിൽ നിന്നുമുള്ള സംരക്ഷണം
ആർട്ടിക്കിൾ 45 ആർട്ടിക്കിൾ 51 എ (കെ)	6 വയസ്സിൽ താഴെയുള്ള കുരുതലും കുടുംബ വിദ്യാഭ്യാസവും ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള കുട്ടിക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നൽകാനുള്ള രക്ഷിതാവിന്റെയോ രക്ഷിതാവിന്റെയോ കടമ



ഇന്ത്യൻ പീനൽ കോഡ്

ഇന്ത്യൻ ശിക്ഷാനിയമത്തിലെ പുതിയ ഭേദഗതിയിൽ കുട്ടികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്ക് കൂടുതൽ കഠിനമായ ശിക്ഷകൾ നിർദ്ദേശിക്കുന്നു. 12 വയസ്സിൽ താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗത്തിന് ഇരയാക്കുന്നത് മരണശിക്ഷയും നൽകാവുന്ന കുറ്റമായി മാറ്റിയിട്ടുണ്ട്.

വകുപ്പ്	കുറ്റം	ശിക്ഷ
376(3)	16 വയസ്സ് താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നത്	20 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ തടവും കൂടാതെ പിഴയും
376(AB)	12 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നത്	വധശിക്ഷയോ ജീവപര്യന്തം തടവും പിഴയും
376(DA)	16 വയസ്സ് താഴെയുള്ള പെൺകുട്ടികളെ കൂട്ട ബലാത്സംഗത്തിനിരയാക്കുന്നത്	സംഘത്തിൽപ്പെട്ട ഓരോ അംഗത്തിനും ജീവപര്യന്തം തടവും പിഴയും
376(DB)	12 വയസ്സ് താഴെയുള്ള പെൺകുട്ടികളെ കൂട്ട ബലാത്സംഗത്തിന് ഇരയാക്കിയാൽ	സംഘത്തിൽപ്പെട്ട ഓരോ അംഗത്തിനും വധശിക്ഷയോ ജീവപര്യന്തം വരെ തടവും പിഴയും

ബാലനീതി നിയമം Juvenile Justice Act –

ഇന്ത്യൻ ഭരണഘടനയുടെ 14, 15, 19, 21, 23, 24 എന്നീ വകുപ്പുകൾ കുട്ടികളുടെ സുരക്ഷാ ബാല്യത്തിനായി നിയമങ്ങളും വ്യവസ്ഥകളും സംവിധാനങ്ങളും അനുശാജിക്കുന്നതിനാലും കുട്ടികളുടെ സാർവലൗകികമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച കുട്ടികളുടെ അവകാശ ഉടമ്പടി 1992 ഭാരതം ഉപ്പു വച്ചതിനാലും രാജ്യത്തെ ഓരോ കുട്ടിക്കും സുരക്ഷിതമായ ബാല്യം നൽകുക എന്നത് ഭാരതത്തിൻറെ കടമയാണ്. ഈ പശ്ചാത്തലത്തിലാണ് നാളിതുവരെ നിലനിന്നിരുന്ന കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു കൊണ്ടും സുരക്ഷിത ബാല്യത്തിന് സമഗ്രമായ ഒരു നിയമം സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

ഈ നിയമത്തിന്റെ പ്രധാന സവിശേഷതകൾ പരിശോധിക്കുമ്പോൾ വകുപ്പ് 2(12) പ്രകാരം 0 മുതൽ 18 വയസ്സ് വരെയുള്ള ഏതൊരാളെയും കുട്ടി എന്ന് നിർവചിക്കുന്നു. കൂടാതെ നിയമമായി പൊരുത്തപ്പെടാത്ത കുട്ടി (Child in Conflict) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (Child in Need of Care & Protection) എന്നിങ്ങനെ കുട്ടികളെ രണ്ടായി തരംതിരിക്കുകയും ചെയ്യുന്നു. ഗണം തിരിച്ച് ഏറ്റവും അനുയോജ്യമായ സേവനം കുട്ടിക്ക് ലഭിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം. കുട്ടികളെ രണ്ട് തരത്തിൽ നിർവചിക്കുന്നത്.

1) നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ



കുറ്റം ചെയ്തായി ആരോപിക്കപ്പെടുന്നതോ ചെയ്ത എന്ന് ബോധ്യപ്പെട്ടതും ആയ കുട്ടികളെയാണ് നിയമമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്ന് നിർവചിക്കുന്നത്

2) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ

ബാലവേല ചെയ്യുന്ന കുട്ടികൾ, ഭിക്ഷാടനം ചെയ്യുന്ന കുട്ടികൾ, അത്യാഹിതത്തിൽ പെടുന്ന കുട്ടികൾ, എച്ച്ഐവി എയ്ഡ്സ് ബാധിച്ച കുട്ടികൾ, ശാരീരികമായും ലൈംഗികമായും പീഡനത്തിന് ഇരയായ കുട്ടികൾ, ലഹരിപദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ, മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ തുടങ്ങിയവർ ആണ് ശ്രദ്ധയും സമരവും ആവശ്യമുള്ള കുട്ടികൾ.

കുട്ടികളെ രണ്ടായി തരംതിരിക്കുന്നതിനൊപ്പം തന്നെ അവരുടെ സംരക്ഷണത്തിനും പുനരാധിവാസത്തിനും ആവശ്യമായ സംവിധാനങ്ങളും ഈ നിയമം ഉറപ്പാക്കുന്നു. പൊരുത്തപ്പെടാത്ത കുട്ടികൾക്ക് വേണ്ടി ജുവനയിൽ ജസ്റ്റിസ് ബോർഡും ശ്രദ്ധയും സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി വെൽഫെയർ കമ്മിറ്റിയും എല്ലാ ജില്ലകളിലും ഉപയോഗിക്കാൻ ഈ നിയമം നിർദ്ദേശിക്കുന്നു. ദത്തെടുക്കൽ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ് എന്നിവയ്ക്ക് വേണ്ടി കുട്ടികളുടെ സുരക്ഷിതത്തിനായി സ്പെഷ്യൽ ജൂനിയർ പോലീസ് യൂണിറ്റ്, ചിൽഡ്രൻസ് ഹോംസ്, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം തുടങ്ങിയവർ സ്ഥാപിക്കുന്നതിനും ബാലനീതി നിയമം നിർദ്ദേശിക്കുന്നു.

ജുവനയിൽ ജസ്റ്റിസ് ബോർഡ് JJB

ബാലനീതി നിയമം 2015 ലെ 4 മുതൽ 26 വരെയുള്ള വകുപ്പ് പ്രകാരം നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനമാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്. മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഈ സംവിധാനത്തിൽ അതാത് ജില്ലകളിലെ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ആണ് ചെയർപേഴ്സൺ. രണ്ട് സാമൂഹിക പ്രവർത്തകർ കൂടി അംഗങ്ങളാ യുള്ള ഈ ബെഞ്ചില് കുറഞ്ഞത് ഒരു വനിതയുടെ പ്രാതിനിധ്യമെങ്കിലും ഉണ്ടായിരിക്കണം

നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളെ കേസെടുത്ത് 24 മണിക്കൂറിനുള്ളിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുമ്പാകെ ഹാജരാക്കേണ്ടതാണ്. അത്തരം കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ബാലനീതി നിയമം വകുപ്പ് 4 (1) പ്രകാരം ജുവനൈൽ ജസ്റ്റീസ് ബോർഡിനാണ്. 16 വയസുകഴിഞ്ഞതും വളരെ ഗൗരവപ്പെട്ട കുറ്റങ്ങൾ ചെയ്തതുമായ കുട്ടികളെ പ്രാഥമിക വിശകലന (Preliminary Assessment) ത്തിൽ കുട്ടിയെ മുതിർന്ന ആളെപ്പോലെ വിചാരണ ചെയ്യാം എന്ന് കാണുന്നപക്ഷം കേസ് കുട്ടികളുടെ കോടതിയിലേക്ക് മാറ്റാൻ ബോർഡിന് ഉത്തരവിടാൻ കഴിയും.



ബാലാവകാശ ലംഘനങ്ങളും അവയ്ക്ക് ബാലനീതി നിയമം അനുശാസിക്കുന്ന ശിക്ഷകളും

വകുപ്പ്	കുറ്റം	ശിക്ഷ
33	ഏതെങ്കിലും കുട്ടിയെ ഉപേക്ഷിച്ചോ നഷ്ടപ്പെട്ടോ കിട്ടിയിട്ട് അറിയിക്കാതിരുന്നാൽ	ആറുമാസം വരെ തടവും പിഴയും
42	കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ ബാലനീതി നിയമ പ്രകാരം സർക്കാർ രജിസ്ട്രേഷൻ വാങ്ങിയില്ലെങ്കിൽ	ഒരു വർഷം വരെ തടവും ഒരു ലക്ഷത്തിൽ കുറയാത്ത പിഴയും
74	കുറ്റകൃത്യത്തിന് ഇരയായ കുട്ടികളുടെയോ കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളുടെയോ വിവരങ്ങൾ പുറത്ത് വിടുക	ആറുമാസം വരെ തടവും 2 ലക്ഷം രൂപ വരെ പിഴയും
75	കുട്ടികളെ ആക്രമിക്കുക, ഉപദ്രവിക്കുക, അവഗണിക്കുക അതിലൂടെ കുട്ടികൾക്ക് മാനസിക, ശാരീരിക സമ്മർദ്ദം ഏൽപ്പിക്കുക	മൂന്നുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും
76	ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിക്കൽ	അഞ്ചുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും
77	കുട്ടികൾക്ക് മദ്യം, പുകയില തുടങ്ങിയ ലഹരി വസ്തുക്കൾ നൽകൽ	ഏഴുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും
78	മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും വില്പനയ്ക്കോ വിതരണത്തിനോ കള്ളക്കടത്തിനോ കുട്ടിയെ ഉപയോഗിച്ചാൽ	ഏഴുവർഷം വരെ കഠിന തടവും ഒരു ലക്ഷം രൂപ വരെ പിഴയും
79	അടിമവേല ചെയ്യിപ്പിക്കുകയോ ജോലി ചെയ്യിച്ച് സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്താൽ	അഞ്ചുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും
80	കുട്ടികളെ നിയമവിരുദ്ധമായി ദത്തെടുക്കുകയും ദത്തു നൽകുകയും ചെയ്യൽ	മൂന്നുവർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയും
81	കുട്ടികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്താൽ	അഞ്ചുവർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയും
82	സ്ഥാപനത്തിലെ അമിത ശിക്ഷ	മൂന്നുമാസം വരെ തടവും പിഴയും
83	പ്രശ്നങ്ങൾ ഉണ്ടാക്കാനായി കുട്ടികളെ ദുരുപയോഗം ചെയ്താൽ	ഒരു വർഷം വരെ തടവും അഞ്ചുലക്ഷം രൂപ പിഴയും



ചൈൽഡ് വെൽഫെയർ കമ്മിറ്റി

ശ്രദ്ധയും സംരക്ഷണം ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്ന സംവിധാനം രൂപപ്പെടുത്തുന്നതിന് ബാലനീതി നിയമവും ശുപാർശ ചെയ്യുന്നു എല്ലാ ജില്ലകളിലും ഈ സംവിധാനം ഉണ്ടാകണമെന്നും ഈ നിയമം പറയുന്നു ഒരു ചെയർപേഴ്സനും നാല് അംഗങ്ങളും ചേർന്നാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി

ചെയർപേഴ്സൺ കുട്ടികളുടെ സാവകാശം സംരക്ഷണ മേഖലയിൽ പ്രവർത്തി പരിചയമുള്ള ആളായിരിക്കണം മറ്റ് അംഗങ്ങളിൽ ഒരാളും വനിത ആയിരിക്കണം അംഗങ്ങളും കുട്ടികളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ പ്രാവീണ്യം ലഭിച്ച ആളുകൾ ആയിരിക്കണം ഒന്നാം ക്ലാസ് ജൂഡീഷണൽ അധികാരങ്ങളാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി നൽകിയിട്ടുള്ളത് കേരളത്തിലെ 14 ജില്ലകളും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സേവനം ലഭ്യമാണ്

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ ആർക്കുവേണമെങ്കിലും കമ്മിറ്റി മുൻപാകെയോ ഒരു അംഗത്തിന്റെ മുൻഭാഗ്യവും ഹാജരാക്കാവുന്നതാണ് ജില്ലകളിലുള്ള ചിൽഡ്രൻസ് സിഡബ്ല്യുസി ഫോമിലാണ് കൂടുന്നത്

സി ഡബ്ലിയുസിയുടെ പ്രവർത്തനങ്ങളും ഉത്തരവാദിത്വവും

1. കമ്മിറ്റി മുമ്പായി ഹാജരാക്കുന്ന കുട്ടികളെ സ്വീകരിക്കുക
2. ഹാജരാക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ തീരുമാനങ്ങൾ എടുക്കുക
3. സ്വമേധയാ കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏറ്റെടുത്ത് തീർപ്പാക്കുക
4. കുട്ടികളുടെ സംരക്ഷണത്തിന് വെല്ലുവിളിയായി ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അന്വേഷണം നടത്തുക
5. ശ്രദ്ധയും സംരക്ഷണവും അഭയവും ഉറപ്പുവരുത്തുക
6. ആവശ്യമെങ്കിൽ ഹാജരാക്കുന്ന കുട്ടികളുടെ വൈദ്യുതി പരിസരം നടത്തുകയും പ്രായം സ്ഥിരീകരിക്കുകയും ചെയ്യുക
7. കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനോടൊപ്പം കാണാതെ പോകുന്ന കുട്ടികളെ കണ്ടെത്തുന്നതിനും വീടിനുള്ള വീടുകളിൽ തിരിച്ചെത്തിക്കുന്നതിനും ആവശ്യമായ നടപടികൾ എടുക്കുക
8. കമ്മിറ്റിയുടെ നടപടിക്രമങ്ങളും ഓരോ കുട്ടികളെ കുറിച്ചും എടുത്ത തീരുമാനം എഴുതി തയ്യാറാക്കി സൂക്ഷിക്കുക
9. ബാലസൗഹൃദ അന്തരീക്ഷം കമ്മിറ്റിയിൽ ഉറപ്പുവരുത്തുക
10. കുഞ്ഞുങ്ങൾ ഇല്ലാത്ത മാതാപിതാക്കൾക്ക് പോസ്റ്റർ കെയർ നടപടികളുടെ നിയമവ്യവസ്ഥ പരിശോധിക്കുകയും കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്യുക
11. ദത്തെടുത്ത കുഞ്ഞുങ്ങളുടെ സാക്ഷ്യപത്രം നൽകുക
12. കുട്ടികളെ പാർപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിച്ച ആ സ്ഥാപനങ്ങളും സുഖമായി പ്രവർത്തനം മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.



13. കുട്ടികളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് മറ്റ് സർക്കാർ വകുപ്പുകളുമായും സ്ഥാപനങ്ങളുമായും സംയോജിച്ച് പ്രവർത്തിക്കുക
14. അതത് ജില്ലകളിലെ സന്നദ്ധസംഘടനകൾ, ആശുപത്രികൾ, കൗൺസിലിംഗ് സെന്ററുകൾ തുടങ്ങി കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനങ്ങളുടെ മേൽവിലാസപ്പട്ടിക

ദത്തെടുക്കൽ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്

കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടി ബാലനീതി നിയമം നിർദ്ദേശിക്കുന്ന മറ്റ് സംവിധാനങ്ങളാണിവ.

അഡോപ്ഷൻ

കുട്ടികളെ ബയോളജിക്കൽ ബാലൻസ് നിന്നും സ്ഥിരവും നിയമപരമായി വേർപെട്ട മറ്റൊരു ആളുടെ നിയമപരമായ എല്ലാ അവകാശവും കൂടി കുട്ടികളുമായി മാറുന്ന സംവിധാനമാണ് ദത്തെടുക്കൽ

പോറ്റിവളർത്തൽ Foster Care

സ്വന്തം കുടുംബത്തിൽ നിർത്താനോ ദത്തു കൊടുക്കാനോ കഴിയാത്ത കുട്ടികളെ താൽക്കാലികമായി മറ്റൊരു കുടുംബത്തിൽ പാർപ്പിക്കാൻ അനുവദിക്കുന്നതിന് പോസ്റ്റർ എന്ന് പറയുന്നു ചൈൽഡ് വെൽഫെയർ കമ്മിറ്റിയാണ് കുട്ടികളെ പോറ്റി വളർത്താൻ നൽകുന്നത്.

വീട്ടിൽ നിർത്തി ധനസഹായം നൽകൽ [Sponsorship

സമൂഹത്തിൽ ഏതൊരു കുട്ടിക്കും മെച്ചമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുവാനായി നൽകുന്ന സഹായങ്ങളെയാണ് സ്പോൺസർഷിപ്പ് എന്ന് പറയുക കുടുംബത്തോടൊപ്പം താമസിക്കാൻ കുട്ടിയെ സഹായിക്കാണ് ഇതിലൂടെ ചെയ്യുന്നത് ജില്ലാ സംരക്ഷണം ശിശു സംരക്ഷണ യൂണിറ്റ് വഴിയാണ് ധനസഹായം നൽകുക

സ്പെഷ്യൽ ജുവനയിൽ പോലീസ് യൂണിറ്റ്

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുവാനായി എല്ലാ ജില്ലയിലും ഒരു പ്രത്യേക പോലീസ് യൂണിറ്റ് സ്ഥാപിക്കണമെന്ന് ജുനിയർ പോലീസ് യൂണിറ്റ് കുട്ടികളുമായി ഇടപഴകുവാൻ പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരാണ് ഈ യൂണിറ്റിൽ നിയമിക്കേണ്ടത് ഇപ്പോൾ ജില്ലയിൽ ഡിസിആർബി ആണ് ഈ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നത്

ബാലസംരക്ഷണങ്ങൾ

- ചിൽഡ്രൻസ് ഹോം – ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ പുനരധിവസിപ്പാക്കാനുള്ള സദനങ്ങൾ
- ഒബ്സർവേഷൻ ഹോം – നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ താൽക്കാലമായി സംരക്ഷിക്കാനുള്ള സദനങ്ങൾ



- സ്പെഷ്യൽ ഹോം – നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ പുനരധിവസിപ്പിക്കാനുള്ള സദനങ്ങൾ
- ഷെൽട്ടർ ഹോം– സർക്കാർ അംഗീകാരത്തോടുകൂടി അത്യാവശ്യഘട്ടങ്ങളിൽ താൽക്കാലികമായി കുട്ടികളെ സംരക്ഷിക്കാൻ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടത്തുന്ന സദനങ്ങളെയാണ് ഷെൽട്ടർ ഹോം എന്ന് പറയുന്നത് .

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 [POCSO Act 2012]

കുട്ടികൾ രാജ്യത്തിന്റെ സമ്പത്ത് ആണെന്ന് തിരിച്ചറിവ് ഉണ്ടാക്കുകയും മാതാപിതാക്കൾ കുട്ടികളെ കരുതലും വളർച്ചയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും സർക്കാർ കുട്ടികൾക്ക് വേണ്ടി വിവിധ പദ്ധതിയിൽ ആവിഷ്കരിക്കുകയും ചെയ്യുമ്പോഴും കുട്ടികൾക്കെതിരായ അക്രമങ്ങൾ നിരന്തരം വർധിച്ചുവരികയാണ്. ഇതിനെ ഫലപ്രദമായി നേരിടാനുള്ള സമഗ്രമായ നിയമസംവിധാനങ്ങളുടെ പേര് അപര്യാപ്തതയും അബോധമില്ലായ്മയും ഒരു പരിധിവരെ അതിന് കാരണമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇതേവരെ നിലവിലുള്ള നിയമങ്ങളെ പരിശോധിച്ച വിലയിരുത്തി മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ സമഗ്രമായ നിയമം 2012 ൽ സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

കൂടാതെ ഭരണ ഘടന കുട്ടികൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുവാൻ അനുശാസിക്കുന്നതിനാലും കുട്ടികളുടെ അവകാശ ഉടമ്പടിയിൽ ഇന്ത്യ ഒപ്പുവെച്ചിട്ടുള്ളതിനാലും ഇത് സർക്കാരിന്റെ ഉത്തരവാദിത്വം കൂടിയാണ്.

നിർവ്വചനം .

ലൈംഗിക ആക്രമണം, ലൈംഗിക പീഡനം, അശ്ലീലം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിലും അങ്ങനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്ക് വേണ്ടി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം.

എന്തിനുവേണ്ടി

കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളെ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിപ്പിക്കുകയും ചെയ്യുക. വേശ്യവൃത്തിക്ക് മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്ക് വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക. അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും കുട്ടികളെ ചൂഷണം ചെയ്യുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിന് വേണ്ടിയാണ് ഇത്തരം ഒരു നിയമം സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ

കുട്ടികൾക്കെതിരെയുള്ള ലൈംഗിക നിയമം തരംതിരിച്ച് അതിനുള്ള നടപടിക്രമങ്ങളും ശിക്ഷയും വ്യവസ്ഥ ചെയ്യുന്നു.



വകുപ്പ്	കുറ്റം	ശിക്ഷ
3,4	ലൈംഗിക കടന്നു കയറ്റത്തിലൂടെയുള്ള ആക്രമണം	ഏഴു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും പിഴയ്ക്കും
5,6	ഗുരുതരമായ ലൈംഗിക കടന്നുവരത്തിലുള്ള ആക്രമണം	പത്തു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേക്ക് കടന്നു തടവിനും കൂടാതെ പിഴയ്ക്കും അർഹനാകുന്നതാണ്
7,9	ലൈംഗിക ആക്രമണം	മൂന്നുവർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട സർവ്വ ശിക്ഷിക്കും പിഴയ്ക്കും കൂടി അർഹനായി തീരുന്നതാണ്
9,10	ഗുരുതരമായ ലൈംഗിക ആക്രമണം	അഞ്ചുവർഷത്തിൽ കുറയാത്തതും ഏഴുവർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷിക്കും കൂടാതെ പിഴവ് ശിക്ഷിക്കും കൂടി അർഹനായി തീരുന്നതാണ്
11,12	ലൈംഗിക പീഡനം	മൂന്നുവർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് ശിക്ഷക്കും പിഴയ്ക്കും കൂടി അർഹനായി തീരുന്നതാണ്
13,14	അശ്ലീല കാര്യങ്ങൾക്ക് വേണ്ടി കുട്ടിയെ ഉപയോഗിക്കൽ	അഞ്ചുവർഷം വരെ ആകാവുന്ന തടവു ശിക്ഷയ്ക്കും കൂടാതെ പിഴയ്ക്കും അർഹനാകുന്നു
15	കുട്ടി ഉൾപ്പെടുന്ന അശ്ലീല സാമഗ്രികൾ ശേഖരിച്ചു വെച്ചാൽ	മൂന്നുവർഷം വരെ ആകാവുന്ന തടവ് ശിക്ഷയ്ക്കും കൂടാതെ പിഴയ്ക്കും അർഹനാകുന്നതാണ്
21	കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിലോ റെക്കോർഡ് ചെയ്യുന്നതിലോ വീഴ്ച വരുത്തിയാൽ	ആറുമാസം വരെ ആകാവുന്ന തടവ് ശിക്ഷയ്ക്കും കൂടാതെ പിഴയ്ക്കും അർഹനാകുന്നതാണ്
23	മാധ്യമങ്ങളിലെ റിപ്പോർട്ടുകളിലൂടെയും കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ അയാളുടെ പേര്, വിലാസം, ഫോട്ടോ, കുടുംബ വിവരങ്ങൾ, സ്കൂൾ, അയൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റു വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തിയാൽ	ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതായ തടവിനും അല്ലെങ്കിൽ പിഴയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടി ശിക്ഷാർഹമാണ്



കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിംഗ്

പത്തൊമ്പതാം വകുപ്പ് പ്രകാരം ആർക്കെങ്കിലും (കുട്ടിയടക്കമുള്ള) ഈ നിയമപ്രകാരമുള്ള കുറ്റകൃത്യം നടക്കാൻ സാധ്യതയുണ്ടെന്ന് ആശങ്കയുണ്ടെങ്കിലോ അത്തരം കുറ്റകൃത്യം നടന്നു എന്ന് അറിവുണ്ടെങ്കിലോ അയാൾ അത്തരം അറിവ്

എ.	സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന് അല്ലെങ്കിൽ
ബി.	ലോക്കൽ പോലീസ് നൽകേണ്ടതാണ്
19(2).	ഉപവ വകുപ്പ് (1) റിപ്പോർട്ട് അനുസരിച്ച് പോലീസ് ചെയ്യേണ്ടത്
19(ബി).	വിവരം നൽകിയ ആളിനെ വായിച്ചു കേൾപ്പിക്കണം
19(സി)	പോലീസ് യൂണിറ്റിൽ വെച്ചിട്ടുള്ള ബുക്കിൽ രേഖപ്പെടുത്തണം

കുട്ടിക്ക് ഉള്ളടക്കം മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ ആയിരിക്കണം രേഖപ്പെടുത്തേണ്ടത്.

മൊഴി രേഖപ്പെടുത്താനുള്ള നടപടിക്രമങ്ങൾ

വകുപ്പ്	വിവരണം
24	കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിൽ വച്ച് അല്ലെങ്കിൽ സാധാരണഗതിയിൽ താമസിക്കുന്ന സ്ഥലത്ത് വച്ചോ അല്ലെങ്കിൽ കുട്ടിക്ക് താല്പര്യമുള്ള സ്ഥലത്ത് വച്ചു കഴിയുന്നിടത്തോളം ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിത പോലീസ് ഓഫീസർ റെക്കോർഡ് ചെയ്യേണ്ടതാണ്
25	കുട്ടിയുടെ മുഴുവൻ സ്റ്റീറ്റ് രേഖപ്പെടുത്തുന്ന വിധം കുട്ടി പറയുന്നത് അതുപോലെതന്നെ റെക്കോർഡ് ചെയ്യേണ്ടതാണ് ക്രിമിനൽ നടപടിക്രമം164
26	കുട്ടിയുടെ രക്ഷാകർത്താക്കളുടെയും അല്ലെങ്കിൽ കുട്ടിക്ക് വിശ്വാസമുള്ള ആളുകളുടെയോ കുറ്റമിത്രത്തിന്റെയോ സാന്നിധ്യത്തിൽ കുട്ടി പറയുന്ന അതേ രീതിയിൽ തന്നെയായിരിക്കണം മൊഴി രേഖപ്പെടുത്തേണ്ടത്
27	പീഡനത്തിന് ഇരയായ പെൺകുട്ടിയാണെങ്കിൽ പരിശോധന നടത്തേണ്ടത് ഒരു വനിത ഡോക്ടർ ആയിരിക്കണം
28	സംസ്ഥാനസർക്കാർ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടി ആലോചിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുവാനുമായി ഓരോ ജില്ലയിലും ഒരു സെഷൻസ് കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ്
34	കുട്ടിയാണ് കുറ്റകൃത്യം ചെയ്യുന്നതെങ്കിൽ അതിനു പാലിക്കേണ്ട നടപടിക്രമവും സ്പെഷ്യൽ കോടതി വയസ്സ് നിർണയിക്കുന്ന രീതിയും (ബാലനീതി ആക്ട്) കുട്ടികളുടെ പരിചരണവും സംരക്ഷണവും വ്യവസ്ഥകൾക്കനുസൃതമായിരിക്കും
37	കുട്ടിയുടെ രക്ഷാകർത്താക്കളുടെയോ കുട്ടിക്ക് പൂർണ്ണ വിശ്വാസമുള്ള മറ്റൊരാളുടെയോ സാന്നിധ്യത്തിൽ രഹസ്യം ആയിട്ട് ആയിരിക്കണം വിചാരണ നടത്തേണ്ടത്



കുട്ടികളുടെ ശരിയായ വികാസത്തിനും സ്വകാര്യതയ്ക്കുള്ള അവകാശം സംരക്ഷിക്കുവാൻ കുട്ടികളുമായി ബന്ധപ്പെട്ട നിയമനടപടികളുടെ രഹസ്യാത്മക കാത്തുസൂക്ഷിച്ചുകൊണ്ടും നിയമം പ്രവർത്തികമാക്കണമെന്ന് ഓരോ ഘട്ടത്തിലും കുട്ടിയുടെ ഉത്തമ താൽപര്യത്തിനും നന്മയ്ക്കും പരമപ്രധാനം നൽകിക്കൊണ്ട് നടപ്പിലാക്കാൻ നമുക്ക് കഴിയണം. ഇതിലൂടെ ആരോഗ്യപരമായ, ശാരീരിക, മാനസിക, ഭൗതിക, സാമൂഹിക വികാസം ഉറപ്പ് വരുത്തിക്കൊണ്ട് നമ്മുടെ കുട്ടികളെ ഭാവിയിലേക്ക് തയ്യാറെടുപ്പിക്കുന്ന പ്രക്രിയയിൽ നമുക്കും പങ്കാളികളാകാം.

ബാലവേല നിരോധന ഭേതഗതി നിയമം 2016

എന്താണ് ബാലവേല

18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തെ നഷ്ടപെടുത്തുന്ന രീതിയിൽ ബാല്യം അപഹരിച്ചുകൊണ്ട് അവർക്ക് ശാരീരികവും, സാമൂഹികവും, വൈകാരികവും, മാനസികവുമായ ആപൽക്കരമായ ഏതെങ്കിലും തരത്തിലുള്ള ജോലികൾ ചെയ്യിക്കുന്നതിനെയാണ് ബാലവേല എന്ന് പറയുന്നത്. ഇൻ്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ കണക്കനുസരിച്ച് 168 മില്ല്യൺ കുട്ടികൾ ലോകത്താകമാനം ബാലവേലക്ക് ഇരയാകുന്നുണ്ട്.

18 വയസ്സിന് താഴെ തൊഴിലെടുക്കുന്ന എല്ലാവരും ബാലവേലക്കാരാണോ?

ബാലവേല നിരോധന നിയമം 1986 പ്രകാരം 14 വയസ്സിനുതാഴെയുള്ള കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നത് ബാലവേലയാണ്. സർക്കസ്, വർക്ക്ഷോപ്പ്, ഹോട്ടൽ, ടീ ഷോപ്പ്, റോഡ് സൈഡി ലുള്ള തെരുവോര ഭക്ഷണ പാനീയ വിൽപ്പന എന്നിവകൾ എല്ലാം ഇതിൽ ഉൾപ്പെടുന്നു.

ബാലവേല നിരോധന ഭേതഗതി നിയമം 2016 പ്രകാരം 14 നും 18 നും ഇടയിലുള്ള കൗമാരപ്രായക്കാർക്കും ബാലവേലയിൽ നിന്നും സംരക്ഷണം നൽകുന്നു. നിയമപ്രകാരം അനുശാസിച്ചിട്ടുള്ള ഷെഡ്യൂൾ A പ്രകാരമുള്ള 18 തരം തൊഴിലുകളിലും ഷെഡ്യൂൾ B പ്രകാരമുള്ള 65 വ്യവസായ പ്രക്രിയകളിലും കൗമാരക്കാർക്കും സംരക്ഷണം നൽകുന്നു.

14 നും 18 നും ഇടയിലുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന്ന് 2015 ലെ ബാല നീതി നിയമവും ഉണ്ട്. ഇത് പ്രകാരം 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ അവകാശങ്ങൾ ലംഘിച്ച കൊണ്ട് നിർബന്ധിപ്പിച്ച് ജോലികൾ ചെയ്യിപ്പിക്കുന്നത് കുട്ടികൾക്കെതിരെയുള്ള ചൂഷണം എന്ന ഗണത്തിൽപെടുന്നു.

ബാലവേലയിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

- ബാലാവകാശ ധ്വംസനം.
- കുട്ടികളുടെ ആത്മവിശ്വാസം നഷ്ടപ്പെടുന്നു.
- വിദ്യാഭ്യാസം നഷ്ടപ്പെടുന്നു.



- ശാരീരികവും മാനസികവുമായ പീഡനങ്ങൾ.
- വിട്ടുമാറാത്ത അസുഖങ്ങൾ.
- കുറഞ്ഞ വേതനം.
- ക്ലേശകരമായ ജോലി.
- ലൈംഗിക അതിക്രമം.

ബാലവേലയിൽ അകപ്പെട്ട കുട്ടിയാണോ എന്ന് എങ്ങിനെ ഉറപ്പ് വരുത്താം

ബാലവേലയിൽ അകപ്പെട്ടത് കുട്ടിയാണോ എന്ന് സംശായാസ്പദമായി കണ്ടെത്തിയാൽ ജില്ലാ ലേബർ ഓഫീസിലോ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലോ, തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ, ചൈൽഡ് ലൈനിലോ വിവരം അറിയിക്കുക.

കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ മുൻപിൽ ഹാജരാക്കുകയും വൈദ്യപരിശോധനക്കു ശേഷം കുട്ടിയാണെന്ന് കണ്ടെത്തിയാൽ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് കുട്ടിയെ സ്വന്തം കുടുംബത്തിൽ എത്തിക്കുന്നതിന് വേണ്ട പുനരധിവാസ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നതാണ്. കുട്ടിയുടെ ഉത്തമ താൽപ്പര്യം പരിഗണിച്ചായിരിക്കും പുനരധിവാസം.

ബാലവേല ശ്രദ്ധയിൽപ്പെട്ടാൽ എന്ത് ചെയ്യണം

ഏതെങ്കിലും ഭാഗങ്ങളിലെ വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ചെറുകിട വ്യവസായ ശാലകളിലും മറ്റിടങ്ങളിലും ജോലിചെയ്യുന്ന രീതിയിൽ കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിനെയോ, ചൈൽഡ് വെൽഫയർ കമ്മറ്റിയെയോ, ജില്ലാ ലേബർ ഓഫീസറെയോ, ചൈൽഡ്ലൈൻ പ്രവർത്തകരെയോ തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ (112) വിവരം അറിയിക്കേണ്ടതാണ്.

വിവരം നൽകുന്ന വ്യക്തി ആരാണെന്നുള്ളത് വെളിപെടുത്തുന്നതല്ല. തികച്ചും സ്വകാര്യതയോടെ വിവരങ്ങൾ സൂക്ഷിക്കുന്നതാണ്.

ബാലവേല നേരിടാനുള്ള നിയമങ്ങൾ

- ബാലവേല നിരോധന ഭേദഗതി നിയമം 2016 പ്രകാരം ബാലവേല ചെയ്യിപ്പിച്ചതായി കണ്ടെത്തിയാൽ 6 മാസം മുതൽ 2 വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ 20000 (ഇരുപതിനായിരം) രൂപ മുതൽ 50000 (അൻപതിനായിരം) രൂപ വരെ പിഴയും ഈടാക്കാവുന്നതാണ്.
- 2015 ലെ ബാലനീതി നിയമ പ്രകാരം കുട്ടികളെ ചൂഷണം ചെയ്യുന്നവർക്ക് എതിരെ 5 വർഷം വരെ തടവും 100000 (ഒരു ലക്ഷം) രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.
- 1976 ലെ ബോണ്ടഡ് ലേബർ സിസ്റ്റം അബോളിഷൻ ആക്ടും നിലവിലുണ്ട്. ഇത് പ്രകാരം 2000 (രണ്ടായിരം) രൂപ വരെ പിഴയും 3 വർഷം തടവും ലഭിക്കാവുന്ന കുറ്റമാണ്.



ബാലവേല സംബന്ധിച്ച സുപ്രീം കോടതി വിധി

ബഹുമാനപ്പെട്ട സുപ്രീം കോടതി സംസ്ഥാന സർക്കാരുകൾക്ക് കാലാകാലങ്ങളിൽ വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- അപകടകരമായ തൊഴിലുകളിൽ ജോലി ചെയ്യുന്ന കുട്ടികളുടെ സർവേ പൂർത്തിയാക്കൽ;
- നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ജോലി ചെയ്യുന്ന ഓരോ കുട്ടിക്കും കുറ്റക്കാരനായ തൊഴിലുടമ 20,000/- രൂപ നഷ്ടപരിഹാരം നൽകുക;
- അപകടകരമായ തൊഴിലുകളിൽ നിന്ന് പിൻവലിച്ച കുട്ടിയുടെ മുതിർന്ന അംഗത്തിന് ബദൽ തൊഴിൽ നൽകുക അല്ലെങ്കിൽ അപകടകരമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ കുട്ടിക്കും ഉചിതമായ സർക്കാർ 5,000/- രൂപ നൽകുക;
- ജോലിയിൽ നിന്ന് പിൻവലിച്ച കുട്ടിയുടെ കുടുംബത്തിന് 25,000/- രൂപ (തൊഴിലുടമ 20,000/- രൂപയും ഉചിതമായ ഗവൺമെൻ്റ് 5,000/- രൂപയും) കോർപ്പസിൽ പലിശ അടയ്ക്കൽ
- ജോലിയിൽ നിന്ന് പിൻവലിച്ച കുട്ടിക്ക് അനുയോജ്യമായ ഒരു സ്ഥാപനത്തിൽ വിദ്യാഭ്യാസം നൽകുക;
- ബാലവേല പുനരധിവാസ-ക്ഷേമനിധി ഫണ്ടിന്റെ ഭരണഘടന;
- നിരീക്ഷണത്തിനായി ഉചിതമായ ഗവൺമെന്റിന്റെ തൊഴിൽ വകുപ്പിൽ ഒരു പ്രത്യേക സെല്ലിന്റെ ഭരണഘടന.

കുട്ടികളുടെയും കൗമാരക്കാരുടെയും തൊഴിൽ പുനരധിവാസ ഫണ്ട് ലഭ്യമാക്കുക:

പുനരധിവാസ ഫണ്ടിന് നിയമപരമായ ബാക്കപ്പ് നൽകുന്നതിനായി, ബാലവേല (നിയന്ത്രണ നിരോധന) ഭേദഗതി നിയമം, 2016-ൽ ശിശു, കൗമാര തൊഴിലാളി പുനരധിവാസ ഫണ്ട് ജില്ലാതലത്തിൽ രൂപീകരിക്കുന്നതിനായി സർക്കാർ ഒരു വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്. രക്ഷപ്പെടുത്തുക മാത്രമല്ല, അവൻ്റെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനുമായി ശേഖരിക്കുന്ന തുകകൊണ്ട് അവൻ്റെ ഭാവി സുരക്ഷിതമാക്കുന്നു. കുട്ടിയുടെയോ കൗമാരക്കാരൻ്റെയോ തൊഴിലുടമയിൽ നിന്ന് ഈടാക്കുന്ന പിഴ തുക പുനരധിവാസ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും, കൂടാതെ ജോലിയിൽ നിന്ന് രക്ഷപ്പെട്ട ഓരോ കുട്ടിക്കും കൗമാരക്കാർക്കും ഉചിതമായ സർക്കാർ പതിനയ്യായിരം തുകയും ക്രെഡിറ്റ് ചെയ്യും.

വിദ്യാഭ്യാസ അവകാശ നിയമം (2009)

ഇന്ത്യയിലെ 6-14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കിയ ഒരു സുപ്രധാന നിയമനിർമ്മാണം. വിദ്യാഭ്യാസ വിടവ് നികത്താനും എല്ലാവർക്കും ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കാനും ഇത് ലക്ഷ്യമിടുന്നു.



3	6 – 1 4 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്നു.
11(1	പ്രവേശന സമയത്ത് വിവേചനം കാണിക്കുന്നതിൽ നിന്ന് സ്കൂളുകളെ വിലക്കുന്നു.
12(1)c)	പിന്നാക്ക വിഭാഗങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്യാൻ സ്വകാര്യ സ്കൂളുകളെ നിർബന്ധിക്കുന്നു. 1 7 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുക യെന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാക്കുന്നു.

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റാൻസസ് ആക്ട് (NDPS) (1985)

മയക്കുമരുന്ന് മയക്കുമരുന്നുകളും സൈക്കോട്രോപിക് പദാർത്ഥങ്ങളും അവയുടെ നിയമവിരുദ്ധമായ ഉപയോഗം തടയുന്നതിനും മയക്കുമരുന്ന് ദുരുപയോഗത്തിൻ്റെ ദോഷകരമായ ഫലങ്ങളിൽ നിന്ന് ആളുകളെ, പ്രത്യേകിച്ച് കുട്ടികളെ സംരക്ഷിക്കുന്നതിനും ഈ നിയമം കർശനമായി നിയന്ത്രിക്കുന്നു.

8	നിയമവിരുദ്ധമായ മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നിരോധിക്കുന്നു.
20	യുവാക്കൾക്ക് പ്രത്യേകിച്ച് അപകടസാധ്യതയുള്ള മയക്കുമരുന്നായ കഞ്ചാവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ പ്രത്യേകം അഭിസംബോധന ചെയ്യുന്നു.
27	നിയമവിരുദ്ധ മയക്കുമരുന്ന് അല്ലെങ്കിൽ സൈക്കോട്രോപിക് പദാർത്ഥത്തിന്റെ ഉപഭോഗം കുറ്റകരമാക്കുന്നു.

സൈബർ നിയമങ്ങൾ

ഓൺലൈൻ സുരക്ഷയെ അഭിസംബോധന ചെയ്യുന്ന നിയമങ്ങൾ ഇന്ത്യയിൽ ഉണ്ട്, പ്രത്യേകിച്ച് കുട്ടികൾക്കായി. ഈ നിയമങ്ങൾ ഓൺലൈൻ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനും ചൂഷണം ചെയ്യുന്നതിനും എതിരെ ലക്ഷ്യമിടുന്നു.

ഇൻഫർമേഷൻ ടെക്നോളജി ആക്ട് (2000): ഓൺലൈൻ ചൈൽഡ് പോണോഗ്രാഫിയും ലൈംഗിക ആവശ്യങ്ങൾക്കായുള്ള "ഗ്രൂമിംഗും" ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു.

ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം (പോക്സോ നിയമം) (2012): ഓൺലൈൻ പോണോഗ്രാഫിയും അതിന്റെ വിതരണവും ഉൾപ്പെടെയുള്ള കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനെ പ്രത്യേകമായി അഭിസംബോധന ചെയ്യുന്നു.

ഭാരതീയ ന്യായ സംഹിത, 2023

2023 ഡിസംബറിൽ നടപ്പിലാക്കിയ ഭാരതീയ ന്യായ സംഹിത (BNS), പഴയ ഇന്ത്യൻ പീനൽ കോഡിന് (IPC) പകരമുള്ള ഇന്ത്യയുടെ നിലവിലെ ക്രിമിനൽ കോഡാണ്. ഈ പുതിയ നിയമം



സൈബർ കുറ്റകൃത്യങ്ങൾ, ഐപിസിയിൽ ഉൾപ്പെടാത്ത സംഘടിത കുറ്റകൃത്യങ്ങൾ തുടങ്ങിയ ആധുനിക കുറ്റകൃത്യങ്ങളെ അഭിസംബോധന ചെയ്യുന്നു.

കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾക്ക് കഠിനമായ ശിക്ഷകൾ ഏർപ്പെടുത്തിക്കൊണ്ട് കുട്ടികളെ സംരക്ഷിക്കുന്നതിന് ഇത് മുൻഗണന നൽകുന്നു.

BNS തന്നെ പ്രാബല്യത്തിലായിരിക്കുമ്പോൾ, 2023 ജൂലൈ 1 മുതൽ പൂർണ്ണമായി പ്രാബല്യത്തിൽ വരും. ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത (BNSS), BNS കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നിർവചിക്കുന്ന ഭാരതീയ സാക്ഷ്യ ബിൽ എന്നിവ പോലെയുള്ള കോംപ്ലിമെൻ്ററി നിയമങ്ങളും നിലവിൽ വരും.

ബിഎൻഎസിൻ്റെ അഞ്ചാം അധ്യായത്തിലെ സെക്ഷൻ 93 – 99 കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു. ഈ വകുപ്പുകൾ 317,318,366A,369,372, 373 (IPC) മാറ്റിസ്ഥാപിക്കും.

പുതിയ നിയമലംഘനങ്ങൾ

സെക്ഷൻ 95 – ഒരു കുറ്റം ചെയ്യുന്നതിനായി ഒരു കുട്ടിയെ നിയമിക്കുകയോ ജോലിയിൽ ഏർപ്പെടുത്തുകയോ ഇടപഴകുകയോ ചെയ്യുക. – കുറ്റം ചെയ്യുന്നതിനായി ഏതെങ്കിലും കുട്ടിയെ നിയമിക്കുകയോ ജോലിക്ക് ഏർപ്പെടുത്തുകയോ ഏർപ്പെടുകയോ ചെയ്യുന്നയാൾക്ക് മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെ നീട്ടിയേക്കാവുന്നതുമായ തടവും പിഴയും ലഭിക്കും.

വിശദീകരണം – ലൈംഗിക ചൂഷണത്തിനോ അശ്ലീലസാഹിത്യത്തിനോ വേണ്ടി കുട്ടിയെ ഉപയോഗിക്കുക ജോലിയിൽ ഏർപ്പെടുത്തുക, അല്ലെങ്കിൽ ഉപയോഗിക്കുക എന്നിവ ഈ വിഭാഗത്തിന്റെ അർത്ഥത്തിൽ ഉൾക്കൊള്ളുന്നു.

മാറ്റങ്ങൾ

IPC കുറ്റം	BNS കുറ്റം
376 ബലാത്സംഗത്തിനുള്ള ശിക്ഷ 376(3)	65. ചില കേസുകളിൽ ബലാത്സംഗത്തിനുള്ള ശിക്ഷ. 65(1) പതിനാറ് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ബലാത്സംഗം ചെയ്യുന്നവർ, ഇരുപത് വർഷത്തിൽ കുറയാത്ത കഠിന തടവിന് ശിക്ഷിക്കപ്പെടും, എന്നാൽ അത് ജീവപര്യന്തം വരെ നീണ്ടുനിൽക്കും, അതായത് ബാക്കിയുള്ളവർക്ക് തടവ്. ആ വ്യക്തിയുടെ സ്വാഭാവിക ജീവിതത്തിൻ്റെ, കൂടാതെ പിഴയ്ക്കും



376 ബലാത്സംഗത്തിനുള്ള ശിക്ഷ 376(3)	ബാധ്യസ്ഥരായിരിക്കും: അങ്ങനെ ചെയ്താൽ, അത്തരം പിഴ ഇരയുടെ ചികിത്സാ ചെലവുകളും പുനരധിവാസവും നിറവേറ്റുന്നതിന് ന്യായവും ന്യായവുമാണ്: കൂടാതെ, ഈ ഉപവകുപ്പ് പ്രകാരം ചുമത്തുന്ന ഏതെങ്കിലും പിഴ ഇരയ്ക്ക് നൽകേണ്ടതാണ്
376 എബി. ബലാത്സംഗത്തിനുള്ള ശിക്ഷ – പന്ത്രണ്ട് വയസ്സിന് താഴെയുള്ള സ്ത്രീ	65(2) പ്രകാരം പന്ത്രണ്ട് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ബലാത്സംഗം ചെയ്താൽ, അത് ഇരുപത് വർഷത്തിൽ കുറയാത്ത കഠിന തടവിന് ശിക്ഷിക്കപ്പെടും, എന്നാൽ അത് ജീവപര്യന്തം തടവ് വരെ നീണ്ടേക്കാം, അതായത് വ്യക്തിയുടെ
	സ്വാഭാവിക ജീവിതത്തിന്റെ ബാക്കിയുള്ള ആയുസ്സ്, പിഴയോ, വധശിക്ഷയോ. എന്നാൽ, അത്തരം പിഴ ഇരയുടെ ചികിത്സാ ചെലവുകളും പുനരധിവാസവും നിറവേറ്റുന്നതിന് ന്യായവും ന്യായയുക്തവുമായിരിക്കും: കൂടാതെ, ഈ ഉപവകുപ്പ് പ്രകാരം ചുമത്തുന്ന ഏതെങ്കിലും പിഴ ഇരയ്ക്ക് നൽകേണ്ടതാണ്
പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്ക് പകരം കുട്ടി എന്ന വാക്ക് ചേർക്കപ്പെട്ടു	
366എ. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പ്രൊക്യുറേഷൻ. പത്ത് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്.	96. കുട്ടിയുടെ പ്രൊക്യുറേഷൻ പത്ത് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്
373. വേശ്യാവൃത്തിക്ക് വേണ്ടി പ്രായപൂർത്തിയാകാത്തവരെ വാങ്ങുക – പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടിയെ വാങ്ങുകയോ മറ്റെന്തെങ്കിലും വിധത്തിൽ ലൈംഗികമായി ദുരുപയോഗം ചെയ്യുകയോ ആണെങ്കിൽ ഈ കുറ്റം ചെയ്ത വ്യക്തിക്ക് പത്ത് വർഷം വരെ കഠിന തടവും പിഴ ശിക്ഷയ്ക്കും വിധിക്കപ്പെടാം.	99. വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വാങ്ങൽ – പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടിയെ വാങ്ങുകയോ മറ്റെന്തെങ്കിലും വിധത്തിൽ ലൈംഗികമായി ദുരുപയോഗം ചെയ്യുകയോ ആണെങ്കിൽ ഈ കുറ്റം ചെയ്ത വ്യക്തിക്ക് ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ പതിനാലു വരെ നീണ്ടുനിൽക്കുന്നതുമായ കഠിന തടവും പിഴ ശിക്ഷയ്ക്കും വിധിക്കപ്പെടാം.



361. നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകൽ.– പതിനാറ് വയസ്സിന് താഴെയുള്ള ഏതെങ്കിലും പ്രായപൂർത്തിയാകാത്ത പുരുഷനോ അല്ലെങ്കിൽ പതിനെട്ട് വയസ്സിന് താഴെയുള്ള സ്ത്രീയോ, അങ്ങനെയുള്ളവരെ നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകുകയാണെങ്കിൽ അതിനുള്ള ശിക്ഷ പരാമർശിക്കുന്നു	137. തട്ടിക്കൊണ്ടുപോകൽ.– (1)(ബി) നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന്, രക്ഷിതാവിന്റെ സമ്മതമില്ലാതെ, ഏതെങ്കിലും കുട്ടിയെയോ മാനസിക അസ്വസ്ഥതയുള്ള കുട്ടിയെയോ പിടിച്ചുകൊണ്ടുപോകുകയോ വശീകരിക്കുകയോ ചെയ്താൽ പത്തു വർഷം വരെ നീണ്ടുനിൽക്കാവുന്ന കഠിന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയ്ക്ക് ബാധ്യസ്ഥരായിരിക്കും

കുറ്റവും ശിക്ഷയും

91	ഏതൊരു കുട്ടിയുടെയും ജനനത്തിനുമുമ്പ്, ആ കുഞ്ഞ് ജനിക്കുന്നത് തടയുകയോ അല്ലെങ്കിൽ ജനിച്ചതിന് ശേഷം മരിക്കുകയോ ചെയ്യുക എന്ന ഉദ്ദേശത്തോടെ ആരെങ്കിലും എന്തെങ്കിലും പ്രവൃത്തി ചെയ്താൽ, അത്തരം പ്രവൃത്തിയിലൂടെ ആ കുഞ്ഞിനെ ജീവനോടെ ജനിക്കുന്നത് തടയുകയോ അല്ലെങ്കിൽ മരിക്കാൻ ഇടയാക്കുകയോ ചെയ്യുന്നു. അതിന്റെ ജനനം, അമ്മയുടെ ജീവൻ രക്ഷിക്കാൻ വേണ്ടി നല്ല വിശ്വാസത്തോടെ അത്തരം പ്രവൃത്തി ചെയ്തില്ലെങ്കിൽ, ഒന്നുകിൽ പത്തു വർഷം വരെ നീണ്ടുനിൽക്കുന്ന ഒരു വിവരണത്തിൻ്റെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടും.
93	പന്ത്രണ്ട് വയസ്സിന് താഴെയുള്ള ഒരു കുട്ടിയുടെ പിതാവോ അമ്മയോ അല്ലെങ്കിൽ അത്തരം കുട്ടിയുടെ സംരക്ഷണം ഉള്ളവരോ, കുട്ടിയെ ഉപേക്ഷിച്ചാൽ ഏഴ് വർഷം വരെ നീട്ടിയേക്കാവുന്ന തടവ് ശിക്ഷയോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും
94	ഒരു കുഞ്ഞ് ജനനത്തിനു മുമ്പോ ശേഷമോ അതിനിടയിലോ മരിച്ചാൽ മൃതദേഹം രഹസ്യമായി സംസ്കരിക്കുകയോ ചെയ്താൽ, മനഃപൂർവം മറച്ചുവെക്കുകയോ മറച്ചുവെക്കാൻ ശ്രമിക്കുകയോ ചെയ്താൽ, ഒന്നുകിൽ ഒരു നിശ്ചിത കാലത്തേക്ക് തടവ് ശിക്ഷ ലഭിക്കും. അത് രണ്ട് വർഷത്തേക്ക് നീട്ടാം, അല്ലെങ്കിൽ പിഴ, അല്ലെങ്കിൽ രണ്ടും കൂടി.
95	കുറ്റം ചെയ്യുന്നതിനായി കുട്ടിയെ ഉപയോഗിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്താൽ, മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെ നീട്ടാവുന്നതുമായ കഠിന തടവോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും . ഈ കുറ്റം ചെയ്യാൻവേണ്ടി ഗൂഢാലോചന നടത്തിയാൽ കൂടിയും കുറ്റം ചെയ്യുന്നതുപോലെയുള്ള ശിക്ഷതന്നെയായിരിക്കും ഗൂഢാലോചന നടത്തിയ വ്യക്തിക്ക് ലഭിക്കുക.



97	പത്തു വയസ്സിൽ താഴെയുള്ള ഏതൊരു കുട്ടിയെയും തട്ടിക്കൊണ്ടുപോകുകയോ ചെയ്താൽ, സത്യസന്ധതയില്ലാതെ ഒരു വസ്തു കൈക്കലാക്കുക എന്ന ഉദ്ദേശത്തോടുകൂടി കുട്ടിയെ തട്ടികൊണ്ട് പോകുകയാണെങ്കിൽ ഏഴു വർഷം വരെ നീണ്ടുനിൽക്കുന്ന കഠിന തടവോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും.
98	വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വിൽക്കുന്നു.
99	വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വാങ്ങുക.







ഇന്ത്യൻ ഭരണഘടന

ആർട്ടിക്കിൾ 14	ഇല്യത്തയും ഇല്യ നിയമ സംരക്ഷണവും
ആർട്ടിക്കിൾ 15	വിവേചനങൾക്കെതിരെ സംരക്ഷണം
ആർട്ടിക്കിൾ 15(3)	സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വ്യവസ്ഥകൾ
ആർട്ടിക്കിൾ 19	സ്വാതന്ത്ര്യം
ആർട്ടിക്കിൾ 21	ജീവിക്കാനുള്ള അവകാശം
ആർട്ടിക്കിൾ 21എ	6 – മുതൽ 14 വയസ്സുവരെ സൗജന്യവും നിർബന്ധപൂർവ്വമായ വിദ്യാഭ്യാസം

ആർട്ടിക്കിൾ 23	ബാലവേലയിൽ നിന്നും ബാലഭിക്ഷാടനത്തിൽ നിന്നും സംരക്ഷിക്കപ്പെടൽ
ആർട്ടിക്കിൾ 24	14 വയസ്സിൽ താഴെയുള്ള ബാലവേല നിരോധനം
ആർട്ടിക്കിൾ 39 ഇ	ഈ പ്രായത്തിനും ശേഷിക്കും ചേരാത്ത തൊഴിലുകളിൽ നിന്ന് സംരക്ഷണം
ആർട്ടിക്കിൾ 39എഫ്	നല്ല സാഹചര്യവും പൂഷണത്തിൽ നിന്നും അനാഥത്വത്തിൽ നിന്നുമുള്ള സംരക്ഷണം
ആർട്ടിക്കിൾ 45	6 വയസ്സിൽ താഴെയുള്ള കരുതലും കട്ടംബ വിദ്യാഭ്യാസവും
ആർട്ടിക്കിൾ 51 എ (കെ)	ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള കട്ടിക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നൽകാനുള്ള മാതാപിതാക്കളുടെയും രക്ഷിതാവിന്റെയും കടമ

ബാലനീതി നിയമം
(ജുവനയിൽ ജസ്റ്റിസ് ആക്ട് 2015)

വകുപ്പ് 2(12) പ്രകാരം 0 മുതൽ 18 വയസ്സ് വരെയുള്ള ഏതൊരാളെയും കട്ടി എന്ന് നിർവചിക്കുന്നു.

ഏറ്റവും അനുയോജ്യമായ സേവനം കട്ടിക്ക് ലഭിക്കുന്നതിനുവേണ്ടി കട്ടികളെ രണ്ട് തരത്തിൽ നിർവചിക്കുന്നത്.

1. **നിയമമായി പൊരുത്തപ്പെടാത്ത കട്ടി (Child in Conflict)**
2. **ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കട്ടി (Child in Need of Care & Protection)**





ബാലാവകാശ ലംഘനങ്ങളും ബാലനീതി നിയമം അനുശാസിക്കുന്ന ശിക്ഷകളും

33	ഏതെങ്കിലും കുട്ടികളെ ഉപേക്ഷിച്ചു നഷ്ടപ്പെട്ട കിട്ടിയിട്ട് അറിയിക്കാതിരുന്നാൽ	ആറുമാസം വരെ തടവും പിഴയും
42	കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ ബാലനീതി നിയമപ്രകാരം സർക്കാർ രജിസ്ട്രേഷൻ വാങ്ങിയിട്ടില്ലെങ്കിൽ	1 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
74	കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളുടെ വിവരങ്ങൾ പുറത്തുവിടുക	6 മാസം വരെ തടവും 1 ലക്ഷം രൂപ പിഴയും
75	രക്ഷിതാവ്, കസ്റ്റോഡിയൻ കുട്ടികളെ ആക്രമിക്കുക ഉപദ്രവിക്കുക അവഗണിക്കുക അതിലൂടെ കുട്ടികൾക്ക് മാനസിക ശാരീരിക സമ്മർദ്ദം ഏൽപ്പിക്കുക	3 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
76	ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിക്കൽ	5 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും

77	കുട്ടികൾക്ക് മദ്യം പുകയില ലഹരി വസ്തുക്കൾ കൊടുക്കൽ	7 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
78	മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും വിപ്പനയ്ക്കോ വിതരണത്തിനോ കള്ളക്കടത്തിനോ കുട്ടിയെ ഉപയോഗിച്ചാൽ	7 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
79	കുട്ടികളെ അടിമവേല ചെയ്യിക്കുകയോ സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്യാൽ	5 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
81	കുട്ടികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്യാൽ	5 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
82	സ്ഥാപനത്തിലെ അമിത ശിക്ഷ	3 മാസം വരെ തടവും പിഴയും
83	പ്രൂഫുകൾ ഉണ്ടാക്കാനായി കുട്ടികളെ ദുരുപയോഗം ചെയ്യാൽ	1 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും



കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടി ബാലനീതി നിയമം നിർദ്ദേശിക്കുന്ന മറ്റ് സംവിധാനങ്ങൾ

- ദത്തെടുക്കൽ
- ഫോസ്റ്റർ കെയർ
- സ്പോൺസർഷിപ്പ്.



ബാലസംരക്ഷണ സദനങ്ങൾ

- ചിൽഡ്രൻസ് ഹോം
- ഒബ്സർവേഷൻ ഹോം
- സ്പെഷ്യൽ ഹോം
- ഷെൽട്ടർ ഹോം
- ഓപ്പൺ ഷെൽറ്റർ ഹോം

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം, 2012

കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളെ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിപ്പിക്കുകയും ചെയ്യുക, വേശ്യവൃത്തിക്ക് മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്ക് വേണ്ടി കുട്ടികളെ പൂഷണം ചെയ്യുക, അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും കുട്ടികളെ ചൂഷണം ചെയ്യുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിന് വേണ്ടിയാണ് ഇത്തരം ഒരു നിയമം. ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുവാനും വേണ്ടിയാണ് ഈ നിയമം വന്നത്.

3,4	ലൈംഗിക കടന്നുകയറ്റത്തിലുടെയുള്ള ആക്രമണം	ഏഴു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയും പിഴയും
5,6	ഗുരുതരമായ ലൈംഗിക കടന്നുകയറ്റത്തിലുള്ള ആക്രമണം	പത്തു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേക്ക് കടന്നു തടവിനും കൂടാതെ പിഴയും അർഹനാകുന്നതാണ്
7,9	ലൈംഗിക ആക്രമണം	മൂന്നുവർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട സർവ്വ ശിക്ഷിക്കും പിഴയും കൂടി അർഹനായി തീരുന്നതാണ്
9,10	ഗുരുതരമായ ലൈംഗിക ആക്രമണം	5 വർഷത്തിൽ കുറയാത്തതും ഏഴുവർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷിക്കും കൂടാതെ പിഴവ് ശിക്ഷിക്കും കൂടി അർഹനായി തീരുന്നതാണ്



11,12	ലൈംഗിക പീഡനം	3 വർഷത്തിൽ കുറയാത്തതും 5 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് ശിക്ഷക്കും പിഴയ്ക്കും കൂടി അർഹനായി തീരുന്നതാണ്
13,14	അശ്ലീല കാര്യങ്ങൾക്ക് വേണ്ടി കുട്ടിയെ ഉപയോഗിക്കൽ	അഞ്ചുവർഷം വരെ ആകാവുന്ന തടവു ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്നു
15	കുട്ടി ഉൾപ്പെടുന്ന അശ്ലീല സാമഗ്രികൾ ശേഖരിച്ചു വെച്ചാൽ	മൂന്നുവർഷം വരെ ആകാവുന്ന തടവ് ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്നതാണ്
21	കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിലോ റെക്കോർഡ് ചെയ്യുന്നതിലോ വീഴ്ച വരുത്തിയാൽ	ആറുമാസം വരെ ആകാവുന്ന തടവ് ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്നതാണ്

23	മാധ്യമങ്ങളിലെ റിപ്പോർട്ടുകളിലൂടെയും കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ അയാളുടെ പേര്, വിലാസം, ഫോട്ടോ, കുടുംബ വിവരങ്ങൾ, സ്കൂൾ, അയൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റു വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തിയാൽ	ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതായ തടവിനും അല്ലെങ്കിൽ പിഴയും അല്ലെങ്കിൽ രണ്ടിനും കൂടി ശിക്ഷാർഹമാണ്

കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്

- കുറ്റം നടക്കാൻ സാധ്യതയുണ്ടെന്ന് കുട്ടി ഉൾപ്പെടെ ആർക്കെങ്കിലും ആശങ്കയുണ്ടെങ്കിലോ നടന്നു എന്നറിവുണ്ടെങ്കിലോ ആ വിവരം സ്പെഷൽ ജുവനൈൽ പൊലീസ് യൂണിറ്റിനോ ലോക്കൽ പൊലീസിനോ നൽകേണ്ടതാണ്.
- കുട്ടിക്ക് പരിചരണവും സംരക്ഷണവും ആവശ്യമാണെന്നു തോന്നിയാൽ ആയത് കേസ് റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറിനകം നൽകേണ്ടതാണ്.
- മേൽ കുറ്റകൃത്യത്തെക്കുറിച്ച് ഉത്തമ വിശ്വാസപൂർവം വിവരം നൽകുന്ന ആളിനെതിരെ സിവിലോ ക്രിമിനലോ ആയ ഒരു ബാധ്യതയും ഉണ്ടാവുകയില്ല.
- കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നയാൾക്ക് ആറു മാസംവരെയാകാവുന്ന കഠിനതടവോ അല്ലെങ്കിൽ സാധാരണ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കുന്നതാണ്.

കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്

- മറ്റൊരാളിനെ അപമാനിക്കണമെന്ന ഉദ്ദ്യേശ്യത്തോടുകൂടി വ്യാജ പരാതിയോ വ്യാജ വിവരമോ നൽകുകയാണെങ്കിൽ അയാൾ ആറുമാസം വരെയാകാവുന്ന തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.
- കുട്ടി അല്ലാത്തയാൾ ഒരു കുട്ടിക്കെതിരായി വ്യാജ പരാതിയോ വ്യാജ വിവ രമോ നൽകിയാൽ അയാൾ ഒരു വർഷംവരെയാകാവുന്ന തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.
- യാതൊരു മാധ്യമങ്ങളിലും കുട്ടിയെ തിരിച്ചറിയുന്ന തരത്തിലുള്ള വിശദാം ശങ്ങൾ, ഫോട്ടോയും, പേരും ഉൾപ്പെടെ നൽകാൻ പാടില്ല.

കുട്ടിയുടെ മൊഴി രേഖപ്പെടുത്തൽ

- ഒരു കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിൽ വച്ചോ താമസിച്ചു വരുന്ന സ്ഥലത്തുവച്ചോ കുട്ടിക്ക് താൽപ്പര്യമുള്ള സ്ഥലത്തുവച്ചോ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിതാ ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്.
- അപ്രകാരം രേഖപ്പെടുത്തുന്ന സമയത്ത് പൊലീസ് ഓഫീസർ ഔദ്യോഗിക വേഷം ധരിക്കാൻ പാടില്ല. കുട്ടിയിൽ നിന്നും വിവരങ്ങൾ ആരായുന്ന സമയത്ത് കുട്ടി ഒരു സാഹചര്യത്തിലും പ്രതിയുമായി സമ്പർക്കത്തിലേർപ്പെടാൻ പാടില്ല.
- കുട്ടിയെ രാത്രികാലത്ത് പോലീസ് സ്റ്റേഷനിൽ തടഞ്ഞുവയ്ക്കാൻ പാടില്ല. മൊഴി കുട്ടി പറയുന്നത് അതുപോലെ തന്നെ രേഖപ്പെടുത്തേണ്ടതാണ്.
- കുട്ടിയുടെ രക്ഷാകർത്താവിന്റെയോ, കുട്ടിക്ക് വിശ്വാസമുള്ള ആളുടെയോ, ഉറ്റമിത്രത്തിന്റെയോ സാന്നിധ്യത്തിൽ മൊഴി രേഖപ്പെടുത്തേണ്ടതാണ്.

കുട്ടിയുടെ മൊഴി രേഖപ്പെടുത്തൽ

- ഈ ആക്ടിൻ കീഴിലുള്ള കുറ്റകൃത്യത്തിന് വിധേയനായ കുട്ടിയെ വൈദ്യപരി ശോധന നടത്തേണ്ടതാണ്. പീഡനത്തിന് ഇരയായത് പെൺകുട്ടിയാണെങ്കിൽ വൈദ്യ പരിശോധന നടത്തേണ്ടത് ഒരു വനിതാ ഡോക്ടർ ആയിരിക്കണം.
- ഒരു കുട്ടിയാണ് കുറ്റകൃത്യം ചെയ്യുന്നതെങ്കിൽ ആ കുട്ടിക്ക് 2000-ലെ ബാല നീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) ആക്ടിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.
- സ്പെഷൽ കോടതി വിചാരണ നടത്തേണ്ടത് കുട്ടിയുടെ രക്ഷാകർത്താക്കളുടെയോ കുട്ടിക്ക് പൂർണ വിശ്വാസമുള്ള ആളുടേയോ സാന്നിധ്യത്തിൽ രഹസ്യ മായിട്ടായിരിക്കണം.



ബാലവേല നിരോധന ഭേതഗതി നിയമം, 2016

18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തെ നഷ്ടപെടുത്തുന്ന രീതിയിൽ ബാലൃം അപഹരിച്ചുകൊണ്ട് അവർക്ക് ശാരീരികവും, സാമൂഹികവും, വൈകാരികവും, മാനസികവുമായ ആപൽക്കരമായ ഏതെങ്കിലും തരത്തിലുള്ള ജോലികൾ ചെയ്യിക്കുന്നതിനെയാണ് ബാലവേല എന്ന് പറയുന്നത്.

- ബാലവേല നിരോധന ഭേതഗതി നിയമം 2016 പ്രകാരം 14 നും 18 നും ഇടയിലുള്ള കൗമാരപ്രായക്കാർക്കും ബാലവേലയിൽ നിന്നും സംരക്ഷണം നൽകുന്നു. നിയമപ്രകാരം അനുശാസിച്ചിട്ടുള്ള ഷെഡ്യൂൾ A പ്രകാരമുള്ള 18 തരം തൊഴിലുകളിലും ഷെഡ്യൂൾ B പ്രകാരമുള്ള 65 വ്യവസായ പ്രക്രിയകളിലും കൗമാരക്കാർക്കും സംരക്ഷണം നൽകുന്നു.
- 14 നും 18 നും ഇടയിലുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന്നു 2015 ലെ ബാല നീതി നിയമവും ഉണ്ട്. ഇത് പ്രകാരം 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ അവകാശങ്ങൾ ലംഘിച്ചു കൊണ്ട് നിർബന്ധിപ്പിച്ച് ജോലികൾ ചെയ്യിപ്പിക്കുന്നത് കുട്ടികൾക്കെതിരെയുള്ള പീഢനം എന്ന ഗണത്തിൽപെടുന്നു.



ബാലവേലയിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

- ബാലാവകാശ ധ്വംസനം.
- കുട്ടികളുടെ ആത്മവിശ്വാസം നഷ്ടപ്പെടുന്നു.
- വിദ്യാഭ്യാസം നഷ്ടപ്പെടുന്നു.
- ശാരീരികവും മാനസികവുമായ പീഡനങ്ങൾ.
- വിട്ടുമാറാത്ത അസുഖങ്ങൾ.
- കുറഞ്ഞ വേതനം.
- ക്ലേശകരമായ ജോലി.
- ലൈംഗിക അതിക്രമം.



ഏതെങ്കിലും ഭാഗങ്ങളിലെ വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ചെറുകിട വ്യവസായ ശാലകളിലും മറ്റിടങ്ങളിലും ജോലിചെയ്യുന്ന രീതിയിൽ കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിനെയോ, ചൈൽഡ് വെൽഫയർ കമ്മറ്റിയെയോ, ജില്ലാ ലേബർ ഓഫീസറെയോ, ചൈൽഡ്ലൈൻ പ്രവർത്തകരെയോ തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ (112) വിവരം അറിയിക്കേണ്ടതാണ്.

ബാലവേല നേരിടാനുള്ള നിയമങ്ങൾ

- ബാലവേല നിരോധന ഭേതഗതി നിയമം 2016 പ്രകാരം ബാലവേല ചെയ്യിപ്പിച്ചതായി കണ്ടെത്തിയാൽ 6 മാസം മുതൽ 2 വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ 20000 (ഇരുപതിനായിരം) രൂപ മുതൽ 50000 (അൻപതിനായിരം) രൂപ വരെ പിഴയും ഈടാക്കാവുന്നതാണ്.
- 2015 ലെ ബാലനീതി നിയമ പ്രകാരം കുട്ടികളെ ചൂഷണം ചെയ്യുന്നവർക്ക് എതിരെ 5 വർഷം വരെ തടവും 100000 (ഒരു ലക്ഷം) രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.
- 1976 ലെ ബോണ്ടഡ് ലേബർ സിസ്റ്റം അബോളിഷൻ ആക്ടും നിലവിലുണ്ട്. ഇത് പ്രകാരം 2000 (രണ്ടായിരം) രൂപ വരെ പിഴയും 3 വർഷം തടവും ലഭിക്കാവു ന്ന കുറ്റമാണ്

ബാലവിവാഹ നിരോധന നിയമം, 2006

- "ബാലൻ" എന്നാൽ ആണാണെങ്കിൽ ഇരുപത്തി ഒന്നു വയസ്സു പൂർത്തിയാകാത്ത ഒരാൾ. പെണ്ണാണെങ്കിൽ പതിനെട്ടു വയസ്സു പൂർത്തിയാകാത്ത ഒരാൾ
- "ബാലവിവാഹം" എന്നാൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന കക്ഷികളിൽ ഒരാളെങ്കിലും ബാലൻ.
- 'മൈനർ' എന്നാൽ പ്രായപൂർത്തി (18) എത്തിയിട്ടില്ലെന്ന് കരുതപ്പെടേണ്ടതായ ഒരാൾ



- ഈ ആക്ട് നിലവിൽ വരുന്നതിനു മുൻപോ അതിനു ശേഷമോ, വിധി പ്രകാരം നടത്തപ്പെട്ട ഏതൊരു ബാല വിവാഹവും വിവാഹ സമയത്ത് കക്ഷികളിൽ ബാലനായിരുന്ന ആളിന് തന്റെ ഇഷ്ട പ്രകാരം വിവാഹം അസാധുവാക്കാവുന്നതാണ്.
- ബാല വിവാഹം അസാധുവാക്കാനുള്ള ഹർജി ജില്ലാ കോടതിയിലാണ് ഫയൽ ചെയ്യേണ്ടത്.
- ഹർജിക്കാരൻ മൈനർ ആണെങ്കിൽ രക്ഷാകർത്താവോ ഉറ്റ ബന്ധുവോ മുഖേന വിവാഹ നിരോധന ഉദ്യോഗസ്ഥനോടൊന്നിച്ച് ഹർജി ഫയൽ ചെയ്യാവുന്നതാണ്.

കുറ്റവും ശിക്ഷയും

- 18 വയസു കഴിഞ്ഞ പുരുഷൻ ബാലവിവാഹ കരാറിലേർപ്പെട്ടാൽ **2 വർഷം വരെയാകാവുന്ന തടവിനോ ഒരുലക്ഷം രൂപ വരെയുള്ള പിഴയ്ക്കോ രണ്ടിനും കൂടിയോ** ശിക്ഷിക്കപ്പെടുന്നതാണ്.
- ബാലവിവാഹം വിധി (ആചാര) പ്രകാരം നടത്തിക്കുകയോ നടത്താൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നയാൾക്ക് **രണ്ടു വർഷം വരെയാകാവുന്ന കഠിന തടവും ഒരുലക്ഷം രൂപവരെയുള്ള പിഴയും** ശിക്ഷയായി ലഭിക്കുന്നതാണ്.
- ബാലവിവാഹത്തിൽ കക്ഷിയാകുന്ന കുട്ടിയുടെ മാതാപിതാക്കളോ രക്ഷാ കർത്താവോ, ഏതെങ്കിലും സംഘടനയിലെ അംഗമോ മറ്റേതെങ്കിലും വ്യക്തിയോ ബാലവിവാഹം നടത്തികൊടുക്കുകയോ അതിൽ പങ്കെടുക്കുകയോ അത് തടയാതിരിക്കുകയോ ചെയ്താൽ **രണ്ടു വർഷം വരെ തടവും ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയും** ശിക്ഷയായി ലഭിക്കുന്നതാണ്.

- ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഒരു ബാലവിവാഹം നടക്കാൻ പോകുന്നുവെന്ന് ഒരു ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റോ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിനോ വിവരം ലഭിക്കുകയും ബോധ്യപ്പെടുകയും ചെയ്യാൽ മജിസ്ട്രേറ്റിന് അത്തരം വിവാഹം നിരോധിച്ചുകൊണ്ട് ഒരു ഇൻജങ്ഷൻ പുറപ്പെടുവിക്കാവുന്നതാണ്.
- ഒരു ബാലവിവാഹം വിധി പ്രകാരം നടക്കാൻ ഇടയുണ്ടെന്ന് അറിവോ വിശ്വസിക്കാൻ യോഗ്യമായ കാരണമോ ഉള്ള ഏതൊരാൾക്കും സർക്കാരിതര സംഘടനയ്ക്കും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ, മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിനോ പരാതി കൊടുക്കാവുന്നതാണ്. മജിസ്ട്രേറ്റിന് വിശ്വാസയോഗ്യമായ റിപ്പോർട്ടിന്റെയോ അറിവിന്റെയോ അടിസ്ഥാനത്തിലും സ്വമേധയായും നടപടി എടുക്കാവുന്നതാണ്.

- മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഇൻജങ്ഷൻ ഉത്തരവ് ലംഘിക്കുന്നയാളിന് ഒരു വർഷം വരെയാകാവുന്ന സാധാരണ തടവോ കഠിന തടവോ ഒരു ലക്ഷം രൂപവ രെയാകാവുന്ന പിഴയോ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കുന്നതാണ്.
- ഇൻജങ്ഷൻ ഉത്തരവ് ലംഘിച്ചു കൊണ്ടു നടത്തുന്ന ബാലവിവാഹം ആരംഭത്തിലേ അസാധുവായിരിക്കുന്നതാണ്.
- ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് പോലീസിന് നേരിട്ട് കേസ് എടുക്കാവുന്നതും പോലീസിൽ നിന്നും ജാമ്യം ലഭിക്കാത്തതുമാണ്
- ബാലവിവാഹ നിരോധന ഉദ്യോഗസ്ഥർ പബ്ലിക് സർവന്റുമാർ ആയിരിക്കും
- ഈ ആക്ട് അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി ചെയ്തോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനെതിരായി യാതൊരു പ്രോസിക്യൂഷനോ നിയമനടപടികളോ നിലനിൽക്കുന്നതല്ല.

വിദ്യാഭ്യാസ അവകാശ നിയമം (2009)

ഇന്ത്യയിലെ 6–14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കിയ ഒരു സുപ്രധാന നിയമനിർമ്മാണം. വിദ്യാഭ്യാസ വിടവ് നികത്താനും എല്ലാവർക്കും ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കാനും ഇത് ലക്ഷ്യമിടുന്നു.

3	6–14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്നു.
11(1)	പ്രവേശന സമയത്ത് വിവേചനം കാണിക്കുന്നതിൽ നിന്ന് സ്കൂളുകളെ വിലക്കുന്നു.
12(1)(c)	പിന്നാക്ക വിഭാഗങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്യാൻ സ്വകാര്യ സ്കൂളുകളെ നിർബന്ധിക്കുന്നു.
17	സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാക്കുന്നു.

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് (NDPS) (1985)

മയക്കുമരുന്ന് മയക്കുമരുന്നുകളും സൈക്കോട്രോപിക് പദാർത്ഥങ്ങളും അവയുടെ നിയമവിരുദ്ധമായ ഉപയോഗം തടയുന്നതിനും മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ദോഷകരമായ ഫലങ്ങളിൽ നിന്ന് ആളുകളെ, പ്രത്യേകിച്ച് കുട്ടികളെ സംരക്ഷിക്കുന്നതിനും ഈ നിയമം കർശനമായി നിയന്ത്രിക്കുന്നു.

8	നിയമവിരുദ്ധമായ മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നിരോധിക്കുന്നു.
20	യുവാക്കൾക്ക് പ്രത്യേകിച്ച് അപകടസാധ്യതയുള്ള മയക്കുമരുന്നായ കഞ്ചാവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ പ്രത്യേകം അഭിസംബോധന ചെയ്യുന്നു.
27	നിയമവിരുദ്ധ മയക്കുമരുന്ന് അല്ലെങ്കിൽ സൈക്കോട്രോപിക് പദാർത്ഥത്തിന്റെ ഉപഭോഗം കുറ്റകരമാക്കുന്നു.



സൈബർ നിയമങ്ങൾ

ഓൺലൈൻ സുരക്ഷയെ അഭിസംബോധന ചെയ്യുന്ന നിയമങ്ങൾ ഇന്ത്യയിൽ ഉണ്ട്, പ്രത്യേകിച്ച് കുട്ടികൾക്കായി. ഈ നിയമങ്ങൾ ഓൺലൈൻ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനും ചൂഷണം ചെയ്യുന്നതിനും എതിരെ ലക്ഷ്യമിടുന്നു.

ഇൻഫർമേഷൻ ടെക്നോളജി ആക്ട് (2000): ഓൺലൈൻ ചൈൽഡ് പോണോഗ്രാഫിയും ലൈംഗിക ആവശ്യങ്ങൾക്കായുള്ള "ഉത്തമിംഗ്" ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു.

ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം (പോക്സോ നിയമം) (2012): ഓൺലൈൻ പോണോഗ്രാഫിയും അതിന്റെ വിതരണവും ഉൾപ്പെടെയുള്ള കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനെ പ്രത്യേകമായി അഭിസംബോധന ചെയ്യുന്നു.

ഭാരതീയ ന്യായ സംഹിത, 2023

2023 ഡിസംബറിൽ നടപ്പിലാക്കിയ ഭാരതീയ ന്യായ സംഹിത (BNS), പഴയ ഇന്ത്യൻ പീനൽ കോഡിന് (IPC) പകരമുള്ള ഇന്ത്യയുടെ നിലവിലെ ക്രിമിനൽ കോഡാണ്. ഈ പുതിയ നിയമം സൈബർ കുറ്റകൃത്യങ്ങൾ, ഐപിസിയിൽ ഉൾപ്പെടാത്ത സംഘടിത കുറ്റകൃത്യങ്ങൾ തുടങ്ങിയ ആധുനിക കുറ്റകൃത്യങ്ങളെ അഭിസംബോധന ചെയ്യുന്നു.

കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾക്ക് കഠിനമായ ശിക്ഷകൾ ഏർപ്പെടുത്തിക്കൊണ്ട് കുട്ടികളെ സംരക്ഷിക്കുന്നതിന് ഇത് മുൻഗണന നൽകുന്നു.

BNS തന്നെ പ്രാബല്യത്തിലായിരിക്കുമ്പോൾ, 2023 ജൂലൈ 1 മുതൽ പൂർണ്ണമായി പ്രാബല്യത്തിൽ വരും. ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത (BNSS), BNS കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നിർവചിക്കുന്ന ഭാരതീയ സാക്ഷ്യ ബിൽ എന്നിവ പോലെയുള്ള കോംപ്ലിമെന്ററി നിയമങ്ങളും നിലവിൽ വരും.

ബിഎൻഎസിന്റെ അഞ്ചാം അധ്യായത്തിലെ സെക്ഷൻ 93 - 99 കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു. ഈ വകുപ്പുകൾ 317,318,366A,369,372, 373 (IPC) മാറ്റിസ്ഥാപിക്കുന്നു.

പുതിയ നിയമ ലംഘനങ്ങൾ

സെക്ഷൻ 95 - ഒരു കുറ്റം ചെയ്യുന്നതിനായി ഒരു കുട്ടിയെ നിയമിക്കുകയോ ജോലിയിൽ ഏർപ്പെടുത്തുകയോ ഇടപഴകുകയോ ചെയ്യുക. - കുറ്റം ചെയ്യുന്നതിനായി ഏതെങ്കിലും കുട്ടിയെ നിയമിക്കുകയോ ജോലിക്ക് ഏർപ്പെടുത്തുകയോ ഏർപ്പെടുകയോ ചെയ്യുന്നയാൾക്ക് മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെ നീട്ടിയേക്കാവുന്നതുമായ തടവും പിഴയും ലഭിക്കും.

വിശദീകരണം - ലൈംഗിക ചൂഷണത്തിനോ അശ്ലീലസാഹിത്യത്തിനോ വേണ്ടി കുട്ടിയെ ഉപയോഗിക്കുക, ജോലിയിൽ ഏർപ്പെടുത്തുക, അല്ലെങ്കിൽ ഉപയോഗിക്കുക എന്നിവ ഈ വിഭാഗത്തിന്റെ അർത്ഥത്തിൽ ഉൾക്കൊള്ളുന്നു.

മാറ്റങ്ങൾ

IPC കുറ്റം	BNS കുറ്റം
376 ബലാത്സംഗത്തിനുള്ള ശിക്ഷ 376(3)	65. ചില കേസുകളിൽ ബലാത്സംഗത്തിനുള്ള ശിക്ഷ. 65(1) പതിനാറ് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ബലാത്സംഗം ചെയ്യുന്നവർ, ഇരുപത് വർഷത്തിൽ കുറയാത്ത കഠിന തടവിന് ശിക്ഷിക്കപ്പെടും, എന്നാൽ അത് ജീവപര്യന്തം വരെ നീണ്ടുനിൽക്കും, അതായത് ബാക്കിയുള്ളവർക്ക് തടവ്. ആ വ്യക്തിയുടെ സ്വാഭാവിക ജീവിതത്തിന്റെ, കൂടാതെ പിഴയും, ബാധ്യസ്ഥരായിരിക്കും: അങ്ങനെ ചെയ്യാൻ, അത്തരം പിഴ ഇരയുടെ ചികിത്സാ ചെലവുകളും പുനരധിവാസവും നിറവേറ്റുന്നതിന് ന്യായവും ന്യായവുമാണ്: കൂടാതെ, ഈ ഉപവകുപ്പ് പ്രകാരം ചുമത്തുന്ന ഏതെങ്കിലും പിഴ ഇരയ്ക്ക് നൽകേണ്ടതാണ്

മാറ്റങ്ങൾ

IPC കുറ്റം	BNS കുറ്റം
376 എബി. ബലാത്സംഗത്തിനുള്ള ശിക്ഷ - പന്ത്രണ്ട് വയസ്സിന് താഴെയുള്ള സ്ത്രീ	**65(2) പ്രകാരം** പന്ത്രണ്ട് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ബലാത്സംഗം ചെയ്യുന്നവൻ, അത് ഇരുപത് വർഷത്തിൽ കുറയാത്ത കഠിന തടവിന് ശിക്ഷിക്കപ്പെടും, എന്നാൽ അത് ജീവപര്യന്തം തടവ് വരെ നീണ്ടേക്കാം, അതായത് വ്യക്തിയുടെ സ്വാഭാവിക ജീവിതത്തിന്റെ ബാക്കിയുള്ള ആയുസ്സ്, പിഴയോ, വധശിക്ഷയോ. എന്നാൽ, അത്തരം പിഴ ഇരയുടെ ചികിത്സാ ചെലവുകളും പുനരധിവാസവും നിറവേറ്റുന്നതിന് ന്യായവും ന്യായയുക്തവുമായിരിക്കും: കൂടാതെ, ഈ ഉപവകുപ്പ് പ്രകാരം ചുമത്തുന്ന ഏതെങ്കിലും പിഴ ഇരയ്ക്ക് നൽകേണ്ടതാണ്



പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്ക് പകരം കുട്ടി എന്ന വാക്ക് ചേർക്കപ്പെട്ടു

IPC കുറ്റം	BNS കുറ്റം
366എ. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പ്രൊക്യുറേഷൻ. പത്ത് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്.	**96. കുട്ടിയുടെ പ്രൊക്യുറേഷൻ** പത്ത് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്

ശിക്ഷ മെച്ചപ്പെട്ടത്തി

IPC കുറ്റം	BNS കുറ്റം
373. വേശ്യാവൃത്തിക്ക് വേണ്ടി പ്രായപൂർത്തിയാകാത്തവരെ വാങ്ങുക – പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടിയെ വാങ്ങുകയോ മറ്റെന്തെങ്കിലും വിധത്തിൽ ലൈംഗികമായി ദുരുപയോഗം ചെയ്യുകയോ ആണെങ്കിൽ ഈ കുറ്റം ചെയ്ത വ്യക്തിക്ക് പത്ത് വർഷം വരെ കഠിന തടവും പിഴ ശിക്ഷയും വിധിക്കപ്പെടാം.	**99. വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വാങ്ങൽ** – പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടിയെ വാങ്ങുകയോ മറ്റെന്തെങ്കിലും വിധത്തിൽ ലൈംഗികമായി ദുരുപയോഗം ചെയ്യുകയോ ആണെങ്കിൽ ഈ കുറ്റം ചെയ്ത വ്യക്തിക്ക് ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ പതിനാലു വരെ നീണ്ടുനിൽക്കുന്നതുമായ കഠിന തടവും പിഴ ശിക്ഷയും വിധിക്കപ്പെടാം.

പ്രായ വ്യത്യാസം നീക്കം ചെയ്തു

IPC കുറ്റം	BNS കുറ്റം
361. നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകൽ.– പതിനാറ് വയസ്സിന് താഴെയുള്ള ഏതെങ്കിലും പ്രായപൂർത്തിയാകാത്ത പുരുഷനോ അല്ലെങ്കിൽ പതിനെട്ട് വയസ്സിന് താഴെയുള്ള സ്ത്രീയോ, അങ്ങനെയുള്ളവരെ നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകുകയാണെങ്കിൽ അതിനുള്ള ശിക്ഷ പരാമർശിക്കുന്നു.	**137. തട്ടിക്കൊണ്ടുപോകൽ.–** (i)(ബി) നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന്, രക്ഷിതാവിന്റെ സമ്മതമില്ലാതെ, ഏതെങ്കിലും കുട്ടിയെയോ മാനസിക അസ്വസ്ഥതയുള്ള കുട്ടിയെയോ പിടിച്ചുകൊണ്ടുപോകുകയോ വശീകരിക്കുകയോ ചെയ്താൽ പത്തു വർഷം വരെ നീണ്ടുനിൽക്കാവുന്ന കഠിന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയും ബാധ്യസ്ഥരായിരിക്കും.

കുറ്റവും ശിക്ഷയും

93	പന്ത്രണ്ട് വയസ്സിന് താഴെയുള്ള ഒരു കുട്ടിയുടെ പിതാവോ അമ്മയോ അല്ലെങ്കിൽ അത്തരം കുട്ടിയുടെ സംരക്ഷണം ഉള്ളവരോ, കുട്ടിയെ ഉപേക്ഷിച്ചാൽ ഏഴ് വർഷം വരെ നീട്ടിയേക്കാവുന്ന തടവ് ശിക്ഷയോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും .


കുറ്റവും ശിക്ഷയും

94	ഒരു കഞ്ഞ് ജനനത്തിനു മുമ്പോ ശേഷമോ അതിനിടയിലോ മരിച്ചാൽ മൃതദേഹം രഹസ്യമായി സംസ്കരിക്കുകയോ ചെയ്താൽ, മനഃപൂർവം മറച്ചുവെക്കുകയോ മറച്ചുവെക്കാൻ ശ്രമിക്കുകയോ ചെയ്താൽ, ഒന്നുകിൽ ഒരു നിശ്ചിത കാലത്തേക്ക് തടവ് ശിക്ഷ ലഭിക്കും. അത് രണ്ട് വർഷത്തേക്ക് നീട്ടാം, അല്ലെങ്കിൽ പിഴ, അല്ലെങ്കിൽ രണ്ടും കൂടി.

കുറ്റവും ശിക്ഷയും

95	കുറ്റം ചെയ്യുന്നതിനായി കുട്ടിയെ ഉപയോഗിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്താൽ, മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെ നീട്ടാവുന്നതുമായ കഠിന തടവോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും . ഈ കുറ്റം ചെയ്യാൻവേണ്ടി ഗ്രൂഡാലോചന നടത്തിയാൽ കൂടിയും കുറ്റം ചെയ്യുന്നതുപോലെയുള്ള ശിക്ഷതന്നെയായിരിക്കും ഗ്രൂഡാലോചന നടത്തിയ വ്യക്തിക്ക് ലഭിക്കുക.




കുറ്റവും ശിക്ഷയും
97
പത്തു വയസ്സിൽ താഴെയുള്ള ഏതൊരു കുട്ടിയെയും തട്ടിക്കൊണ്ടുപോകുകയോ ചെയ്യാൽ, സത്യസന്ധതയില്ലാതെ ഒരു വസ്തു കൈക്കലാക്കുക എന്ന ഉദ്ദേശത്തോടുകൂടി കുട്ടിയെ തട്ടികൊണ്ട് പോകുകയാണെങ്കിൽ ഏഴു വർഷം വരെ നീണ്ടുനിൽക്കുന്ന കഠിന തടവോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും .
98
വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വിൽക്കുന്നു.
99
വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വാങ്ങുക.


നന്ദി

സെഷൻ–10

ബാലസൗഹൃദ സമഗ്ര പദ്ധതി

1. ലക്ഷ്യം :
   - തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബാലസൗഹൃദ സമഗ്ര പദ്ധതിയുടെ പ്രസക്തി ബോദ്ധ്യപ്പെടുത്തുക
   - തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബാലസൗഹൃദ സമഗ്ര പദ്ധതിയുടെ രൂപീകരണ പ്രക്രിയ ബോദ്ധ്യപ്പെടുത്തുക
   - വിവരശേഖരണത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുക
   - പദ്ധതിയുടെ ഘടന ബോദ്ധ്യപ്പെടുത്തണം
   - ഇതിൽ ചൈൽഡ് റിസോഴ്സ് സെന്ററിന്റെ (CRC) റോൾ ധാരണയുണ്ടാക്കുക
2. സമയം : 180 മിനിറ്റ്
3. വേദി : പൊതുവേദി, ഗ്രൂപ്പ്

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ബാലസൗഹൃദ സമഗ്ര പദ്ധതിയുടെ പ്രസക്തി	15	അവതരണം	പിപിടി
2	ബാലസൗഹൃദ സമഗ്ര പദ്ധതിയുടെ രൂപീകരണ പ്രക്രിയ	15	അവതരണം,	പിപിടി,
3	വിവരശേഖരണ രീതിശാസ്ത്രം പരിചയപ്പെടുത്തൽ	20	അവതരണം	പിപിടി,
4	ഗ്രൂപ്പ് ചർച്ച	60	ഗ്രൂപ്പ്	ചർച്ചയ്ക്കുള്ള കുറിപ്പ്
5	അവതരണം	35	പ്ലീനറി	
6	ക്രോഡീകരണം	20	പ്ലീനറി	
7	സംശയനിവാരണം		പ്ലീനറി	



കുറിപ്പ്:

- ഫെസിലിറ്റേറ്റർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബാലസൗഹൃദ സമഗ്ര പദ്ധതി തയ്യാറാക്കേണ്ടതിന്റെ പ്രസക്തി പറയണം. അതിൽ പ്രധാനമായും ഊന്നൽ നൽകേണ്ടത് വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ ഈ പ്രവർത്തനം ചെയ്യുന്നുണ്ടെന്നും അവരെല്ലാവരും ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുട്ടികളുടെ നിലവിലെ സ്ഥിതി മനസ്സിലാക്കി ഒരു സമഗ്ര പദ്ധതി ഉണ്ടായാൽ അത് കുട്ടികളുടെ സർവ്വതോന്മുഖമായ മാറ്റത്തിനും മോണിറ്ററിംഗിനും വിലയിരുത്തലിനും സഹായകമാകും. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപപ്പെടുന്ന പദ്ധതിയാണെങ്കിലും അതിന്റെ നിർവ്വഹണം ഓരോരുത്തരുടേയും ഉത്തരവാദിത്തത്തിൽപ്പെട്ട പ്രവർത്തനത്തിന്റെ ഭാഗമായിട്ടായിരിക്കും എന്ന് ബോദ്ധ്യപ്പെടുത്തണം.
- ഒരുമിച്ചും ഓരോരുത്തരുടെ തലത്തിലും മോണിറ്ററിംഗും വിലയിരുത്തലും നടക്കേണ്ടതിന്റെ പ്രാധാന്യവും പറയണം. തുടർന്ന് പദ്ധതി രൂപീകരണത്തിന്റെ പ്രക്രിയ കൃത്യമായി ഘട്ടം ഘട്ടമായി വിശദീകരിക്കണം. ഓരോ ഘട്ടവും എന്തിനാണ് എന്നും ആ ഘട്ടത്തിൽ ചെയ്യേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങൾ പരിചയപ്പെടുത്തിയാൽ മാത്രം മതിയാകും. എന്നാൽ വിവരശേഖരണത്തെ കുറിച്ച് അതിന്റെ രീതിശാസ്ത്രത്തെകുറിച്ച് കുറച്ച് കൂടി വ്യക്തമാക്കണം.
- തുടർന്ന് വീണ്ടും ഗ്രൂപ്പാക്കി തിരിച്ച് ചർച്ച ചെയ്യാൻ ആവശ്യപ്പെടണം.
- പ്രക്രിയ, സമഗ്ര പദ്ധിയുടെ ഘടന, വിവരശേഖരണം, രീതിശാസ്ത്രം പ്രക്രിയയിൽ ഓരോ ഘട്ടത്തിന്റേയും രീതിശാസ്ത്രം എന്നിവ വായിച്ച് ചർച്ച ചെയ്ത് അവതരിപ്പിക്കാനുള്ള കുറിപ്പ് തയ്യാറാക്കണം. ക്ലാസ്സിൽ ഇതിൽ സി.ആർ.സി യുടെ റോളും നിശ്ചയിക്കപ്പെടണം. ആശയവും പ്രവർത്തനങ്ങളും ഒന്ന് കൂടി മനസ്സിലാക്കാൻ പറ്റുന്നതരത്തിൽ ഫെസിലിറ്റേറ്റർ ക്രോഡീകരിക്കുകയും വീണ്ടും സംശയങ്ങൾ ഉന്നയിക്കപ്പെടുന്നുവെങ്കിൽ അവ ക്രോഡീകരിച്ച് സെഷൻ അവസാനിപ്പിക്കണം.




ബാലസൗഹൃദ സമഗ്ര പദ്ധതി
KERALA INSTITUTE OF LOCAL ADMINISTRATION


ബാലസൗഹൃദ
സമഗ്ര പദ്ധതി പ്രക്രിയ
• വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന്
• ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ - കുട്ടികളുടെ സ്ഥിതിവിവരം അറിഞ്ഞ് തയ്യാറാക്കുന്ന പദ്ധതി


• കുട്ടികളുടെ അവകാശത്തെയും അടിസ്ഥാനത്തിൽ
• എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്ന ആശ്രയ പദ്ധതി ആയിരിക്കണം.
• കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗിനും എല്ലാവർക്കും കഴിയുന്നതാവണം.
• ഓരോ ലക്ഷ്യത്തിൽ എല്ലാവർക്കും പ്രവർത്തിക്കാൻ കഴിയുന്നതരത്തിലാവണം.
• സമഗ്ര ഇന്റഗ്രേഷൻ ഉറപ്പ് വരുത്താൻ കഴിയണം.


സമഗ്ര രൂപീകരണ പ്രക്രിയ
1. ഗ്രാമസഭ
2. ഭരണസമിതി യോഗം
3. ഗ്രാമസഭ
4. കുട്ടികളുടെ ഗ്രാമസഭ
5. വിവരശേഖരണം
6. ജില്ല ബാലസൗഹൃദ പ്ലാൻ
7. സൂചകങ്ങൾ, ടാർജറ്റുകൾ
8. ബാലസൗഹൃദ സമഗ്രപദ്ധതി കരട് രേഖ
9. ഇന്റഗ്രേഷൻ പ്ലാൻ
10. നിർവ്വഹണ കലണ്ടർ


വിവരശേഖരണം
• ജില്ലയിൽ നിന്നും സംസ്ഥാനത്ത് നിന്നുമുള്ള വിവര
• ജില്ലാ ബാലസൗഹൃദ പ്ലാനിലെ വിവരം
• ദ്വിതീയ വിവരം
• സ്ഥാപന വിശകലനം
• സംഘടനാവിശകലനം
• പദ്ധതി വിശകലനം
• ദേശീയ, പ്രാദേശിക സൂചകങ്ങൾ
• ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ
• പ്രാഥമിക വിവരശേഖരണം


ഗ്രൂപ്പ് ചർച്ച
ഇഷ്ട ഗ്രൂപ്പായി തിരിയുക
വിവരശേഖരണത്തിന്റെ ഭാഗം വായിക്കുക
ചർച്ച ചെയ്യുക
എങ്ങനെ ചെയ്യാം സി.ആർ.സി യുടെ റോൾ
ഉപപ്രവർത്തനങ്ങൾ ചർച്ച ചെയ്യണം



സെഷൻ–11

ബാലസൗഹൃദ ജില്ലാ പ്ലാൻ

1. ലക്ഷ്യം :
   - ബാലസൗഹൃദ ജില്ലാ പ്ലാൻ തയ്യാറാകുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ മനസ്സിലാക്കുക
2. സമയം : 90 മിനിറ്റ്
3. വേദി : പൊതുവേദി, ഗ്രൂപ്പ്

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ആമുഖം,	5	അവതരണം	
2	ജില്ലാ കർമ്മപദ്ധതി തയ്യാറാക്കൽ – പ്രക്രിയയും രീതി ശാസ്ത്രവും	40	അവതരണം	പിപിടി
3	വിവരം ശേഖരിക്കൽ	15	അവതരണം	പിപിടി
4	ബാല സൗഹൃദ ജില്ലാ പ്ലാനിന്റെ ഘടന	10	അവതരണം	അവതരണകുറിപ്പ്
5	അന്തിമമാക്കിയ ജില്ലാ ബാലസൗഹൃദ പ്ലാൻ – ഘടന	10	അവതരണം	അവതരണകുറിപ്പ്
6	അവതരണം, ക്രോഡീകരണം	10	അവതരണം	

കുറിപ്പ്:

- ജില്ലാ കർമ്മപദ്ധതി തയ്യാറാക്കൽ – പ്രക്രിയയും രീതി ശാസ്ത്രവും

I. മുന്നൊരുക്ക പ്രവർത്തനങ്ങൾ

1. സംസ്ഥാന തലത്തിൽ, എല്ലാ ജില്ലയിലേയും ഡി.പി.സി.യുടെ ദ്വിദിന ശിൽപ്പശാല സംഘടിപ്പിക്കും. അതിൽ വച്ചവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യും.

•



- എന്താണ് ഈ പരിപാടി കൊണ്ട് ലക്ഷ്യം വെയ്ക്കുന്നത്.
- ബാലസൗഹൃദം എന്ന ആശയം
- ഡിപിസിയുടെ റോൾ ചെയ്യേണ്ട കാര്യങ്ങൾ
- ജില്ലാ പ്ലാനിന്റെ പ്രവർത്തനങ്ങൾ രീതിശാസ്ത്രം
- SDG– സുസ്ഥിര വികസന ലക്ഷ്യങ്ങൾ, ശിശുസൗഹൃദ തീം, സൂചകങ്ങൾ, ഡാഷ് ബോർഡ്
- കുട്ടികളുടെ മന:ശാസ്ത്രം
- വിവിധ സംവിധാനങ്ങൾ
- കുട്ടികളുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങൾ
- പ്രാദേശിക പ്ലാനിന്റെ പ്രക്രിയയും ശാസ്ത്രവും

2. ഡിപിസി യോഗങ്ങളുടെ തീയതികൾ നിശ്ചയിക്കണം. യോഗത്തിൽ നടക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് കൃത്യമായ പ്ലാനിംഗ് നടത്തണം. ഡിപിസി അംഗങ്ങൾക്കുള്ള ദ്വിദിന ശിൽപ്പശാല അറിയിപ്പ് നൽകുമ്പോൾ തന്നെ യോഗ തീയതി കൂടി തീരുമാനിച്ച് വരാൻ അറിയിച്ചാൽ തുടർപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സഹായകമാകും.
3. വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ അവരുടെ പ്രവർത്തനങ്ങൾ, സ്കീമുകൾ, പരിപാടികൾ എന്നിവ ദ്വിദിന ശില്പശാലയ്ക്ക് വരുമ്പോൾ നൽകാനായി കില തയ്യാറാക്കി വെയ്ക്കണം.
4. നിലവിൽ സംസ്ഥാന തലത്തിൽ കുട്ടികളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ കിലയുടെ നേതൃത്വത്തിൽ ശേഖരിച്ച് ജില്ലതിരിച്ച് നൽകാനായി തയ്യാറാക്കി വെയ്ക്കണം.
5. ദേശീയതലത്തിലും, സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും നിലവിൽ ലഭ്യമായ സൂചകങ്ങൾ ശേഖരിച്ച് ജില്ലകൾക്ക് നൽകാനായി തയ്യാറാക്കി വെയ്ക്കണം.
6. സംസ്ഥാനതലത്തിൽ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി വെയ്ക്കണം.
7. ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങൾ വെബ് സൈറ്റുകൾ, ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ എന്നിവ ശേഖരിച്ച് ജില്ലകൾക്ക് ലഭ്യമാക്കാനായി തയ്യാറാക്കി വെയ്ക്കണം.
8. റിപ്പോർട്ടിങ്ങ്, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവക്ക് ഒരു സോഫ്റ്റ് വെയർ/ഓൺലൈൻ സംവിധാനം വികസിപ്പിക്കണം.

   ഇത്രയും കാര്യങ്ങൾ ഡി. പി. സി. യുടെ ദ്വിദിന പരിശീലനത്തിന് മുന്നോടിയായി തയ്യാറാക്കി വെയ്ക്കണം.

II. ഡി.പി.സി യോഗങ്ങൾ

എല്ലാ ജില്ലയിലും "ബാലസൗഹൃദ കേരളം" എന്ന ഈ വിഷയം ചർച്ച ചെയ്യുന്നതിന്, തുടർപ്രവർത്തനങ്ങൾക്കുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് ജില്ലാ പ്ലാനിങ് കമ്മിറ്റി യോഗങ്ങൾ ചേരണം. ഈ യോഗം ചേരുന്നതിന് മുന്നോടിയായി യോഗം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഡിപിസി സെക്രട്ടറിയേറ്റ് തലത്തിൽ തയ്യാറാക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.



1. ഡി.പി.സി ബാലസൗഹൃദ കോർ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടവരുടെ കരട് ലിസ്റ്റ് തയ്യാറാക്കുക.
2. ജില്ലാതല സംഘാടക സമിതിയിൽ ഉൾപ്പെടുത്തേണ്ട പ്രതിനിധികളുടെ കരട് ലിസ്റ്റ് ഡി.പി.സി ചെയർപേർസണുമായി ആലോചിച്ച് തയ്യാറാക്കുക.
3. ജില്ലാ ചൈൽഡ് റിസോഴ്സ് സെൻററിൽ ഉൾപ്പെടുത്തേണ്ട സ്ഥാപന പ്രതിനിധികളുടെ കരട് ലിസ്റ്റ് ഡി.പി.സി ചെയർപേർസണുമായി ആലോചിച്ച് തയ്യാറാക്കുക.
4. ബാലസൗഹൃദ ജില്ല ആസൂത്രണ കലണ്ടർ തയ്യാറാക്കുക. (കിലയിൽ നിന്നും നൽകുന്ന പ്രവർത്തന കലണ്ടറിന്റെ കൂടി അടിസ്ഥാനത്തിൽ) മോഡൽ അനുബന്ധം-1 ൽ നൽകുന്നു.

III. ഡി.പി.സി ബാലസൗഹൃദ കോർ കമ്മിറ്റി

ഡിപിസിക്ക് വേണ്ടി ജില്ലയിൽ ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനുള്ള നേതൃത്വപരമായ പങ്കുവയ്ക്കുന്നതിനാണ് ഇത്തരത്തിൽ ഒരു ടീമിന് രൂപ നൽകേണ്ടത്. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്നവരാകണം ഈ കമ്മിറ്റി. ഇതിൽ ജില്ലാതല കോർഡിനേഷൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ അടക്കം ഏഴുപേരിൽ കവിയാത്ത ഒരു കമ്മിറ്റി മതിയാകും. കോർഡിനേഷൻ ചുമതലക്കാരൻ/ കാരി ഒഴികെ മറ്റുള്ളവരെല്ലാം ഡിപിസി അംഗങ്ങളായിരിക്കണം. ഈ കമ്മിറ്റിയുടെ അധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ജില്ല കോർഡിനേഷൻ ചുമതലയുള്ള ഉദ്യോഗസ്ഥനും ആയിരിക്കണം

IV. ജില്ല ചൈൽഡ് അഡ്വൈസറി ബോർഡ് (DCAB)

ജില്ലയിൽ ഇതിന്റെ പ്രവർത്തനങ്ങളുടെ സംഘാടനത്തിന് നേതൃത്വം നൽകുന്നതിനും, എല്ലാ വിഭാഗത്തിലുള്ളവരുടേയും സേവനം ഉറപ്പാക്കുന്നതിനും വേണ്ടി ജില്ലാ ചൈൽഡ് അഡ്വൈസറി കമ്മിറ്റിക്ക് രൂപം നൽകണം.

ചുവടെ കൊടുത്തിട്ടുള്ള ഉത്തരവാദിത്വങ്ങളാണ് ഈ കമ്മിറ്റിക്ക് ഉണ്ടായിരിക്കുക.

1. മൊത്തം ജില്ലയിലെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സഹായിക്കുക.
2. വകുപ്പുകളുടെ സഹായം, നേതൃത്വം, കൂട്ടായ പ്രവർത്തനം തുടങ്ങിയവ ഉറപ്പുവരുത്തുക
3. വകുപ്പ്തല പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
4. വിഭവസമാഹരണത്തിന് നേതൃത്വം നൽകുക.
5. ജില്ലാ പ്ലാൻ പ്രകാരമുള്ള ടാർജറ്റ് കൈവരിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
6. വിവിധ സ്ഥാപനങ്ങളുടെ ഏകോപനം/പിന്തുണ ഉറപ്പ് വരുത്തുക
7. ജില്ലാതലത്തിൽ വേണ്ട പ്രചരണം, ബോധന പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുക.

V. ജില്ലാതല ചൈൽഡ് റിസോഴ്സ് സെന്റർ (DCRC)

കേരളത്തെ ബാലസൗഹൃദമാക്കുന്നതിന്റെ ഭാഗായി എല്ലാ ജില്ലയിലും അക്കാഡമിക്ക് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ചൈൽഡ് റിസോഴ്സ് സെന്ററിന് ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മറ്റി (ഡി.പി.സി) രൂപം നൽകണം. ചൈൽഡ് റിസോഴ്സ് സെന്ററിന് രൂപം



നൽകുമ്പോൾ അതിലേക്ക് നിശ്ചയിക്കുന്ന അംഗങ്ങൾ ഈ മേഖലയിൽ പ്രവർത്തന പരിചയമുള്ളവരായിരിക്കണം.

DCRCകൾ ചുവടെ കൊടുത്തിട്ടുള്ള ഉത്തരവാദിത്തങ്ങളാണ് വഹിക്കേണ്ടത്.

1. ജില്ലയിൽ മൊത്തം പ്രവർത്തനങ്ങൾക്ക് വേണ്ട അക്കാദമിക് പിന്തുണ നൽകുക.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട ഹാൻഡ് ഹോൾഡിങ് സപ്പോർട്ട് നൽകുക.
3. ജില്ലാ ബാലസൗഹൃദ പ്ലാൻ തയ്യാറാക്കുക.
4. ജില്ലാ പഞ്ചായത്തിന്റെ പ്ലാൻ തയ്യാറാക്കുന്നതിനുള്ള അക്കാഡമിക് നേതൃത്വം നൽകുക.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പരിശീലനങ്ങൾ നടത്തുക.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തയ്യാറാക്കാൻ സഹായിക്കുക.
7. ജില്ലാതല മോണിറ്ററിങ്ങ്, വിലയിരുത്തൽ നടത്തുക.
8. പ്രചരണത്തിനും ഡോക്യുമെന്റേഷനും വേണ്ട കർമ്മപരിപാടികൾ തയ്യാറാക്കി നിർവഹിക്കുക.
9. ജില്ലാ ബാലസൗഹൃദ പ്ലാനിന്റെ അടിസ്ഥാനത്തിൽ അടുത്ത പത്ത് വർഷത്തേക്കുള്ള വിഷനും മിഷനും കർമ്മ പരിപാടി തയ്യാറാക്കുക.
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്ത അതേ അർത്ഥത്തിൽ നിർവഹണം നടത്തുന്നതിന് വേണ്ട സഹായം നൽകുക.
11. ജില്ലാ ചൈൽഡ് ഇൻഫർമേഷൻ സെൻറർ ആയി പ്രവർത്തിക്കുക.
12. ബാലസൗഹൃദത്തിന്റെ ഭാഗമായി ജില്ലയിലെ എല്ലാ വിവരവും ക്രോഡീകരിച്ച് സൂക്ഷിക്കുക.
13. എല്ലാ വകുപ്പിന്റെയും പ്രവർത്തനങ്ങൾ, സ്കീമുകൾ അപ്ഡേറ്റ് ചെയ്ത സൂക്ഷിക്കുക.
14. നിർവഹണ പുരോഗതി ക്രോഡീകരിച്ച് സൂക്ഷിക്കുക.
15. ഏത് കുട്ടിക്കും, രക്ഷിതാക്കൾക്കും, സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും, വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, അവിടത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനതല റിസോഴ്സ് സെന്ററുകൾക്കും, വിളിക്കാവുന്നതും, സമീപിക്കാവുന്നതുമായ ഇൻഫർമേഷൻ, ഹെൽപ്പ് ലൈൻ സെൻററായി കൂടെ ജില്ലാ റിസോഴ്സ് സെന്റർ പ്രവർത്തിക്കണം.

VI. വിവരം ശേഖരിക്കൽ

ഡി. പി. സി യുടെ നേതൃത്വത്തിൽ ജില്ല ബാലസൗഹൃദ പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി ചുവടെ കൊടുത്തിട്ടുള്ള വിവരം ശേഖരിക്കുന്നത് ജില്ലാതല ബാലസൗഹൃദ പ്ലാനിനും തദ്ദേശ സ്വയംഭരണ ബാലസൗഹൃദ സമഗ്ര പദ്ധതിയും തയ്യാറാക്കാൻ സഹായകമാകും. ഇതിനായി ചുവടെ കൊടുത്തിട്ടുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.



1. സ്കീമുകൾ പരിപാടികൾ സംബന്ധിച്ച്

- ബാലസൗഹൃദം, വികസനം, ക്ഷേമം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിലവിൽ ഓരോ വകുപ്പും, സ്ഥാപനങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളും അനുബന്ധം 3 ൽ കൊടുത്തിട്ടുള്ള ഫോർമാറ്റിൽ ശേഖരിക്കണം. കില തയ്യാറാക്കി തന്നതിന് ഉപരിയായി ആ ജില്ലയിൽ ലഭിക്കുന്ന വിവരമാണ് DCRC യുടെ നേതൃത്വത്തിൽ ശേഖരിക്കേണ്ടത്.
- ബന്ധപ്പെട്ട വകുപ്പുമായി ഇതിന്റെ ഇന്റഗ്രേഷൻ സാധ്യതകൾ എങ്ങനെ എന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് അതും രേഖപ്പെടുത്തിയെടുക്കണം. ഇതിൽ പ്രവർത്തനങ്ങളുടെ, വിഭവത്തിന്റെ, പിൻതുണയുടെ, പരിശീലനത്തിന്റെ തുടങ്ങി എല്ലാ തലങ്ങളുടെ സാധ്യതകളും പരിശോധിക്കണം.

2. കുട്ടികളെ സംബന്ധിച്ച് ശേഖരിക്കേണ്ട വിവരങ്ങൾ

- കുട്ടികളെ സംബന്ധിച്ച വിവിധ വകുപ്പുകൾ ശേഖരിച്ചു വെച്ചിട്ടുള്ള വിവരം ശേഖരിക്കണം.
- എത്ര അംഗൻവാടികൾ, എത്ര സ്കൂളുകൾ അവിടെ എത്ര കുട്ടികൾ, കുട്ടികൾ നേരിട്ട് ബന്ധപ്പെടുന്ന ഏത്, എത്ര സ്ഥാപനങ്ങൾ ഇവയുടെയെല്ലാം ഭൗതിക സൗകര്യങ്ങൾ
- ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ്, അമ്മത്തൊട്ടിൽ, ചൈൽഡ് ഹെൽപ്പ് ലൈനുകൾ, സന്നദ്ധ സംഘടനകൾ, ചിൽഡ്രൻസ് ഹോമുകൾ, ഭിന്നശേഷി, കുട്ടികളുടെ ഹോം, ട്രീറ്റ്മെൻറ് സെന്ററുകൾ, മെഡിക്കൽ കോളേജ്, താലൂക്ക് ആശുപത്രികൾ, ഡിഎംഒ ഓഫീസ്, ഡിപിഎം-എൻ.എച്ച്.എം, പോലീസ്-DCRD യിൽ നിന്നുള്ള വിവരങ്ങൾ, DLO മാരിൽ നിന്നുള്ള വിവരങ്ങൾ ബാലസേവനങ്ങൾക്ക് എക്സൈസ് ജില്ല ഓഫീസ്, DEO സമഗ്രയിൽ നിന്നു ബാക്കിയുള്ള വിവരങ്ങൾ എടുക്കുക.
- ജില്ലാ പട്ടികജാതി, പട്ടികവർഗ്ഗ ഓഫീസ്
- കുടുംബശ്രീ ജില്ല ഓഫീസ്, ജില്ലാ ശിശുവികസന ഓഫീസ്, ജില്ലാ വനിത ശിശു ഓഫീസർ, DSJO എന്നിവരിൽ നിന്നുള്ള ആശുപത്രികൾ, ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെൻറുകൾ
- ജില്ലാ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട്
- എക്കണോമിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് -എക്കോസ്റ്റാറ്റ് കേരളം
- Annual Status of Educational Report (ASER)-ഓൺലാനായി ലഭിക്കും
- പോഷൻ ട്രാക്കർ- ജില്ല ഡാറ്റ എടുക്കും- ഇത് ഉപയോഗിക്കാം.
- പൊതു വിദ്യാഭ്യാസം
- കൈറ്റ് കേരള-പൊതു വിദ്യാഭ്യാസം, കൈറ്റ് കേരള-സമ്പൂർണ്ണ സേഫ്റ്റ് വെയർ, ICDS Data
- കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്
- ഇത് കൂടാതെ SDG ഡാഷ്ബോർഡ്, PDI എന്നീ രണ്ട് വിവര ശ്രോതസ്സുകളും ഉപയോഗിക്കാവുന്നതാണ്



ഇത്തരത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട് വിവരം ലഭിക്കുന്ന എല്ലാ വകുപ്പുകൾ, സ്ഥാപനങ്ങൾ, അവരുടെ സൈറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ദ്വിതീയ വിവരമാണ് ശേഖരിക്കേണ്ടത്.

ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

ദ്വിതീയ വിവരം ശേഖരിക്കുന്നത് കൂടാതെ ബന്ധപ്പെട്ട വകുപ്പുകളിൽ ഈ മേഖലയിലെ പ്രവർത്തിച്ച് അനുഭവമുള്ളവർ, വിവിധ മേഖലയിലെ വിദഗ്ധർ, കുട്ടികളുടെ സംഘടനകൾ, കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപന പ്രതിനിധികൾ, വിവിധ വിഭാഗത്തിലെ കുട്ടികൾ, എന്നിവരുടെ പ്രത്യേകം പ്രത്യേകം യോഗം ചേർന്ന് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കണം. കുട്ടികളിമായി ബന്ധപ്പെട്ട വകുപ്പുകളുടെ റിവ്യൂ മീറ്റിങ്ങുകളിൽ നിന്നും ലഭിക്കുന്ന വിവരം ശേഖരിക്കണം.

ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തുമ്പോൾ ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾ ശ്രദ്ധിക്കണം.

- FGD ക്കായി ക്ഷണിക്കുമ്പോൾ തന്നെ എന്തിനാണ് ക്ഷണിക്കുന്നത്, പങ്കെടുക്കുമ്പോൾ വേണ്ട തയ്യാറെടുപ്പുമായി വരണം എന്നീ കാര്യങ്ങൾ അറിയിക്കണം.
- ഉദ്യോഗസ്ഥർ, സംഘാടകർ, ഗുണഭോക്താക്കൾ, രക്ഷിതാക്കൾ തുടങ്ങിയവരുടെ പ്രത്യേകം പ്രത്യേകം FGD ചെയ്യണം.
- അവരുടെ അനുഭവത്തിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാരം ഇവയാണ് ചർച്ച ചെയ്യപ്പെടേണ്ടത്. ഇത്തരത്തിൽ ചർച്ച ചെയ്യുമ്പോൾ കുട്ടികളുടെ അവകാശങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം. കൂടാതെ വിവിധ സ്കീമുകൾ, പരിപാടികൾ എന്നിവ നടപ്പിലാക്കിയപ്പോൾ അഭിമുഖീകരിക്കേണ്ടി വന്ന പ്രശ്നങ്ങൾ, കാരണങ്ങൾ, മറി കടന്ന രീതി, പരാജയ വിജയ കാരണങ്ങൾ എന്നിവയും ചർച്ച ചെയ്യണം.
- പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യമേഖല, വൾനറബിൾ ഗ്രൂപ്പ്, ഭിന്നശേഷി വിഭാഗം എന്നിവയുടെ പ്രത്യേക FGD കൾ ആലോചിക്കണം.
- ചർച്ചയിൽ ഉന്നയിക്കേണ്ട വിഷയങ്ങൾ, ലഭിക്കേണ്ട വിവരങ്ങൾ, അതിനുവേണ്ടുന്ന ചോദ്യാവലികൾ എന്നിവ D C R C നേരത്തെ തയ്യാറാക്കിയ ശേഷമാണ് ചർച്ചയിൽ പങ്കെടുക്കേണ്ടത്.
- ഒരു ചർച്ചയിൽ 20 പേരിൽ കൂടാതിരിക്കാൻ ശ്രദ്ധിക്കണം.
- ചർച്ചയിൽ ഉയർന്ന് വരുന്ന എല്ലാ കാര്യങ്ങളും രേഖപ്പെടുത്തണം.
- പരമാവധി ഒരേ വിഭാഗത്തിലുള്ളവരെ ഒരുമിച്ച് ആയിരിക്കണം വിളിക്കേണ്ടത്.
- ഒരാൾ ചർച്ച നയിക്കുമ്പോൾ മറ്റേ ആൾ ചർച്ച രേഖപ്പെടുത്തുന്ന തരത്തിൽ രണ്ട് പേർ ഓരോ FGD യിലും ഉണ്ടാവണം.

പദ്ധതി വിശകലനം

ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2021- 22, 22- 23 സാമ്പത്തിക വർഷത്തിൽ കുട്ടികളുടെ വികസനത്തിനും ക്ഷേമത്തിനും ബാല സൗഹൃദത്തിനുമായി



തയ്യാറാക്കിയ പദ്ധതികൾ സംബന്ധിച്ച് സുലേഖയിൽ നിന്നും വിവരം ശേഖരിക്കണം. കൂടാതെ എല്ലാ വകുപ്പിൽ നിന്നും അവർ നടപ്പിലാക്കി വരുന്ന പരിപാടികളുടെ വിശകലനം നടത്തണം. പദ്ധതിയുടെ പേര്, ഉദ്ദേശലക്ഷ്യം, വിനിയോഗിച്ച തുക, ഉണ്ടായ നേട്ടം, ഗുണം ലഭിച്ച കുട്ടികളുടെ എണ്ണം എന്നിവയാണ് ശേഖരിക്കേണ്ടത്. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള വിവരം സുലേഖ വഴി IKM ന്റെ സഹായത്തോടെ ശേഖരിക്കാവുന്നതാണ്.

VII. സൂചകങ്ങൾ

ദേശീയ സൂചകങ്ങളുടെയും കേരളത്തിന്റെ സൂചകങ്ങളുടേയും, പ്രാദേശിക സൂചകങ്ങളുടേയും വെളിച്ചത്തിൽ നിലവിൽ ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ അധിക സൂചകങ്ങൾ തയ്യാറാക്കി ലിസ്റ്റ് ചെയ്യണം. അതിന് കില തയ്യാറാക്കിയിട്ടുള്ള ലോക്കൽ ഇൻഡിക്കേറ്റേഴ്സ് ഫ്രെയിം വർക്കിന്റെ പുസ്തകം ഉപയോഗിക്കാവുന്നതാണ്. ഈ പ്രവർത്തനം ജില്ലാ റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ നടക്കണം. ഈ സൂചകങ്ങൾ വിവര വിശകലനത്തിനും, ടാർജറ്റുകൾ തയ്യാറാക്കുന്നതിനുമുള്ള അളവ് കോലായും ഉപയോഗിക്കാം.

VIII. ടാർജറ്റുകൾ

ഈ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലെ സ്ഥിതിയിൽ മാറ്റം വരുത്താൻ ഉതകുന്ന തരത്തിൽ ജില്ലാതല ടാർജറ്റുകൾക്ക് രൂപം നൽകണം. ഈ ടാർജറ്റുകൾ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വകുപ്പുകളും, സ്ഥാപനങ്ങളും ചേർന്ന് കൈവരിക്കാൻ കഴിയുന്നതാവണം. ഇതിൽ ആറുമാസം കൊണ്ട് നേടാവുന്നവ, ഷോർട്ട് ടേം (ഒരു വർഷം കൊണ്ട്) മിഡ് ടേം (മൂന്നു വർഷം കൊണ്ട്) ലോങ് ടേം (പത്തു വർഷം കൊണ്ട്) നേടാവുന്ന എന്നീ ക്രമത്തിൽ വിവരിക്കണം. ഇത് ജില്ലാ റിസോഴ്സ് സെന്റർ ചെയ്യണം. ഇത് കുട്ടികളുടെ നാല് അടിസ്ഥാന അവകാശങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ചെയ്യേണ്ടത്. പൂർണ്ണമാക്കാൻ കഴിയുന്നത്, ഘട്ടം ഘട്ടമായി പൂർത്തിയാക്കാൻ കഴിയുന്നത് ഒക്കെ വിശദമാക്കാൻ കഴിയണം.

IX. കരട് ബാലസൗഹൃദ ജില്ലാ പ്ലാൻ

ജില്ലാ പ്ലാന്റെ കരട്, ജില്ല റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കുകയും അത് ജില്ലാതല ചൈൽഡ് അഡൈസറി ബോർഡിലും, ഡിപിസിയിലും അവതരിപ്പിച്ച് ചർച്ചചെയ്ത് അംഗീകരിച്ച കരടിന് അന്തിമ രൂപം നൽകുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ അവരുടെ ബാലസൗഹൃദ പദ്ധതിക്ക് രൂപം നൽകേണ്ടത്.



ബാല സൗഹൃദ ജില്ലാ പ്ലാനിന്റെ ഘടന

ജില്ലാ ബാല സൗഹൃദ പ്ലാൻ എന്നത് അതത് ജില്ലയുടെ ജില്ലാ വിഷൻ ഡോക്യുമെന്റ് ആയിരിക്കും. ഇതിന് ചുവടെ കൊടുത്തിട്ടുള്ള ഘടനയാണ് ഉണ്ടാവേണ്ടത്.

ബാലസൗഹൃദ ജില്ലാ പ്ലാൻ

..... ജില്ല

1. ആമുഖം

ജില്ലയുടെ പൊതു വിവരവും, അതിൽ കുട്ടികളുടെ വിവരവും, എന്താണ് ജില്ല ബാലസൗഹൃദ പ്ലാൻ, അതിന്റെ ഉപയോഗം, ഇത് തയ്യാറാക്കുന്നതിന് സ്വീകരിച്ച ശ്രമങ്ങൾ എന്നിവയാണ് ചുരുക്കി വിവരിക്കേണ്ടത്. (പരമാവധി ഒരു പേജ്)

2. സ്ഥിതിവിവരം

ആ ജില്ലയിലെ കുട്ടികളുടെ പൊതുവിവരം, അവരുടെ സ്ഥിതി, വികസനത്തിനുള്ള സാധ്യതകൾ, അനുഭവിക്കുന്ന പ്രശ്നങ്ങൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവയുടെ കാരണങ്ങൾ എന്നിവ വിവരിക്കണം. പരമാവധി കണക്കുകൾ ഉപയോഗിക്കണം, കണക്കിന്റെ സോഴ്സുകൾ കാണിക്കണം. ഗ്രാഫുകൾ, ഡയഗ്രം, ചാർട്ടുകൾ തുടങ്ങിയവ[ഉപയോഗിച്ച് വിശദീകരിക്കാവുന്നതാണ്.

3. നയരേഖ

ലഭ്യമായ വിവരങ്ങളുടെയും, കണ്ടെത്തലുകളുടേയും അടിസ്ഥാനത്തിൽ ജില്ലയിലെ ബാലസൗഹൃദ നയരേഖക്ക് രൂപം നൽകണം. ഈ നയരേഖയിൽ ജില്ലയിൽ അടുത്ത 20 വർഷം കൊണ്ട് എന്ത് മാറ്റമാണ് ഓരോ വിഷയത്തിലും, സ്ഥാപനത്തിലും, കുട്ടികൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്, ഏതൊക്കെ മേഖലയിൽ, ഏതൊക്കെ പ്രദേശങ്ങളിൽ കൂടുതൽ ഊന്നൽ നൽകണം എന്നീ വിപുലമായ കാഴ്ച്ചപ്പാടാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്.

4. വിവിധ വിഷയങ്ങൾ

ദേശീയ, സംസ്ഥാന, പ്രാദേശിക സൂചകങ്ങളുടേയും ലഭ്യമായ വിവരത്തിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ജില്ലാതല അധിക സൂചകങ്ങൾ ഓരോ വിഷയത്തിലും ലിസ്റ്റ് ചെയ്യണം. അവയെ മുൻനിർത്തി ഓരോ വിഷയത്തിനും ടാർജറ്റുകൾ നിശ്ചയിക്കണം.

ഓരോ അവകാശ മേഖലയുമായി ബന്ധപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അനുബന്ധമായി വരുന്ന ഉപലക്ഷ്യങ്ങൾ എത്രമാത്രം നേടിയെന്ന് വിലയിരുത്തേണ്ടതുണ്ട്. പ്രഖ്യാപിത ഉപലക്ഷ്യങ്ങളിലെ സൂചകങ്ങൾക്ക് ഉപരിയായി ഓരോ ജില്ലക്കും പ്രസക്തമായ പ്രാദേശിക സൂചകങ്ങൾ കൂടിച്ചേർക്കാവുന്നതാണ്.



നാല് അവകാശങ്ങൾ	വിഷയങ്ങൾ	സൂചകങ്ങൾ			നിലവിലെ സ്ഥിതി	ടാർജറ്റ്	കർമ്മ പരിപാടി
		ദേശീയം	കേരളം	ജില്ല			

ചുവടെ കൊടുത്തിട്ടുള്ള വിഷയങ്ങൾ ഇതിനായി ഉപയോഗിക്കാം. ഇവ തയ്യാറാക്കുമ്പോൾ അവകാശാധിഷ്ഠമായി പദ്ധതി തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.. അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം എന്നിവയാണ് അടിസ്ഥാനപരമായ അവകാശങ്ങൾ. അതിന്റെ അടിസ്ഥാനത്തിൽ ചുടവടെ കൊടുത്തിട്ടുള്ള രീതിയിൽ വിഷയങ്ങൾ ആലോചിച്ച വേണം ഈ പ്ലാൻ തയ്യാറാക്കാൻ. കൂടാതെ വൾണറബിളായ കുട്ടികളെ എല്ലാ പരിപാടിയിലും പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുന്നതോടൊപ്പം പ്രത്യേക വ്യക്തികത കെയർപ്ലാൻ എങ്ങനെയാവണം എന്നതും ഇവിടെ സൂചിപ്പിക്കണം

5. മോണിറ്ററിംഗ്

ഈ ബാലസൗഹൃദ ജില്ലാ പ്ലാൻ തയ്യാറാക്കുന്നതിനോടൊപ്പം അതിനായി രൂപപ്പെടുത്തിയ പ്രവർത്തനങ്ങൾ എങ്ങനെ നടക്കുന്നു, അതിന്റെ ഗുണനിലവാരം, പങ്കാളിത്തം, സമയബന്ധിതമാണോ, ഉണ്ടാകുന്ന തടസ്സങ്ങൾ മറികടക്കൽ എന്നിവ നിരന്തരം ഡിപിസി കോർ കമ്മിറ്റിക്കും ജില്ലാ ചൈൽഡ് റിസോഴ്സ് സെൻററിനും മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാവണം. ജില്ലാതലത്തിൽ മോണിറ്ററിംഗ് നടക്കുന്നതുപോലെ ഓരോ വകുപ്പിലും മോണിറ്ററിംഗ് നടക്കണം.

ബാല സൗഹൃദവുമായി ബന്ധപ്പെട്ട് വരുന്ന സൂചകങ്ങൾ അനുബന്ധം 2 ൽ നല്കുന്നു.

6. വിലയിരുത്തൽ

ഓരോ ആറുമാസം കൂടുമ്പോഴും കൃത്യമായ വിലയിരുത്തൽ നടക്കണം. ഡി.പി.സി യിലും ജില്ലാ ചൈൽഡ് അഡൈസറി ബോർഡിലും വിലയിരുത്തൽ നടക്കണം. ഓരോ തലത്തിലും എന്ത് നേടി, സമയബന്ധിതമായി ലക്ഷ്യം നേടാൻ കഴിഞ്ഞോ?



സംവിധാനത്തിൽ എന്തു മാറ്റം ഉണ്ടായി, തടസ്സങ്ങൾ എങ്ങനെ പരിഹരിച്ചു എന്നതിനായിരിക്കണം കൂടുതൽ ഊന്നൽ നൽകേണ്ടത്. പരിശീലനം ഏതൊക്കെ വിഷയങ്ങളിൽ വേണ്ടിവരും, ഓരോ നിർവഹണ ഏജൻസികളുടെയും പ്രവർത്തനം തുടങ്ങിയവയെല്ലാം വിലയിരുത്തപ്പെടണം. അതിനു പറ്റിയ തരത്തിൽ ഒരു സോഫ്റ്റ്വെയർ തയ്യാറാക്കുന്നതാണ്.

ഇതുകൂടാതെ വർഷത്തിലൊരിക്കൽ ഗ്രാമസഭയിലും, കുട്ടികളുടെ ഗ്രാമസഭയിലും എല്ലാതല പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കും ഇതൊക്കെ എങ്ങനെയാണ് ചെയ്യേണ്ടത് എന്നത് ഈ ചാപ്റ്റർ വ്യക്തമാക്കണം. എല്ലാ വർഷവും ജില്ലാ പ്ലാനിന്റെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കും.

7. ഇന്റഗ്രേഷൻ സാധ്യതകൾ

വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങിയവരുടെ സ്കീമുകൾ, പ്രവർത്തനങ്ങൾ എന്നിവയും വിവിധ ഭരണ തലങ്ങളിലെ പ്രവർത്തനവും, ഒരേ ഭരണ തലത്തിലെ തന്നെ വിവിധ പ്രവർത്തനങ്ങളും എങ്ങനെ ഏകോപിപ്പിച്ച് ചെയ്യാം എന്നതിന്റെ സാധ്യതകളും ഇവിടെ വിശദീകരിക്കണം.

8. പിന്തുണ സംവിധാനം

ത്രിതല പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവർക്ക് ഇത്തരത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിന് പരിശീലന മർഗ്ഗ നിർദ്ദേശം, വിവര ലഭ്യത, ഇന്റഗ്രേഷനുള്ള പിന്തുണ എന്നിവയിൽ എന്തൊക്കെ ഡി. പി. സി തലത്തിൽ ചെയ്യും എന്നതാണ് ഇവിടെ വിവരിക്കേണ്ടത്.

9. ഉപസംഹാരം

ഇതിൽ പറഞ്ഞതിന്റെ വെളിച്ചത്തിൽ ജില്ലാ ശിശു സൗഹൃദ പദ്ധതി കൂടി പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ തയ്യാറാക്കേണ്ടത് എന്ന് വിശദീകരിക്കുന്നതാവണം. താഴേത്തട്ടിലേക്ക് ചർച്ചയ്ക്ക് നൽകുമ്പോൾ ഇതിൽ ഉൾപ്പെടുത്തേണ്ടതും മാറ്റം വരുത്തേണ്ടതുമായ വസ്തുതകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. ഇത്തരത്തിലെ 8 അധ്യായങ്ങളിൽ ആണ് ജില്ലാ പ്ലാൻ തയ്യാറാക്കി നൽകേണ്ടത്.

പ്രാദേശിക ബാലസൗഹൃദ സമഗ്ര പദ്ധതി

ഇതിൽ രണ്ടു തലത്തിലുള്ള കാര്യങ്ങൾ ഉണ്ടാവണം. ഒന്ന് പ്രാദേശിക പ്ലാൻ എന്ന നിലയിൽ മുൻസിപ്പാലിറ്റി, മുൻസിപ്പൽ കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവരുടെ തനത് ബാലസൗഹൃദ പ്ലാനിന്റെ നിർവഹണത്തിന് സഹായകമായി ഗ്രാമപഞ്ചായത്താണെങ്കിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, വകുപ്പുകൾ എന്നിവർ ചെയ്യേണ്ട കാര്യങ്ങൾ. രണ്ടാമതായി അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്ലാനിൽ



വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ എന്നിവ ഉണ്ടാവണം.

ബ്ലോക്ക് തല ബാലസൗഹൃദ സമഗ്ര പദ്ധതി

ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ ബാലസൗഹൃദ സമഗ്ര പദ്ധതി, ഗ്രാമപഞ്ചായത്തുകൾ ശേഖരിച്ച വിവരങ്ങൾ, ഗ്രാമപഞ്ചായത്തുകൾ മുകൾത്തട്ടിലേക്ക് നൽകിയ നിർദ്ദേശങ്ങൾ, ജില്ലാ ബാലസൗഹൃദ പ്ലാൻ, വിവിധ വകുപ്പുകളുടെ, സ്ഥാപനങ്ങളുടെ, സംഘടനകളുടെ സ്കീമുകൾ, പരിപാടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പദ്ധതിക്ക് രൂപം നൽകും. അവിടെയും രണ്ട് ഭാഗങ്ങൾ ഉണ്ടാകും – ഒന്ന് ബ്ലോക്ക് തല ബാലസൗഹൃദ സമഗ്ര പദ്ധതിയും, രണ്ട്– ജില്ലാ പ്ലാനിങ്ങിലേക്കുള്ള നിർദ്ദേശങ്ങളും, ജില്ലാ പഞ്ചായത്തിലേക്കുള്ള പദ്ധതി നിർദേശങ്ങളും സംയുക്തമായി ചെയ്യാൻ കഴിയുന്നവയുടെ സാധ്യതകളും. ഇതിന് വിശദമായ പ്രക്രിയയും രീതിശാസ്ത്രവും ലോക്കൽ പ്ലാൻ ഓഫ് ആക്ഷന്റെ കൈപ്പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്.

ജില്ല ബാലസൗഹൃദ സമഗ്ര പദ്ധതി

ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ തയ്യാറാക്കിയ ബാലസൗഹൃദ സമഗ്ര പദ്ധതികൾ, ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബ്ലോക്ക് തലത്തിൽ ക്രോഡീകരിച്ച വിവരങ്ങൾ, ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലകളിൽ ചെയ്യണമെന്ന് നിർദ്ദേശിച്ച കാര്യങ്ങൾ, ജില്ലാ ബാലസൗഹൃദ പ്ലാൻ, വിവിധ വകുപ്പുകളുടെയും സംസ്ഥാനങ്ങളുടെയും സ്കീമുകൾ, പരിപാടികൾ, ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് ആയിരിക്കും ജില്ലാ പഞ്ചായത്തിന്റെ പദ്ധതി തയ്യാറാക്കുന്നത്. അതിൽ ജില്ലയുടെ തനത് പദ്ധതി, ജില്ലയെയും ബ്ലോക്ക് പഞ്ചായത്തും ചേർന്ന് ചെയ്യാവുന്നവ, ജില്ലയും ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും ചേർന്ന് ചെയ്യാവുന്നവ എന്നിങ്ങനെ ഉണ്ടാവണം. കൂടാതെ ജില്ലാ പ്ലാനിങ്ങിലേക്കുള്ള നിർദ്ദേശങ്ങളും ഇതിൽ ഉണ്ടാവും. ഇതിന് വിശദമായ പ്രക്രിയയും രീതിശാസ്ത്രവും ലോക്കൽ പ്ലാൻ ഓഫ് ആക്ഷന്റെ (LPA) കൈപ്പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്.

ജില്ലാ പ്ലാൻ അന്തിമമാക്കൽ

ത്രിതല പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, മുൻസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ക്രോഡീകരിച്ച വിവരം ഓരോ തലത്തിലും തയ്യാറാക്കിയ പദ്ധതികൾ, ഓരോ തലങ്ങളിൽ നിന്ന് ജില്ലാ പ്ലാനിങ്ങിലേക്ക് നൽകിയ നിർദ്ദേശങ്ങൾ, ഭേദഗതികൾ എന്നിവ ജില്ലാ ചൈൽഡ് റിസോഴ്സ് സെന്റർ വിശകലനം നടത്തി പരിശോധിച്ച് ചർച്ച നടത്തി ജില്ലാ പ്ലാനിൽ വേണ്ട മാറ്റങ്ങൾ വരുത്തണം. അത്തരത്തിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി നേരത്തെ ഉണ്ടായിരുന്ന അധ്യായങ്ങളിൽ ചിലത് ചുവടെ കൊടുത്തിട്ടുള്ള രീതിയിൽ മാറ്റം വരുത്താവുന്നതാണ്.



അന്തിമമാക്കിയ ജില്ലാ ബാലസൗഹൃദ പ്ലാൻ – ഘടന

എല്ലാ തലത്തിലുമുള്ള ചർച്ചകളും പൂർത്തിയാക്കി ജില്ലാ പ്ലാനിംഗ് അന്തിമ രൂപം നൽകുമ്പോൾ അതിന്റെ ഘടനയിൽ ചുവടെ കൊടുത്തിട്ടുള്ള രീതിയിൽ ചില മാറ്റങ്ങൾ അദ്ധ്യായങ്ങളിൽ കൊണ്ട് വരണം.

1. ആമുഖം

നേരത്തെ ഉണ്ടായിരുന്നതിൽ പലതലങ്ങളിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ, പ്രാദേശിക സർക്കാരുകളിൽ നിന്നും വന്ന നിർദ്ദേശങ്ങളുടെ, കണക്കിന്റെ അടിസ്ഥാനത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തണം. അതോടൊപ്പം ഇതിലേക്ക് എത്താൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തത്തിലും കൂട്ടിച്ചേർക്കലുകൾ നടത്തണം.

2. സ്ഥിതിവിവരം

നേരത്തെ ഉണ്ടായിരുന്ന വിവരത്തിന് ഉപരി താഴെത്തലത്തിൽ നിന്നും ലഭിച്ച വിവരം ക്രോഡീകരിച്ച് കാലാനുസൃതമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ അധ്യായത്തിൽ മാറ്റം വരുത്തുകയും വേണം.

3. നയരേഖ

നയരേഖയിൽ വിവിധ തലങ്ങളിൽ നടന്ന ചർച്ചയുടെയും നിർദ്ദേശത്തിന്റെയും വെളിച്ചത്തിലും സ്ഥിതി വിവരത്തിൽ വരുത്തിയ മാറ്റത്തിന്റെയും അടിസ്ഥാനത്തിൽ നയത്തിൽ വേണ്ട ഭേദഗതികൾ ചേർക്കണം.

4. വിവിധ വിഷയങ്ങൾ

പ്രാദേശിക പ്ലാനുകളുടെയും, ചർച്ചകളുടെയും അടിസ്ഥാനത്തിൽ സൂചനങ്ങളിലും ടാർജറ്റുകളിലും മാറ്റം വരുത്തണം. ഇത്തരത്തിൽ പത്ത് വർഷത്തേക്കുള്ള പ്ലാൻ വേണം ഇവിടെ തയ്യാറാക്കാൻ. ഇത് പട്ടികയുടെ അടിസ്ഥാനത്തിൽ തന്നെ നേരത്തെ വിവരിച്ച രീതിയിൽ രേഖപ്പെടുത്തണം.

5. മോണിറ്ററിംഗ്

താഴെ നിന്നും വന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മാറ്റം വരുത്തണം

6. വിലയിരുത്തൽ

താഴെ നിന്നും വന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് വേണം മാറ്റം വരുത്താൻ

7. ഇന്റഗ്രേഷൻ

ത്രിതല പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ബാലസൗഹൃദ സമഗ്ര പദ്ധതി പരിശോധിച്ച് അതിൽ വന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ ആകെ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ഒരു ഇന്റഗ്രേഷൻ പ്ലാൻ തയ്യാറാക്കണം. ഇതിൽ ചുവടെ കൊടുത്തിട്ടുള്ള രീതി അവലംബിക്കാവുന്നതാണ്.



1	2	3	4	5	6
ഗോൾസ് /ടാർജെറ്റുകൾ	പദ്ധതി/പരിപാടി/പ്രോജക്ട്	ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	വകുപ്പുകൾ	സ്ഥാപനങ്ങൾ/ സംഘടനകൾ	കാലയളവ്

ഇത്തരത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കിക്കഴിഞ്ഞാൽ അതിൽ നിന്നും ഒറ്റനോട്ടത്തിൽ തന്നെ ആരൊക്കെ ചേർന്ന് ഈ പ്രവർത്തനം നടത്തണം എന്ന് മനസ്സിലാക്കാനാകും. ഇതിൽ ഒന്നാമത്തെ കോളത്തിൽ ഉദ്ദേശിക്കുന്ന പദ്ധതി/ പരിപാടി/ പ്രോജക്ട് ആണ് രേഖപ്പെടുത്തേണ്ടത്. കോളം രണ്ടിൽ പൂർത്തീകരിക്കേണ്ട ഗോൾസും ടാർജെറ്റുകളുമാണ് ചേർക്കേണ്ടത്. മൂന്നാമത്തെ കോളത്തിൽ ഇത് ഏതൊക്കെ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നാണ് രേഖപ്പെടുത്തേണ്ടത്. നാലാമത്തെ കോളത്തിൽ ഏതൊക്കെ വകുപ്പുകളും അഞ്ചാമത്തെ കോളത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ/ സംഘടനകൾ ആണ് ഇതിൽ പങ്കാളികളാകുന്നത് എന്നതുമാണ് രേഖപ്പെടുത്തേണ്ടത്. ആറാമത്തെ കോളത്തിൽ എത്ര കാലം ഇത്തരത്തിൽ ചെയ്യാനാണ് ഈ രീതി വിഭാവനം ചെയ്യുന്നത് എന്നതാണ് പറയേണ്ടത്.

ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പരിപാടിയിലും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ, വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവരുടെ യോഗം ഡിപിസി തലത്തിൽ ചേർന്ന് സമഗ്ര നിർവഹണ പ്ലാനും, റോൾ ക്ലാരിറ്റിയും, വിഭവ സാധ്യതകളും പ്രവർത്തന കലണ്ടറും തയ്യാറാക്കണം.

8. പിന്തുണ സംവിധാനം

ഈ പദ്ധതി നിർവഹിക്കുന്നതിൽ, മോണിറ്റർ ചെയ്യുന്നതിൽ, വിലയിരുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിശീലനം മർഗ്ഗ നിർദ്ദേശം, വിവരം നൽകൽ, ഇന്റഗ്രേഷൻ എന്നിവയിൽ എന്തൊക്കെ പിൻതുണ നൽകുമെന്ന് കൃത്യമായി നിശ്ചയിച്ച് ഇവിടെ രേഖപ്പെടുത്തണം.

9. അടുത്തഘട്ടത്തിലേക്ക്

ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഈ പരിപാടിയുടെ നിർവഹണത്തിനും,



കാലാനുസൃതമാക്കുന്നതിനും എന്തൊക്കെയാണ് ഓരോ വർഷവും ചെയ്യേണ്ടത്, വരുന്ന അടുത്ത വർഷം മുന്നിൽ ചെയ്യേണ്ട കാര്യങ്ങൾ എന്നിവ വിശദീകരിക്കുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ ജില്ലാ പ്ലാനിങ് അന്തിമരൂപം നൽകിയാൽ.

V. ജില്ലാതല സെമിനാർ

ജില്ലയിൽ ബന്ധപ്പെട്ട എല്ലാ വകുപ്പിന്റെയും ജില്ലാ മേധാവികൾ അടക്കമുള്ള പ്രതിനിധികൾ, എല്ലാ തലത്തിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺസ്, എല്ലാ ഗ്രാമപഞ്ചായത്ത് നിന്നും കുട്ടികളുടെ ഓരോ പ്രതിനിധികൾ, സ്ഥാപന പ്രതിനിധികൾ, ഡിപിസി അംഗങ്ങൾ, ജില്ലാ റിസോഴ്സ് ടീം അംഗങ്ങൾ, ജില്ലാ സംഘാടകസമിതി അംഗങ്ങൾ ധനകാര്യ സ്ഥാപന പ്രതിനിധികൾ എന്നിവ അടങ്ങുന്ന ഏകദിന സെമിനാർ ആയിരിക്കണം.

ഇന്റഗ്രേഷൻ – സാധ്യതകൾ

ബാലസൗഹൃദ തദ്ദേശഭരണം യാഥാർഥ്യമാക്കുന്നതിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ, വകുപ്പുകൾ എന്നിവ തമ്മിൽ സംയോജിച്ച പ്രവർത്തിക്കേണ്ടതുണ്ട്.

ലക്ഷ്യം	പദ്ധതി/പ്രോജക്ട്/പരിപാടി	പ്രവർത്തനങ്ങൾ	ആര്/ആരൊക്കെ

പിന്തുണാസംവിധാനം

ബാലസൗഹൃദം എന്ന ആശയത്തെ മുന്നോട്ടു നയിക്കുവാൻ കൂട്ടായ പ്രവർത്തനങ്ങളാണ് അനിവാര്യം. കൂട്ടായ്മകളിലൂടെ മാത്രമേ ഈ ലക്ഷ്യത്തിലേക്ക് നടക്കുവാനും അടുക്കുവാനും സാധിക്കുകയുള്ളു. സമൂഹത്തിന്റെ വിവിധ തലത്തിലുള്ള വ്യക്തികളും, സംഘടനകളും, സർക്കാർ വകുപ്പുകളും ഏകോപിപ്പിച്ച നടത്തുന്ന പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നു. ആയതിലേക്ക് അനിവാര്യമാണ് കൂട്ടായ്മകളും അവരുടെ ഏകോപനവും. സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ക്ലബ്ബുകൾ, വായനശാല, റെസിഡന്റ്സ് അസ്സോസിയേഷനുകൾ, കുടുംബശ്രീ തുടങ്ങി സർക്കാരിന്റെ വിവിധ വകുപ്പുകൾ വരെ ഈ പ്രവർത്തനത്തിന് പങ്കാളികളാകേണ്ടതുണ്ട്. അവകാശാധിഷ്ഠിതമായി പ്രവർത്തങ്ങളെ വ്യക്തികളുമായും സംഘടനകളുമായും വകുപ്പുകളുമായും അടയാളപ്പെടുത്തുന്നതായിരിക്കും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഉചിതം



അവകാശം	ടാർജെറ്റ്	പ്രവർത്തനങ്ങൾ	വ്യക്തി	സംഘടന	വകുപ്പ്	സ്ഥാപനങ്ങൾ
അതിജീവനം						
വികസനം						
സംരക്ഷണം						
പങ്കാളിത്തം						

ബാലസൗഹൃദ കേരളം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ ഓരോ പ്രവർത്തനത്തിനും വേണ്ട വിലയിരുത്തലുകളും അതോടൊപ്പം മാർഗ്ഗനിർദേശവും നൽകേണ്ടതുണ്ട്. അവകാശാധിഷ്ഠിതമായി നടത്തുന്ന ഓരോ പ്രവർത്തനത്തിന്റെയും പുരോഗതി സമയബന്ധിതമായി വിലയിരുത്തുന്നതിനൊപ്പം തുടർപ്രവർത്തനങ്ങൾക്കു വേണ്ട മാറ്റവും പിന്തുണയും നൽകേണ്ടതാണ്. ഇത്തരത്തിൽ പ്രവർത്തനങ്ങളുടെ ഇടയിൽ അവയുടെ പുരോഗതിയും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്താവുന്നതാണ്.

അവകാശം	പ്രവർത്തനം	ലക്ഷ്യം	പുരോഗതി	തുടർ പ്രവർത്തനം	സഹായ സംഘടനകൾ / സംവിധാനങ്ങൾ
അതിജീവനം					
വികസനം					
സംരക്ഷണം					
പങ്കാളിത്തം					

മോണിറ്ററിങ്ങും വിലയിരുത്തലും

പ്രവർത്തന സംബന്ധമായ പുരോഗതി, തുടർനടപടികൾ സംബന്ധിച്ച വിശകലന ഫോറം മാതൃക ചുവടെ.




പ്രവർത്തനം	നിലവിലെ സ്ഥിതി	തുടർ പ്രവർത്തനം
ബാലസൗഹൃദ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഭരണസമിതിയിൽ ചർച്ചയും , അനുവാദവും		
പ്രവർത്തനത്തിന് ചുമതല നൽകൽ		
പ്രവർത്തനത്തിന് ആവശ്യമായ കമ്മിറ്റി രൂപീകരണം		
കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനങ്ങളും തുടർപ്രവർത്തന ആസൂത്രണവും		
ചൈൽഡ് റിസോർസ് സെന്റർ-സ്ഥാപിക്കൽ/പ്രവർത്തനക്ഷമം		
CRC - വിഷയപരിജ്ഞാനം ഉള്ള അംഗങ്ങളുടെ എണ്ണം / ലഭ്യത		
CRC അംഗങ്ങൾക്ക് പരിശീലനം		
ഗ്രാമസഭ - പ്രവർത്തന വിശദീകരണം, ജനപങ്കാളിത്തം ഉറപ്പാക്കൽ		
കുട്ടികളുടെ ഗ്രാമസഭ - പ്രവർത്തന വിശദീകരണം, ചർച്ച, കുട്ടികളെ കമ്മിറ്റിയിൽ ഉൾപെടുത്താൻ		
വിവരശേഖരണത്തിനായി നിലവിലെ അവസ്ഥ പഠനവും സൂചകങ്ങളുടെ ആസൂത്രണവും		
വിവരശേഖരണം - ചുമതല നൽകൽ		
വിവരശേഖരണം - ജനങ്ങളെ അറിയിക്കാൻ നടപടികൾ		
വിവരശേഖരണം - പ്രാഥമിക പുരോഗതി വിലയിരുത്തൽ		
വിവരശേഖരണം - ദ്വിതീയ ശേഖരണവും സംയോജനവും		
വിവരവിശകലന പ്രവർത്തനങ്ങൾ - കമ്മിറ്റി		
വിവരവിശകലന പ്രവർത്തനങ്ങൾ - സൂചകങ്ങളും, ടാർഗറ്റുകൾ തീരുമാനിക്കൽ.		
കരട് പ്ലാൻ - ചർച്ചയും ആസൂത്രണവും		
കരട് പ്ലാൻ - കുട്ടികളുടെ ഗ്രാമസഭയിൽ അവതരണം		
കരട് പ്ലാൻ - ഗ്രാമസഭയിൽ അവതരണം		
പഞ്ചായത്ത്തല സെമിനാർ - പ്ലാൻ അവതരണം		
പ്ലാൻ ഏകീകരണം / ചർച്ചകൾ - CRC		
പദ്ധതി നിർവഹണം - പ്ലാൻ തയാറാക്കൽ		
പദ്ധതി നിർവഹണം - തുടർ പരിശീലനങ്ങൾ		
ഡോകുമെന്റെഷൻ		




ബാലസൗഹൃദ ജില്ലാ പ്ലാൻ
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION


I. ഉന്നംതെറ്റ പ്രവർത്തനങ്ങൾ
II. ഡിപിസി യോഗങ്ങൾ
III. ഡിപിസി ബാലസൗഹൃദ കോർ കമ്മിറ്റി
IV. ജില്ല ചൈൽഡ് അഡൈസറി ബോർഡ് (DCAB)
V. ജില്ലാതല ചൈൽഡ് റിസോഴ്സ് സെന്റർ (DCRC)


VI. വിവരം ശേഖരിക്കൽ
1. സ്ത്രീകൾ പരിപാടികൾ സംബന്ധിച്ച്
2. കുട്ടികളെ സംബന്ധിച്ച് ശേഖരിക്കേണ്ട വിവരങ്ങൾ
• വിദ്യ വകുപ്പുകൾ
• എത്ര അംഗൻവാടികൾ, എത്ര സ്കൂളുകൾ, എത്ര കുട്ടികൾ, കുട്ടികൾ നേരിട്ട് ബന്ധപ്പെടുന്ന ഏത്, എത്ര സ്ഥാപനങ്ങൾ ഇവയുടെയെല്ലാം കൃത്യം സൗകര്യങ്ങൾ
• ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ്, അമ്മത്തൊട്ടിൽ, ചൈൽഡ് ഹെൽപ്പ് ലൈനുകൾ, സന്നദ്ധ സംഘടനകൾ, ചിൽഡ്രൻസ് ഹോമുകൾ, ഷീനകേഷ്, കുട്ടികളുടെ ഹോം ഡീറ്റെയിൻ സെന്ററുകൾ, മെഡിക്കൽ കോളേജ്, താലൂക്ക് ആശുപത്രികൾ, ഡിഎംഒ ഓഫീസ്, ഡിപിഎം-എൻഎച്ച്എം, പോലീസ്-DCRB യിൽ നിന്നുള്ള വിവരങ്ങൾ, DLO മാരിൽ നിന്നുള്ള വിവരങ്ങൾ ബാലസംവന്നങ്ങൾക്ക് ഏകജാലസ് ജില്ല ഓഫീസ്, DEO സംഗ്രഹ


VI. വിവരം ശേഖരിക്കൽ
• ജില്ലാ പട്ടികജാതി, പട്ടികവർഗ്ഗ ഓഫീസ്
• കുടുംബശ്രീ ജില്ല ഓഫീസ്, ജില്ലാ ശിശുവികസന ഓഫീസ്, ജില്ലാ വനിത ശിശു ഓഫീസർ, DSJD എന്നിവരിൽ നിന്നുള്ള അക്കൗണ്ടുകൾ, ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ
• ജില്ലാ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട്
• എക്കണോമിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് -ഏകജാലസ്റ്റേറ്റ് കേരളം
• Annual Status of Educational Report (ASER)-പെൺമനായി ലഭിക്കം
• മഹനത് ലക്ഷ്യം- ജില്ല ഡാറ്റ ഏകജാലം- ഇത് ഉപയോഗിക്കാം.
• പൊതു വിദ്യാഭ്യാസം
• കൈറ്റ് കേരള-പൊതു വിദ്യാഭ്യാസം, കൈറ്റ് കേരള-സമൂഹിനു സോഫ്റ്റ് വെയർ, ICDS Data
• കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്
• SDG ഡാഷ്ബോർഡ്, PDI


3. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ
വിവിധ വിഷയം ശേഖരിക്കണ്ണത് ക്കാതെ ബന്ധപ്പെട്ട വകുപ്പുകളിൽ ഈ മേഖലയിലെ പ്രവർത്തിച്ച് അനുഭവമുള്ളവർ, വിവിധ മേഖലയിലെ വിദഗ്ധർ, കുട്ടികളുടെ സംഘടനകൾ, കുട്ടികളെ പരിപ്പിക്കുന്ന സ്ഥാപന പ്രതിനിധികൾ, വിവിധ വിഭാഗത്തിലെ കുട്ടികൾ, എന്നിവരുടെ പ്രത്യേകം പ്രത്യേകം യോഗം ചേർന്ന് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കണം.


4. പദ്ധതി വിശകലനം
ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2021-22, 22-23 സാമ്പത്തിക വർഷത്തിൽ കുട്ടികൾക്കായി തയ്യാറാക്കിയ പദ്ധതികൾ സംബന്ധിച്ച് സൂക്ഷ്മമായി നിന്നും വിവരം ശേഖരിക്കണം.
എല്ലാ വകുപ്പിൽ നിന്നും അവർ നടപ്പിലാക്കി വന്നിരുന്ന പരിപാടികളുടെ വിശകലനം നടത്തണം പദ്ധതിയുടെ പേര്, ഉദ്ദേശലക്ഷ്യം, വിനിയോഗിച്ച തുക, ഉണ്ടായ നേട്ടം, ഗുണം ലഭിച്ച കുട്ടികളുടെ എണ്ണം എന്നിവ ശേഖരിക്കണം.
ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, മുൻസിപ്പൽ കോർപ്പറേഷൻ എന്നിവരിൽ നിന്നുള്ള വിവരം സൂക്ഷ്മ വഴി IKM ന്റെ സഹായത്തോടെ ശേഖരിക്കുവുന്നതാണ്.


VII. സൂചകങ്ങൾ
VIII. ടാർജറ്റുകൾ


നന്ദി



സെഷൻ–12

ചൈൽഡ് റിസോഴ്സ് സെന്ററിന്റെ (CRC) ഉത്തരവാദിത്തങ്ങൾ

1. ലക്ഷ്യം :
   - ചൈൽഡ് റിസോഴ്സ് സെന്ററിന്റെ ഉത്തരവാദിത്തങ്ങളും പ്രവത്തനങ്ങളും ബോദ്ധ്യപ്പെടുത്തുക
2. സമയം : 90 മിനിറ്റ്
3. വേദി : പൊതുവേദി, ഗ്രൂപ്പ്

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ആമുഖം,	5	അവതരണം	പിപിടി
2	ഗ്രൂപ്പ് ചർച്ച	40	ഗ്രൂപ്പ് ചർച്ച	ചാർട്ട്, മാർക്കർ
3	അവതരണം, ക്രോഡീകരണം	45		പിപിടി,

കുറിപ്പ്:

ആമുഖമായി ചൈൽഡ് റിസോഴ്സ് സെന്ററിന്റെ ഉത്തരവാദിത്തങ്ങളും പ്രവത്തനങ്ങളും , എങ്ങനെ ഗ്രൂപ്പ് തിരിക്കണം അവിടെ എങ്ങനെ ചർച്ച ചെയ്യണം എന്നീ കാര്യങ്ങൾ അവതരിപ്പിക്കണം. തുടർന്ന് പഞ്ചായത്ത് തലത്തിൽ ഗ്രൂപ്പായി തിരിഞ്ഞ് ചൈൽഡ് റിസോഴ്സ് സെന്റർ എങ്ങനെ പ്രവർത്തിക്കണം, ഉത്തരവാദിങ്ങൾ എന്തൊക്കെയായിരിക്കണം എന്ന ചർച്ച ചെയ്യണം. അത് അവതരിപ്പിച്ച് ഫെസിലിറ്റേറ്റർ 15 മിനിറ്റ് എടുത്ത് ക്രോഡീകരിക്കണം.




ചൈൽഡ് റിസോഴ്സ് സെന്ററിന്റെ (CRC)
ഉത്തരവാദിത്തങ്ങൾ
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION


ഘടന
ചെയർപേഴ്സൺ
തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ
വൈസ് ചെയർപേഴ്സൺ
തദ്ദേശ സ്വയംഭരണ സ്ഥാപന ഉപാദ്ധ്യക്ഷ/ൻ
കൺവീനർ
ICDS സൂപ്പർവൈസർ/CDPO
ജോയിന്റ് കൺവീനർ
CWF, ജനകീയാസൂത്രണ റിസോഴ്സ് പേഴ്സൺ
ഈ മേഖലയിൽ പ്രവർത്തിക്കുള്ള അനേക്ഷണം, നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ, പ്രവർത്തിക്കാൻ താല്പര്യമുള്ളവർ - 25


അംഗങ്ങൾ
ഘടകസ്ഥാപനങ്ങൾ അടക്കം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോരുത്തർ
സന്നദ്ധപ്രവർത്തകരായ 5 റിസോഴ്സ് പേഴ്സൺമാർ
വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ
2 കുട്ടികളുടെ പ്രതിനിധികൾ
നിയമ പരിജ്ഞാനമുള്ള 2 പേർ
കൗൺസിലിംഗ് പരിജ്ഞാനമുള്ള 2 പേർ
IT മേഖലയിൽ വൈദഗ്ധ്യമുള്ള ഒരാൾ
തദ്ദേശ സ്വയംഭരണ സ്ഥാപന TA
സി.ഡി.സി യിൽ നിന്നും ഒരാൾ


ഉത്തരവാദിത്തങ്ങൾ
എല്ലാ പ്രവർത്തനങ്ങൾക്കും അക്കാഡമിക് നേതൃത്വം നൽകുക.
പരിശീലനങ്ങൾ സംഘടിപ്പിക്കുക.
ഈ പദ്ധതി തയ്യാറാക്കുന്നതിനും, ഇടർ പ്രവർത്തനങ്ങൾക്കും വേണ്ട വിവരം ശേഖരിക്കുക. പഠനങ്ങൾ നടത്തുക
പഠനങ്ങൾ നടത്തുക, കിട്ടിയ വിവരം ക്രോഡീകരിക്കുക, വിവര വിശകലനം നടത്തുക, ചർച്ചകൾ സംഘടിപ്പിക്കുക


പദ്ധതി, ഇടർ പ്രവർത്തനങ്ങൾ എന്നിവയുടെ കരട് തയ്യാറാക്കുക.
ഇൻഫർമേഷൻ, ഹെൽപ്പ് ലൈൻ സെന്ററായി പ്രവർത്തിക്കുക.
മോണിറ്ററിംഗ് വിലയിരുത്തൽ
ഇന്റഗ്രേഷൻ
ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകുക.
ബോധവൽക്കരണം, പരിശീലനം എന്നിവ നടത്തുക. അതിന് വേണ്ട മൊഡ്യൂൾ തയ്യാറാക്കുക.


പഞ്ചായത്ത് - ഭ്രൂപം നൽകണം
ബാലസൗഹൃദമാക്കുന്നതിന്റെ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട അക്കാദമിക് നേതൃത്വം
ത്രിദിന പരിശീലനം




• ഒരു ഓഫീസ് സംവിധാനം
• നാല് ഗ്രൂപ്പ്
• അക്കാഡമിക് പ്രവർത്തനം,
• മോണിറ്ററിംഗ്, വിലയിരുത്തൽ,
• പരിശീലനങ്ങൾ,
• ഡോക്യുമെന്റേഷൻ റിപ്പോർട്ട് തയ്യാറാക്കൽ


നന്ദി

സെഷൻ–13

ഇന്റഗ്രേഷൻ സാധ്യതകൾ

1. ലക്ഷ്യം :
   - എന്താണ് ഇന്റഗ്രേഷൻ, അതിന്റെ ഗുണം എന്ത് എന്ന് മനസ്സിലാക്കുക
   - ഇന്റഗ്രേഷൻ സാധ്യതകൾ എന്തൊക്കെ എന്ന ബോദ്ധ്യപ്പെടുത്തുക
   - അത് ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും വിലയിരുത്തലിലും എങ്ങനെ ഉപയോഗിക്കാം എന്ന് മനസ്സിലാക്കാം
2. സമയം : 40 മിനിറ്റ്
3. വേദി : പൊതുവേദി, ഗ്രൂപ്പ്

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	എന്താണ് ഇന്റഗ്രേഷൻ	5	അവതരണം	
2	അത് കൊണ്ട് എന്ത് നേട്ടമാണ് ഉള്ളത്	10	അവതരണം	
3	ഇന്റഗ്രേഷൻ സാധ്യതകൾ	10	ചർച്ച, അവതരണം	ചാർട്ട്, മാർക്കർ
4	ഏതൊക്കെ ഘടകത്തിൽ ഇന്റഗ്രേഷൻ സാധ്യമാക്കാം	15	ചർച്ച, അവതരണം, ക്രോഡീകരണം	

കുറിപ്പ്:

- ഒരു പൊതുലക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കുമ്പോൾ, പ്രവർത്തനങ്ങൾ, വിഭവം എന്നിവ കോർത്തിണക്കി നടത്തുന്ന പ്രക്രിയയെ ഇന്റഗ്രേഷൻ എന്ന് പറയാം. തട്ടകൾ തമ്മിലും പ്രവർത്തനങ്ങൾ തമ്മിലും ഉണ്ടാകണം. ഇത്തരത്തിൽ വിനിയോഗിക്കുന്നത് വഴി അധികവിഭവ വിനിയോഗം കുറയ്ക്കാൻ കഴിയും , കൂടുതൽ നേട്ടം ഉണ്ടാക്കാൻ കഴിയും.
- കൂടുതൽ ആശയങ്ങൾ രൂപപ്പെടും, പ്രവർത്തനം കൂടുതൽ അടുപ്പമുള്ളതായി തീരും. ഇന്റഗ്രേഷന് വലിയ സാധ്യതകളാണുള്ളത് എന്നത് ചുവടെ കൊടുത്ത രീതിയിൽ വിശദീകരിക്കാനുന്നതാണ്.



ക്ര.നം	പ്രവർത്തനങ്ങൾ								

തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഇതുമായി ബന്ധപ്പെട്ട സമഗ്രപദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് എങ്ങനെ ഒരേ ലക്ഷ്യത്തിൽ എത്തിച്ചേരാം എന്നു മനസ്സിലാക്കണം. ഏതെങ്കിലും ഒരു പരിപാടി ഉദാഹരണമായി നൽകുന്നത് നന്നായിരിക്കും.



സെഷൻ–14

വിലയിരുത്തൽ, മോണിറ്ററിംഗ്

1. ലക്ഷ്യം :
   - വിലയിരുത്തൽ എങ്ങനെ നടത്താം എന്ന് ബോദ്ധ്യപ്പെടുത്തുക
   - മോണിറ്ററിംഗ് എങ്ങനെ നടത്താം
2. സമയം : 45 മിനിറ്റ്
3. വേദി : പൊതുവേദി, ഗ്രൂപ്പ്

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	പൊതു മോണിറ്ററിംഗ്	15	അവതരണം	എൽസിഡി പിപിടി
2	പൊതു വിലയിരുത്തൽ	10	ചർച്ച, അവതരണം	
3	വകുപ്പ് തല മോണിറ്ററിംഗ് , വിലയിരുത്തൽ	10	ചർച്ച, അവതരണം	ചാർട്ട്, മാർക്കർ
4	സോഷ്യൽ ഓഡിറ്റ്	15	ചർച്ച, അവതരണം	

കുറിപ്പ്:

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതൽ താഴേക്കും വരെയും തിരിച്ചും എങ്ങിനെ മോണിറ്ററിംഗ് നടത്താം, എങ്ങനെ മോണിറ്റർ റിപ്പോർട്ട് തയ്യാറാക്കാം, വാർഡ്തലത്തിൽ എങ്ങനെ മോണിറ്ററിംഗ് നടത്താം, അതേ രീതിയിൽ എങ്ങനെ വിലയിരുത്തൽ നടത്താം, സോഷ്യൽ ഓഡിറ്റ് എങ്ങനെ നടത്താം എന്നീ കാര്യങ്ങൾ ഇവിടെ വിശദീകരിക്കണം

മോണിറ്ററിംഗ്

- പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ ഇതിന്റെ പ്രവർത്തന വിജയത്തിന് നിർവ്വഹണത്തോടൊപ്പം എന്തൊക്കെ മോണിറ്റർ ചെയ്യപ്പെടണം എന്നതിന് കൃത്യമായ ധാരണ ഉണ്ടാവണം. തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്നത് ഒരു സമഗ്ര



പദ്ധതി ആയതിനാൽ ഇതിന്റെ നിർവഹണം തദ്ദേശ സ്വയംഭരണ സ്ഥാപനം മാത്രമാവണമെന്നില്ല. വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, സന്നദ്ധ സേവനങ്ങൾ, ത്രിതല പഞ്ചായത്തുകൾ ഒക്ക ഉണ്ടാവും. ആയതിനാൽ കൃത്യമായ മോണിറ്ററിംഗ് അനിവാര്യമാണ്.

- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് പഞ്ചായത്ത് തലത്തിൽ ഇതിന്റെ നിർവ്വഹണം നടത്തുന്നു എന്നതിനാൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് ഇതിന്റെ മോണിറ്ററിംഗ് നടത്തേണ്ടത്.
- ഓരോ തലത്തിലും, ഏറ്റവും താഴെ തലം വരെ നടക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട്, സി.ആർ.സി ശേഖരിച്ച് ക്രോഡീകരിച്ച് - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്കും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും CAB ക്കും നൽകണം. അവർ ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനത്തിൽ തന്ത്രത്തിൽ എന്ത് മാറ്റം വരുത്തണം എന്നത് നിശ്ചയിക്കണം.
- ഇതേസമയം വകുപ്പ് തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് മുകൾ തലങ്ങളിൽ കൃത്യമായി നടക്കണം.

മോണിറ്ററിംഗിന്

- ലക്ഷ്യം നേടുന്നതിന് സഹായകമായ രീതിയിലാണോ പ്രവർത്തനങ്ങൾ നടക്കുന്നത്.
- ലഭിച്ച തുക കൃത്യമായി നിയമാനുസരണം വിനിയോഗിക്കുന്നുണ്ടോ?
- എല്ലാ തലത്തിലുമുള്ള/വിഭാവനം ചെയ്ത പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ടോ?
- സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന എന്ന തരത്തിലാണോ സംഘാടനം.
- കുട്ടികളുടേയും രക്ഷിതാക്കളുടേയും പങ്കാളിത്തം.
- സ്ഥാപനത്തിന്റേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും സമീപനം.
- അധിക വിഭവസമാഹരണം ഉറപ്പാക്കുന്നുണ്ടോ?
- സുസ്ഥിരമാവാൻ വേണ്ടുന്ന ഘടകങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ടോ തുടങ്ങീ കാര്യങ്ങൾ മോണിറ്റിംഗിന്റെ ഭാഗമായി പരിശോധിക്കപ്പെടണം.

വിലയിരുത്തൽ

ഏതൊക്കെ തലങ്ങളിലാണോ പ്രവർത്തനം നടന്നത് അതത് തലത്തിൽ വിലയിരുത്തൽ നടക്കണം. അതേസമയം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മൊത്തം പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടക്കണം. വിലയിരുത്തൽ ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾ പരിശോധിക്കപ്പെടണം.

- ഓരോ തലത്തിലും, മൊത്തത്തിലും വിലയിരുത്തുമ്പോൾ എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും ഗുണമുണ്ടായി.
- ഈ പ്രവർത്തനങ്ങൾ വഴി കുട്ടികളിൽ, രക്ഷിതാക്കളിൽ, സ്ഥാപനങ്ങളിൽ, സംവിധാനങ്ങളിൽ ഉണ്ടായ ഗുണപരവും, ഗൗരവുമായ മാറ്റം എന്തായിരുന്നു.



- സംഘാടനത്തിലെ പങ്കാളിത്തം
- അധിക വിഭവ സമാഹരണ സാധ്യതയുടെ ഉപയോഗവും, വിനിയോഗവും.
- അനുവദിച്ച തുക, ചെലവഴിച്ച തുക മിച്ചം
- സുസ്ഥിരത ഉറപ്പ് വരുത്തുന്നത് എങ്ങനെ? അതിനായി ചെയ്ത കാര്യങ്ങൾ.
- അറിയിപ്പ്, പരിശീലനം, പ്രചരണം, ഡോക്യുമെന്റേഷൻ എന്നിവ എങ്ങനെ ചെയ്തു, അതിന്റെ ഗുണനിലവാരം ഉപയോഗിച്ച് മീഡിയകൾ, എത്ര ആളുകളിൽ എത്തി, ആരൊക്കെ ഇത് ഉൾക്കൊണ്ടു എന്നീ കാര്യങ്ങൾ വിലയിരുത്തണം.
- നിർവ്വഹണത്തിൽ പങ്കാളികളായവരുടെ പ്രവർത്തനം, സമീപനം എന്നിവയും വിലയിരുത്തണം.

അതിനായി:-

1. രേഖകൾ പരിശോധിക്കൽ
2. ഗുണഭോക്താക്കളുമായി ചർച്ച
3. നിർവ്വഹണ ഉദ്യോഗസ്ഥരുമായി ചർച്ച
4. രക്ഷിതാക്കളുമായി ചർച്ച
5. സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുമായി ചർച്ച

തുടങ്ങിയവ നടത്താവുന്നതാണ്.

സോഷ്യൽ ഓഡിറ്റ്


- മുകളിൽ സൂചിപ്പിച്ച വിലയിരുത്തൽ റിപ്പോർട്ട് ചൈൽഡ് റിസോഴ്സ് സെന്റർ തയ്യാറാക്കണം. ഇത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ചർച്ച ചെയ്ത് ആവശ്യമായ വിശദീകരണ കുറിപ്പുകൾ സഹിതം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം.
- കുട്ടികളുടെ ഗ്രാമസഭയിലും, മുതിർന്നവരുടെ ഗ്രാമസഭയിലും അവതരിപ്പിച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. അതിന് മുന്നോടിയായി അതത് സ്ഥാപനങ്ങൾ, വകുപ്പുകൾ, തുടങ്ങിയ സ്ഥലങ്ങളിൽ നടപ്പിലാക്കിയതിന്റെ വിശദവിവരം അതത് സ്ഥാലങ്ങളിലെ ഗുണഭോക്താക്കൾ, ബന്ധപ്പെട്ടവർ എന്നിവരെ വിളിച്ച് ചേർത്ത് അവതരിപ്പിച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. ഈ റിപ്പോർട്ടും പൊതു സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ അവതരിപ്പിക്കണം. അവിടെ അവതരിപ്പിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.


1. വിവിധ തലങ്ങളിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്
2. വിലയിരുത്തൽ റിപ്പോർട്ട്
3. ആ സ്ഥാപനങ്ങളുടെ, പ്രവർത്തനങ്ങൾ, സമീപനം, ജീവനക്കാരുടെ പ്രവർത്തനങ്ങൾ സമീപനം
4. വകയിരുത്തിയ തുക വിനിയോഗം തുടങ്ങീ കാര്യങ്ങൾ അവതരിപ്പിച്ച് ചർച്ച ചെയ്യണം.


സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണം തുടർ പ്രവർത്തനങ്ങൾ ആലോചിക്കാൻ. അതിനായി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്ത് പരിഹാരം, പരിപോഷണം എന്നിവ തയ്യാറാക്കണം.




വിലയിരുത്തൽ, മോണിറ്ററിംഗ്
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION


CWPC
പഞ്ചായത്ത് ഭരണസമിതി
വിദ്യാകാസ ഏകോപനമുള്ള സൂപ്പർവൈസറി കമ്മിറ്റി
വകുപ്പുകൾ
മോണിറ്ററിംഗ്
CAB
വാർഡ് തലം
CRC


CWPC
പഞ്ചായത്ത് ഭരണസമിതി
വിദ്യാകാസ ഏകോപനമുള്ള സൂപ്പർവൈസറി കമ്മിറ്റി
കുട്ടികളുടെ ഗ്രാമസഭ
വിലയിരുത്തൽ
വാർഡുകൾ
ഗ്രാമസഭ
സോഷ്യൽ ഓഡിറ്റ്
CRC
CAB


ഗ്രാമസഭ
പിടിഎ
മോണിറ്ററിംഗ്
എംപിടിഎ
കുട്ടികളുടെ ഗ്രാമസഭ


നന്ദി

സെഷൻ–15

ഡോക്യുമെന്റേഷൻ

1. ലക്ഷ്യം :
- ഡോക്യുമെന്റേഷൻ പ്രാധാന്യം ബോധ്യപ്പെടുത്തുക
- പ്രക്രിയയും, രീതിശാസ്ത്രവും പരിചയപ്പെടുത്തുക
- വ്യത്യസ്ത തരത്തിൽ ഡോക്യുമെന്റേഷൻ ചെയ്യേണ്ടതെങ്ങനെ എന്ന് പഠിതാക്കൾക്ക് ധാരണ രൂപീകരിക്കുക

2. സമയം : 45 മിനിറ്റ്

3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	ഡോക്യുമെന്റേഷൻ – ആമുഖം	10	പങ്കാളിത്ത അവതരണം	എൽസിഡി പിപിടി
2	പ്രാധാന്യവും സാധ്യതകളും	10	അവതരണം	എൽസിഡി പിപിടി
3	ഡോക്യുമെന്റേഷൻ – തരങ്ങൾ	10	അവതരണം	എൽസിഡി പിപിടി
4	പ്രക്രിയ	10	അവതരണം	പിപിടി
5	സംശയനിവാരണം	5		എൽസിഡി പിപിടി

അവതരണ കുറിപ്പ് :
- വ്യത്യസ്തമായ ഡോക്യുമെന്റേഷൻ മാതൃകകൾ പരിചയപെടുത്തികൊണ്ട് ക്ലാസ് ആരംഭിക്കുക
- ഡോക്യുമെന്റേഷന്റെ പ്രാധാന്യത്തെക്കുറിച്ചും അവ എങ്ങനെയാണ പദ്ധതികളുടെ നടത്തിപ്പിന് ഗുണകരമാകുന്നതെന്നും ഉദാഹരണസഹിതം വിവരിച്ചുനൽകുക
- എത്തരത്തിലാണ് വിവരങ്ങൾ സമാഹരിച്ചു സൂക്ഷിക്കേണ്ടതെന്നും അവ എങ്ങനെ ഡോക്യുമെന്റ് ചെയ്യാമെന്നും വിശദമാക്കുക.



വിവിധ തരത്തിൽ ചെയ്യുന്ന ഡോക്യുമെന്റേഷന്റെ മാതൃകകൾ പരിചയപ്പെടുത്തുക

ആമുഖം

- പ്രവർത്തനങ്ങൾ/പദ്ധതികൾ/നടപടിക്രമങ്ങൾ എന്നിവയുടെയോ മറ്റിതര നടപടികളുടെയോ ഘട്ടം ഘട്ടമായുള്ള വിവരണ പ്രക്രിയയെ ഡോക്കുമെന്റേഷൻ എന്ന് പറയുന്നു
- ഏതൊരു പദ്ധതി നിർവഹഹണത്തിനും ഒഴിച്ചുകൂടാനാകാത്ത പ്രവർത്തനമാണ് കൃത്യവും സംഘടിതവുമായ ഡോക്യുമെന്റേഷൻ.
- ഹാർഡ്/ഡിജിറ്റൽ എന്നിവയാണ് പ്രധാന തരം
- ഡിജിറ്റൽ ഡോക്കുമെന്റേഷൻ – ഓഡിയോ, വീഡിയോ, ചിത്രങ്ങൾ
- ഡിജിറ്റൽ ഡോക്കുമെന്റേഷൻ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാവുന്നതാണ്.

പ്രാധാന്യവും സാധ്യതകളും

- പ്രവർത്തന ലക്ഷ്യങ്ങൾ ഓർമ്മിക്കാൻ നിത്യേനയുള്ള ഡോക്യുമെന്റേഷൻ സഹായിക്കുന്നു.
- പ്രവർത്തന പുരോഗതി മനസിലാക്കുവാനും നിരീക്ഷിക്കുവാനും സാധിക്കുന്നു.
- അവശ്യ വിവരങ്ങൾ, നടപടിക്രമങ്ങൾ, പ്രക്രിയകൾ എന്നിവ സ്വരൂപിക്കപ്പെടുന്നു.
- പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാവരും അവരുടെ കടമകൾ, ഉത്തരവാദിത്തങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ മനസ്സിലാക്കുന്നുവെന്ന് ഡോക്യുമെന്റേഷൻ ഉറപ്പാക്കുന്നു.
- പൊതുവായ ഒരു റഫറൻസ് രൂപം നൽകുന്നതിലൂടെ ഫലപ്രദമായ ആശയവിനിമയത്തെ സഹായിക്കുന്നു.
- ആവർത്തനം ഒഴിവാക്കുവാൻ ഉപകരിക്കുന്നു.
- ഡോക്യുമെന്റഡ് ആയുള്ള നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തനങ്ങളെ ഏകീകരിക്കുവാനും മികവുറ്റതാക്കാനും സഹായിക്കുന്നു. പ്രക്രിയകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും പിശകുകളോ തെറ്റിദ്ധാരണകളോ ഉണ്ടെങ്കിൽ അവ കുറയ്ക്കുകയും ചെയ്യുന്നു.
- പ്രവർത്തന പുരോഗതിയിലെ അപകടസാധ്യതകൾ തിരിച്ചറിയുന്നതിനും ലഘൂകരിക്കുന്നതിനും സഹായിക്കുന്നു.
- സമഗ്രമായ ഡോക്യുമെന്റേഷൻ നടത്തുന്നതിലൂടെ വിവിധ തരത്തിലുള്ള തീരുമാനമെടുക്കൽ പ്രക്രിയകളെയും ആശയരൂപീകരണത്തെയും പിന്തുണയ്ക്കാൻ കഴിയുന്ന സ്ഥിതിവിവരക്കണക്കുകളും മറ്റു ഡാറ്റയും നൽകുന്നു.
- ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സം നിന്ന/നിൽക്കുന്ന/നിൽക്കുവാൻ സാധ്യതയുള്ള അവസ്ഥകൾ മനസിലാക്കുവാനും അവ ഫലപ്രദമായി തരണം ചെയ്യുവാനും സാധിക്കുന്നു.
- സൂക്ഷ്മതലത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും മെച്ചപ്പെടുത്തുവാനും ഉപകരിക്കുന്നു.



- വാർഷിക തലത്തിലോ, കാലാവധി കഴിയുമ്പോഴോ തയാറാക്കേണ്ട പ്രവർത്തന റിപ്പോർട്ടിന് ഓർമ്മക്കുറിപ്പാകുന്നു.
- ഭാവിയിലേക്കുള്ള പ്രവർത്തനങ്ങൾക്കും ഉപകരിക്കുന്നു.

ഡോക്യുമെന്റേഷൻ പ്രക്രിയയുടെ മാതൃക

- ഡ്രാഫ്റ്റിംഗ്
- ഫോർമാറ്റിങ്
- സമർപ്പണം / അവതരണം
- വിലയിരുത്തൽ/ അവലോകനം
- അംഗീകാരം
- പ്രസിദ്ധീകരണം
- വിതരണം

ഡോക്യുമെന്റേഷൻ – കേസ് സ്റ്റഡി രൂപരേഖ

കേസ് സ്റ്റഡി നടത്തുന്നതിലൂടെ ക്ലയന്റിൻറെ [കുട്ടികൾ, മുതിർന്നവർ തുടങ്ങിയവർ] സാഹചര്യം, പശ്ചാത്തലം, പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ, മാറ്റം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിക്കുവാനും അവതരിപ്പിക്കുവാനും സാധിക്കുന്നു. ഒരു കേസ് സ്റ്റഡി ഫലപ്രദമായി രൂപപ്പെടുത്തുന്നതിന് ഉപയോഗിക്കാവുന്ന ഒരു രൂപരേഖ ചുവടെ സൂചിപ്പിക്കുന്നു.

1	ആമുഖം	മുന്നിലുള്ള ക്ലയിന്റിന്റെ ആമുഖ വിവരണം നൽകുക
2	പശ്ചാത്തലം	ക്ലയന്റിന്റെ പശ്ചാത്തലം പഠിച്ച ശേഷം വിവരിക്കുക. പരിഹാരം തേടാൻ പ്രേരിപ്പിച്ച ചിന്തകളോ, ലക്ഷ്യങ്ങളോ വെല്ലുവിളികളോ അവതരിപ്പിക്കുക.
3	നേരിടുന്ന വെല്ലുവിളികൾ	പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ് അനുഭവിക്കുന്നത് എന്ന് വിവരിക്കുക. അതിൽ ആദ്യം പരിഹരിക്കേണ്ട പ്രശ്നത്തെ മുൻഗണനാടിസ്ഥാനത്തിൽ ക്രമീകരിക്കുക.
4	പരിഹാരം	ക്ലയന്റിന്റെ സഹായത്തോടെ പ്രശ്നങ്ങൾക്ക് പരിഹാര സാധ്യതകൾ തയാറാക്കുക. ഓരോ പരിഹാരത്തിന്റെയും ഗുണദോഷങ്ങൾ വിവരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുക. പരിഹാരം വികസിപ്പിക്കുന്നതിനോ നടപ്പിലാക്കുന്നതിനോ സ്വീകരിച്ച പ്രക്രിയ കൂടി വിശദീകരിക്കുക.
5	നടപ്പാക്കലും തന്ത്രവും	പരിഹാരം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ രേഖപ്പെടുത്തുക. ഉപയോഗിച്ച തന്ത്രങ്ങളും രീതിശാസ്ത്രവും കൂടി രേഖപ്പെടുത്തുക.
6	ഫലം/മാറ്റം/ പുരോഗതി	ക്ലയന്റിന് ഉണ്ടായ മാറ്റങ്ങളും പുരോഗതിയും രേഖപ്പെടുത്തുക.
7	പഠിച്ച പാഠങ്ങൾ	ക്ലയന്റിനെ സഹായിച്ച കാലയളവിൽ അഭിമുഖീകരിച്ച പ്രധാന പ്രശ്നങ്ങളും അവ എങ്ങനെ തരണം ചെയ്തു എന്നതും രേഖപെടുത്തുന്നതിലൂടെ തുടർന്നുള്ള മറ്റു ഇടപെടലുകൾക്ക് ഗുണം ചെയ്യും.
8	ഉപസംഹാരം	ക്ലയന്റ് നേടിയ വിജയം/ മാറ്റം എന്നിവ സംഗ്രഹിക്കുക.





ഡോക്യുമെന്റേഷൻ
A
B
C
KERALA INSTITUTE OF LOCAL ADMINISTRATION


ഡോക്യുമെന്റേഷൻ
പ്രവർത്തനങ്ങൾ /പദ്ധതികൾ/നടപടിക്രമങ്ങൾ എന്നിവയുടെയോ മറ്റിതര നടപടികളുടെയോ ഘട്ടം ഘട്ടമായുള്ള വിവരണ പ്രക്രിയയെ ഡോക്യുമെന്റേഷൻ എന്ന് പറയുന്നു
ഏതൊരു പദ്ധതി നിർവ്വഹണത്തിനും ഒഴിച്ചുകൂടാനാകാത്ത പ്രവർത്തനമാണ് കൃത്യവും സംഘടിതവുമായ ഡോക്യുമെന്റേഷൻ.


ഡോക്യുമെന്റേഷൻ
ഹാർഡ്/ഡിജിറ്റൽ എന്നിവയാണ് പ്രധാന തരം
ഡിജിറ്റൽ ഡോക്യുമെന്റേഷൻ - ഓഡിയോ, വീഡിയോ, ചിത്രങ്ങൾ
ഡിജിറ്റൽ ഡോക്യുമെന്റേഷൻ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാവുന്നതാണ്.


പ്രാധാന്യവും സാധ്യതകളും
പ്രവർത്തന ലക്ഷ്യങ്ങൾ ഓർമ്മിക്കാൻ
പുരോഗതി മനസിലാക്കുവാനും നിരീക്ഷിക്കുവാനും
അവശ്യ വിവരങ്ങൾ, നടപടിക്രമങ്ങൾ, പ്രക്രിയകൾ എന്നിവ സ്വരൂപിക്കപ്പെടുന്നു.
പൊതുവായ ഒരു റഫറൻസ് രൂപം
ആവർത്തനം ഒഴിവാക്കുവാൻ ഉപകരിക്കുന്നു.
പ്രവർത്തന പുരോഗതിയിലെ അപകടസാധ്യതകൾ തിരിച്ചറിയുന്നതിനും ലഘൂകരിക്കുന്നതിനും സഹായിക്കുന്നു


പ്രാധാന്യവും സാധ്യതകളും
ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സം നിന്ന/നിൽക്കുന്ന/നിൽക്കുവാൻ സാധ്യതയുള്ള അവസ്ഥകൾ മനസിലാക്കുവാനും അവ ഫലപ്രദമായി തരണം ചെയ്യുവാനും സാധിക്കുന്നു.
സൂക്ഷ്മതലത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും മെച്ചപ്പെടുത്തുവാനും ഉപകരിക്കുന്നു.
വാർഷിക തലത്തിലോ, കാലാവധി കഴിയുമ്പോഴോ തയാറാക്കേണ്ട പ്രവർത്തന റിപ്പോർട്ടിന് ഓർമ്മക്കുറിപ്പാകുന്നു.
ഭാവിയിലേക്കുള്ള പ്രവർത്തനങ്ങൾക്കും ഉപകരിക്കുന്നു.


ഡോക്യുമെന്റേഷൻ പ്രക്രിയ
പ്ലാനിംഗ്
ഫോർമാറ്റിങ്
സമർപ്പണം / അവതരണം
വിലയിരുത്തൽ/ അവലോകനം
അംഗീകാരം
പ്രസിദ്ധീകരണം
വിതരണം




ഡോക്യുമെന്റേഷൻ - കേസ് സ്റ്റഡി രൂപരേഖ
ആമുഖം
പശ്ചാത്തലം
നേരിട്ടന്ന വെല്ലുവിളികൾ
പരിഹാരം
നടപ്പാക്കലും തന്ത്രവും
ഫലം/മാറ്റം/ പുരോഗതി
പഠിച്ച പാഠങ്ങൾ
ഉപസംഹാരം


നന്ദി

